RNI Reg. No. KERMAL/2010/32222
Registered KL/TLY/ 01/19-21
Anl. Sub. Rs. 120

# മാനന്തവാടി
## രൂപതാ ബുള്ളറ്റിൻ



*Vol.11* *2020 May* *No. 5*

# ഉള്ളടക്കം


സർക്കുലർ..........3
സർക്കുലർ..........24
സർക്കുലർ..........36
സർക്കുലർ..........40
സർക്കുലർ..........49
രൂപതാ കച്ചേരി വാർത്തകൾ..........52
ചെറുപുഷ്പമിഷൻലീഗ്..........53
*Department of Youth Ministry*..........58
കെ. സി. വൈ. എം..........62
കുടുംബ പ്രേഷിതത്വം..........68
ദ്വാരക സിയോൺ ധ്യാനകേന്ദ്രം..........72
സാമൂഹ്യ സേവനരംഗം (WSSS)...........73
BIOWIN AGRO RESEARCH...........78
റേഡിയോ മാറ്റൊലി..........80
സെൻറ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ..........83
Mary Matha College..........86

JOSE PORUNNEDOM
BISHOP OF MANANTHAVADY

Circular No. 11/2020
Proto. No.22995/2020

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഹോദരങ്ങളെ, വാൽസ്യല്യമുള്ള കുട്ടികളേ,

കൊറോണാ വൈറസ് എന്ന മഹാമാരിയെ ഉന്മൂലനം ചെയ്യാൻ അഹോരാത്രം പണിപ്പെട്ടുകൊണ്ടിരിയ്ക്കുന്ന ഒരു ജനതയാണ് ഇന്ന് നമ്മുടെ മുന്നിലുള്ളത്. നമ്മളും അതിൽ ഭാഗഭാക്കുകളാണ്. കേന്ദ്ര സർക്കാരും സംസ്ഥാനസർക്കാരുകളും പ്രാദേശിക ഭരണകർത്താക്കളും എല്ലാം ഒട്ടനവധി പദ്ധതികൾ അതിനായി തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമാണ് ഇപ്പോഴത്തെ സമ്പൂർണ്ണ അടച്ചിടൽ. ഈ അവസ്ഥ നമുക്കുണ്ടാക്കുന്ന അസൗകര്യങ്ങൾ ചില്ലറയല്ല. പക്ഷെ നമുക്കും നമ്മുടെ സമൂഹത്തിനും നിലനില്ക്കണം. ഈ ബാധയിൽ നിന്ന് മുക്തമാകണം. ഇനി ആവർത്തിയ്ക്കാതിരിയ്ക്കണം. അതിനുള്ള മുൻകരുതലുകൾ എന്ന നിലയിൽ ഈ നടപടികളോട് നമ്മൾ പൂർണ്ണമായും സഹകരിയ്ക്കണം. ചെറിയൊരു നിസ്സഹകരണം മതി വലിയൊരു ദുരന്തം ഉണ്ടാകാൻ. അത് നമ്മൾ ഏതു വില കൊടുത്തും ഒഴിവാക്കണം. അതിന്റെ ഭാഗമായിട്ടാണ് ആരും അനാവശ്യമായി പുറത്തിറങ്ങരുതെന്നും ആരാധനാലയങ്ങളിൽ വിശ്വാസിസമൂഹം ഒരുമിച്ചുള്ള ചടങ്ങുകൾ ഒന്നും നടത്താൻ പാടില്ല എന്നും ആവശ്യപ്പെട്ടിരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ ക്രൈസ്തവസമൂഹം എന്നും ഒരു പടി മുമ്പിലായിരുന്നു. ഇനിയും അങ്ങനെ തന്നെ വേണം.

**അകലം പാലിക്കുക**

നമ്മുടെ നാട് ഈ പകർച്ചവ്യാധിയുടെ മൂന്നാം ഘട്ടത്തിലേയ്ക്ക് ഇതുവരെ പ്രവേശിച്ചിട്ടില്ല എന്നത് ആശ്വാസകരമാണ്. എന്നാൽ ആ ഘട്ടം എപ്പോൾ വേണമെങ്കിലും സംജാതമാകാം. സമൂഹവ്യാപനമെന്നതാണ് ആ മൂന്നാം ഘട്ടം. അതായത് ആരിൽ നിന്നാണ് ഒരാൾക്ക് രോഗബാധയുണ്ടായത് എന്നറിയാൻ പറ്റാത്ത ഘട്ടമാണത്. അതുകൊണ്ട് തന്നെ രോഗിയായ വ്യക്തിയോ അയാൾക്ക് രോഗം പകർന്ന് കൊടുത്ത വ്യക്തിയോ മറ്റ് എത്ര

പേർക്ക് കൊടുത്തിട്ടുണ്ടാകും എന്ന് യാതൊരു വിവരവും കിട്ടുകയില്ല. അതിനാൽ തന്നെ ചികിൽസയും ഏതാണ്ട് അസാദ്ധ്യമായി മാറും. അതുകൊണ്ടാണ് ആളുകൾ പരസ്പരം അടുത്തു വരുന്ന ഏതൊരു സാഹചര്യത്തെയും ഒഴിവാക്കണം എന്ന് ആവശ്യപ്പെടുന്നത്.

സാമൂഹ്യമായ അകലം പാലിക്കുക എന്നതാണ് വൈറസിനെ പ്രതിരോധിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം. എന്നാൽ അകലം പാലിക്കുന്നതിന്റെ ഭാഗമാണെന്ന് പറഞ്ഞ് രോഗം ബാധിച്ചവരെയും അങ്ങനെയുള്ളവരുടെ ബന്ധുമിത്രങ്ങളെയും വിദേശത്ത് നിന്ന് വന്നവരെയും മറ്റും സമൂഹഭൃഷ്ട് കല്പിച്ച് മാറ്റി നിർത്തുന്നതും ആട്ടിയോടിക്കുന്നതും ശരിയല്ല. അതു ക്രൈസ്തവമല്ല, മനുഷ്യത്വം പോലുമല്ല.

**രോഗം പകരാതെ സൂക്ഷിക്കുക ദൈവനിയമാണ്**

ചില പ്രത്യേക രോഗമുള്ളവർ, പ്രത്യേകിച്ച് പകർച്ച വ്യാധികളുള്ളവർ, അനുഷ്ഠിക്കേണ്ട നടപടികളെക്കുറിച്ച് പഴയനിയമത്തിൽ വളരെയധികം നിയമങ്ങൾ കാണാവുന്നതാണ്. അവയെ ദൈവിക കല്പനകളായിട്ടാണ് അവതരിപ്പിച്ചിരിയ്ക്കുന്നത്. കാരണം രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകൾ ദൈവം തന്നെ ആവശ്യപ്പെടുന്നതാണ്. മാത്രമല്ല രോഗം മാറിയാൽ പുരോഹിതനെ കാണിച്ച് സർട്ടിഫിക്കറ്റ് വാങ്ങേണ്ടിയിരുന്നു. മനുഷ്യരുടെ സ്വഭാവമനുസരിച്ച് എത്രയും പെട്ടെന്ന് രോഗം ഭേദമായി എന്ന് പറയാനാണല്ലോ തോന്നുക. അതുകൊണ്ടാണ് മറ്റൊരാൾ അത് ആധികാരികമായി പറയേണ്ടി വരുന്നത്. ഇതിനെല്ലാം പുറമെ ദൈവാലയത്തിൽ കാഴ്ച കൊടുക്കുകയും വേണമായിരുന്നു. രോഗശാന്തി കിട്ടുമ്പോൾ ദൈവത്തിന് നന്ദി പറയണം എന്നർത്ഥം.

സർക്കാരുകളുടെ പ്രവർത്തനങ്ങൾ സാധാരണ സാഹചര്യങ്ങളിൽ നമ്മൾ വിമർശിക്കുമെങ്കിലും പകർച്ചവ്യാധി പോലെയുള്ള അസാധാരണ ഘട്ടങ്ങളിൽ അവർ പറയുന്നത് അക്ഷരം പ്രതി അനുസരിച്ചേ മതിയാകൂ. അവരും ദൈവത്തിന്റെ പ്രതിനിധികളായിട്ടാണ് വി. ഗ്രന്ഥം അവതരിപ്പിക്കുന്നത്. അതുകൊണ്ടാണ് അവരെ അനുസരിക്കണം എന്ന് പറയുന്നത്. പൗലോശ്ലീഹാ ഇക്കാര്യം വളരെ വ്യക്തമായി

അനുശാസിക്കുന്നുണ്ട്. അവർക്ക് വേണ്ടി പ്രാർത്ഥിയ്ക്കണം എന്നതും ദൈവകല്പന തന്നെയാണ്.

**സാമ്പത്തിക ഇടപാടുകൾ**

കൊറോണാ വൈറസ് പകരുന്ന ഒരു പ്രധാന മാദ്ധ്യമമാണ് നോട്ടുകൾ. നമ്മുടെ കയ്യിൽ കിട്ടുന്ന നോട്ടുകൾ ആരുടെയെല്ലാം കയ്യിൽ, എവിടെയെല്ലാം കറങ്ങി തിരിഞ്ഞാണ് വരുന്നത് എന്ന് നമുക്കറിഞ്ഞുകൂടാ. അതുകൊണ്ട് കഴിവതും നോട്ടിന്റെ ഉപയോഗം കുറച്ച് ഓൺലൈൻ രീതികളിലൂടെ പണമിടപാടുകൾ നടത്തുക. ഒരു ബാങ്ക് അക്കൗണ്ട്, അക്കൗണ്ട് തുറക്കുന്ന സമയത്ത് രജിസ്റ്റർ ചെയ്ത നമ്പരും ഇന്റർനെറ്റ് കണക്ഷനും ഉള്ള ഒരു മൊബൈൽ ഫോൺ, ഒരു ഡെബിറ്റ് അഥവാ എ.ടി.എം. കാർഡ്, ഇത്രയുമുണ്ടെങ്കിൽ ഏതൊരാൾക്കും മൊബൈൽ ഉപയോഗിച്ച് പണമിടപാടുകൾ നടത്താവുന്നതാണ്. അതിനായി സർക്കാർ തന്നെ ഭീം **(BHIM)** എന്ന ഒരു മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. അത് സൗജന്യവുമാണ്. അതുപോലെ പല സ്വകാര്യ കമ്പനികളും എല്ലാ ബാങ്കുകളും ഈ സൗകര്യം നല്കുന്നുണ്ട്. നമ്മുടെ കുട്ടികൾ ഇക്കാര്യങ്ങളിലെല്ലാം അതിവിദഗ്ധരുമാണ്. രോഗം പകരാതിരിക്കും എന്ന് മാത്രമല്ല, ബാങ്കിൽ പോകുകയോ ചില്ലറ അന്വേഷിക്കുകയോ ഒന്നും വേണ്ട. വീടുകളിൽ മീൻവില്പന നടത്തുന്നവർക്ക് പോലും ഇപ്രകാരം കൊടുക്കാവുന്നതാണ്. ഈ രീതിയിൽ പണം കൊടുക്കുമ്പോൾ മിക്ക കമ്പനികളും ചെറിയൊരു തുക തിരികെ നല്കുന്ന കാഷ് ബാക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുമുണ്ട്.

വാസ്തവത്തിൽ നമ്മുടെ നാടിനെ ഒരു പരിധി വരെയെങ്കിലും അഴിമതി മുക്തമാക്കാൻ ഏറ്റവും പറ്റിയ അവസരമാണിത്. നമ്മുടെ ഇടവകകളും സമർപ്പിതസമൂഹങ്ങളും സ്ഥാപനങ്ങളും എന്നു തന്നെയല്ല കുടുംബങ്ങളും എല്ലാം ഈ രീതിയിലേയ്ക്ക് മാറുന്നത് ഏറ്റവും ഉചിതമാണ്. ഇപ്പോൾ എല്ലാവരും വീട്ടിലുള്ളതുകൊണ്ട് ഇക്കാര്യങ്ങൾ ചെയ്യുന്ന രീതികൾ പഠിയ്ക്കുന്നതിന് ധാരാളം സമയം കിട്ടും. മിക്ക വീടുകളിലും തന്നെ ഈ മേഖലയിൽ നല്ല അറിവുള്ളവർ ഉണ്ടാകും. അവർക്ക് ഓൺലൈൻ ആയി മറ്റുള്ളവരെയും പഠിപ്പിക്കാവുന്നതേയുള്ളു.

ഇടവകയുടെ സാമ്പത്തിക കാര്യങ്ങളും ഈ രീതിയിൽ ചെയ്യുകയാണെങ്കിൽ കണക്കെഴുതുന്നത് വളരെ എളുപ്പമാകും. തെറ്റുകൾ കുറയും; അതോടൊപ്പം പരാതികളും കുറയും. ബിഷപ്പ്സ് ഹൗസിൽ നിന്ന് ഏർപ്പെടുത്തിയിരിക്കുന്ന ഓൺ ലൈൻ അക്കൗണ്ടിംഗ് കൂടി പൂർണ്ണമായി സ്വീകരിച്ചാൽ നമ്മൾ ചെയ്യുന്ന വലിയൊരു സേവനവും മാതൃകയും ആയിരിക്കും. ക്രൈസ്തവസഭയെന്നും സമൂഹത്തിലെ മാറ്റങ്ങളുടെ മുൻപന്തിയിലുണ്ടായിരുന്നു എന്ന് പറഞ്ഞല്ലോ. ഈ കാര്യത്തിലും നമുക്ക് മാതൃകയാകാം.

മദ്യവും മയക്കുമരുന്നും എല്ലാം ഒരു പരിധി വരെയെങ്കിലും നിയന്ത്രിയ്ക്കാൻ ഉപകരിയ്ക്കുന്ന ഒരു സംവിധാനമാണ് ഓൺലൈൻ സാമ്പത്തിക ഇടപാടുകൾ. മദ്യവർജ്ജനത്തിനും മദ്യനിരോധനത്തിനും വേണ്ടി നമ്മൾ ഒരുപാട് സമയവും ഊർജ്ജവും ചെലവഴിക്കുന്നുണ്ടല്ലോ. ഓരു പക്ഷെ ഡിജിറ്റൽ ഇടപാടുകൾ ആ മേഖലയിലേക്കും വ്യാപിപ്പിക്കുകയാണെങ്കിൽ മദ്യപാനത്തിൽ അല്പമെങ്കിലും കുറവ് ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. കാരണം അക്കൗണ്ടിൽ നിന്നാണല്ലൊ ഓൺ ലൈൻ ഇടപാടുകൾ നടക്കുന്നത്. കുറെയധികം പണം അക്കൗണ്ടിൽ വന്നു കഴിയുമ്പോൾ അത് കൂടുതലായി ചെലവഴിക്കാൻ ചിലരെങ്കിലും മടി കാണിച്ചെന്ന് വരാം. വീട്ടുകാർക്ക് അക്കൗണ്ടിന്റെ മേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും കഴിയും.

മദ്യവില്പനകേന്ദ്രങ്ങളുടെ മുമ്പിലുള്ള ക്യൂ ആണല്ലൊ ഇല്ലാതാകാൻ സർക്കാർ ഏറ്റവും പ്രയാസപ്പെട്ടത്. അവരിൽ നിന്നും പരസ്പരം രോഗം പകരാനുള്ള സാദ്ധ്യത വളരെ കൂടുതലായിരുന്നു. അവിടെ പരിപൂർണ്ണ ഡിജിറ്റൽ പെയ്മെന്റ് ഏർപ്പെടുത്തിയാൽ പല തരത്തിൽ അത് ഉപകാരപ്പെടും. അവർ കൈകാര്യം ചെയ്ത നോട്ടുകൾ മറ്റുള്ളവരുടെ കൈകളിൽ എത്തുന്നത് അങ്ങനെ തടയാൻ കഴിയും. ഈ രീതി ആ വില്പന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്നവർക്കു രോഗം പകരാതിരിക്കാൻ സഹായകമാകും.

**വ്യാജവാർത്ത പ്രചരിപ്പിക്കരുത്**

പരിഭ്രാന്തി പരത്തുന്ന തരത്തിലുള്ള വാർത്തകൾ പ്രചരിപ്പിക്കാതിരിയ്ക്കുക വ്യാജവാർത്തകളാൽ പരിഭ്രാന്തയാവരെ നിജസ്ഥിതി പറഞ്ഞു

മനസ്സിലാക്കുകയും ചെയ്യുക. സമൂഹമാധ്യമങ്ങളിൽ വരുന്ന പല വാർത്തകളും അവാസ്തവമാണ്. അത് അക്ഷരരൂപത്തിലും ചിത്രരൂപത്തിലും എല്ലാം വന്നെന്ന് വരാം. അതാരും ഫോർവേഡ് ചെയ്യാതിരിക്കണം. *നീ വ്യാജവാർത്ത പ്രചരിപ്പിക്കരുത്* (പുറ. 23,1) എന്ന തിരുവചനം നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. സ്വയം തയ്യാറാക്കിയ വ്യാജവാർത്ത പ്രചരിപ്പിക്കുന്നത് മാത്രമല്ല അങ്ങനെയുള്ളവ ഫോർവേഡ് ചെയ്യുന്നതും ക്രൈസ്തവവിശ്വാസത്തിന് വിരുദ്ധമാണ്.

വ്യാജവാർത്തകൾ മാത്രമല്ല കിട്ടുന്നതെന്തും ഫോർവേഡ് ചെയ്യുന്ന സ്വഭാവവും നന്നല്ല. ജലം പോലെ തന്നെ നെറ്റ് വർക്ക് ബാൻഡ് വിഡ്തും അമൂല്യമാണ്. അനാവശ്യ കാര്യങ്ങൾ അയക്കാൻ അവ ഉപയോഗിച്ചാൽ അത്യാവശ്യ കാര്യങ്ങൾ അയക്കാൻ പറ്റാതെ വരും. മൊബൈൽ കമ്പനികളുടെ നെറ്റ് വർക്കുകൾ സാവധാനമാകുകയോ തീർത്തും പ്രവർത്തന ക്ഷമമല്ലാതാവുകയോ ചെയ്യും. നമ്മളെല്ലാം പല വാട്ട്സാപ്പ് ഗ്രൂപ്പുകളിലും അംഗങ്ങളായതുകൊണ്ട് ഏതെങ്കിലുമൊക്കെ ഗ്രൂപ്പുകളിൽ നിന്ന് അറിഞ്ഞ വാർത്തകൾ തന്നെയായിരിക്കും ഫോർവേഡ് ചെയ്യപ്പെടുന്നത്. അനാവശ്യ കാര്യങ്ങൾ അയക്കുന്നവരും ഫോർവേഡ് ചെയ്യുന്നവരും മറ്റുള്ളവരുടെ മൊബൈൽ ഫോണുകളുടെ സംഭരണ ശേഷി പെട്ടെന്ന് കുറയാൻ കാരണമാകുകയും അങ്ങനെ അവയുടെ പ്രവർത്തനം വളരെ മന്ദഗതിയിലാകുകയും ചെയ്യും. അവരുടെയും ഡേറ്റ പെട്ടെന്ന് തീരുന്നതുകൊണ്ട് കൂടുതൽ പ്രാവശ്യം റിചാർജ്ജ് ചെയ്യേണ്ടിയും വരും. ഇതിനെല്ലാറ്റിനും പുറമെ പ്രധാനപ്പെട്ട പല അറിയിപ്പുകളും അനാവശ്യകാര്യങ്ങളിൽ പെട്ട് അറിയാതെ പോകുകയും ചെയ്യും. അതെല്ലാം ഒഴിവാക്കേണ്ടതാണ്.

### പൊസിറ്റീവ് എനർജി നല്കുക

ഭയപ്പെടുത്തുന്ന വാർത്തകളല്ല, പ്രത്യാശ കൊടുക്കുന്ന വാർത്തകളാണ് കൊടുക്കേണ്ടത്. രോഗം ബാധിച്ച എല്ലാവരുമൊന്നും മരിക്കുന്നില്ല. രക്ഷപ്പെടാനുള്ള സാദ്ധ്യത ഏറെയുണ്ടു താനും. ഈ പ്രതിസന്ധി സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെങ്കിലും ഒരു ഉയിർത്തെഴുന്നേല്പ് സാദ്ധ്യമാണ്.

**ആവശ്യക്കാരെ കണ്ടെത്തി സഹായിക്കുക**

അധികാരപ്പെട്ടവരുടെ അനുവാദം ഇല്ലാതെ പുറത്ത് പോകാനോ മറ്റുള്ളവരുമായി അടുത്തിഴപഴകാനോ അനുവാദമില്ലാത്തതിനാൽ നമ്മുടെ സഹായം കൊടുക്കാൻ തയ്യാറാണ് എന്ന വിവരം ബന്ധപ്പെട്ടവരെ അറിയിക്കുക എന്നതാണ് പ്രധാനമായും ചെയ്യേണ്ടത്. ഇന്ന് ഒരുപാട് കാര്യങ്ങളും സ്വന്തം വീട്ടിൽ ഇരുന്നുകൊണ്ട് തന്നെ ചെയ്യാവുന്നതാണ്. ഓരോ വീട്ടുകാരും അയൽപക്കത്തുള്ള ഒന്നോ രണ്ടോ വീട്ടുകാരുടെ കാര്യത്തിൽ ശ്രദ്ധയുള്ളവരായിരിക്കുക. ഏത് തരത്തിലുള്ള സഹായം ആണ് ആവശ്യമുള്ളതെന്നും എത്രമാത്രം വേണം എന്നും മറ്റും അന്വേഷിച്ചറിഞ്ഞ് ആവശ്യമെങ്കിൽ ബന്ധപ്പെട്ടവരെ വിവരം അറിയിക്കുക. ഇതിനായി ഇടകവകളിലും കുടുംബകൂട്ടായ്മകളിലും വാട്ട്സ് ആപ്പ് കൂട്ടായ്മ തുടങ്ങിയ സമൂഹമാദ്ധ്യമങ്ങളെ ഉപയോഗപ്പെടുത്താവുന്നതാണ്..

ഇടവകയിലെ സമർപ്പിത ഭവനങ്ങളും സംഘടനകളും ആ ഇടവകയിലെ ഒരു നിശ്ചിത എണ്ണം വീടുകളുമായി എല്ലാ ദിവസവും ബന്ധപ്പെടുകയും അവരുടെ സുഖവിവരങ്ങൾ തിരക്കുകയും ആവശ്യങ്ങൾ ചോദിച്ചറിയുകയും ചെയ്യുക ഉചിതമാണ്. അടച്ചിടലിന്റെ ഈ അവസ്ഥയിൽ ചിലരെങ്കിലും മാനസികമായി തളർന്നെന്ന് വരാം. അവർക്ക് നിങ്ങളുടെ വിളി ഒരു ആശ്വാസമാകാം. ചുരുക്കം ചില വീടുകളിലെങ്കിലും ക്വാറന്റൈനിൽ കഴിയുന്നവരും ഉണ്ടാകാം. അവരുമായും എല്ലാ ദിവസവും ഒരു മിനിട്ടെങ്കിലും സംസാരിക്കുക. അങ്ങനെ വിളിക്കുന്നത് ഇഷ്ടപ്പെടാത്തവരുണ്ടാകും. അതു തിരിച്ചറിഞ്ഞ് അവർ ആവശ്യപ്പെടുമ്പോൾ മാത്രം സഹായമെത്തിക്കുക.

**സ്ഥാപനങ്ങളും കെട്ടിടങ്ങളും വിട്ടുകൊടുക്കുക**

വൈറസ് വ്യാപനം മൂന്നാം ഘട്ടത്തിലേക്ക് കടന്നാൽ രോഗം ബാധിക്കുന്നവരുടെ എണ്ണം പെട്ടെന്ന് ഉയരും. അപ്പോൾ അവരെ മാറ്റിപ്പാർപ്പിക്കാൻ അല്ലെങ്കിൽ ചികിൽസിക്കാൻ കൂടുതൽ സ്ഥലസൗകര്യം വേണ്ടി വരും. മാനന്തവാടി ഗവൺമെന്റ് ജില്ലാ ആശുപത്രി കൊറോണാ ബാധിച്ചവരെ ചിൽസിക്കാൻ മാത്രമായി നീക്കി വച്ചിരിക്കുകയാണ്. അതുകൊണ്ട് മറ്റ് രോഗമുള്ളവർ മറ്റ് ആശുപത്രികളിൽ പോകേണ്ടതായി വരുന്നു. ഈ സാഹചര്യത്തിൽ രൂപതയുടെ ഉടമസ്ഥതയിലുള്ള സെന്റ്

ജോസഫ് മിഷൻ ആശുപത്രിയുടെ ഒരു വിംഗ് സർക്കാർ ആശുപത്രിയിൽ എത്തുന്ന രോഗികൾക്കായി നീക്കി വച്ചു കഴിഞ്ഞു. ഇക്കാര്യം അധികൃതര അറിയിച്ചിട്ടുമുണ്ട്. നമ്മുടെ ആശുപത്രിയുടെ എല്ലാ സൗകര്യങ്ങളും പ്രത്യേക ചാർജ്ജൊന്നുമില്ലാതെ അവർക്ക് സജന്യമായി ഉപയോഗിക്കാവുന്നതാണ്. അങ്ങനെ പ്രവേശിപ്പിക്കപ്പെടുന്ന രോഗികൾക്ക് ആവശ്യമായ മരുന്നും പരിചരണവും നല്കുന്നത് ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരും നേഴ്സുമാരും ആയിരിക്കും. അതുപോലെ തന്നെ വിൻസെന്റ്ഗിരി ആശുപത്രിയിലും സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഇതോടൊപ്പം തന്നെ രൂപതയുടെ കീഴിലുള്ള ഏതൊരു സ്ഥാപനത്തിന്റെയും കെട്ടിടം അത്യാവശ്യഘട്ടങ്ങളിൽ സർക്കാരിന്റെ ആവശ്യങ്ങൾക്കായി വിനിയോഗിക്കാൻ വിട്ടുകൊടുക്കുന്നതാണ്. നമ്മുടെ ഇടവകകളും സമർപ്പിതസമൂഹങ്ങളും ഇപ്രകാരം ചെയ്യാൻ തയ്യാറാകണം എന്ന് അഭ്യർത്ഥിക്കുന്നു. സ്നേഹിതനു വേണ്ടി ജീവൻ ബലികഴിക്കുന്നതിലും വലിയ സ്നേഹമില്ലല്ലൊ.

**സമർപ്പിതരുടെയും യുവാക്കളുടെയും സേവനം**

അനേകം യുവതീയുവാക്കളും സമർപ്പിതരും സർക്കാരിനോട് ചേർന്ന് സന്നദ്ധ സേവനം ചെയ്യാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. അവരുടെ കൂടെ കൗൺസിലിംഗ് നടത്തുന്നവരും മറ്റ് പല മേഖലകളിലും പ്രവർത്തിക്കുന്നവരും ഊണ്ട്. കെ.സി.വൈ.എം., യൂത്ത് മിനിസ്ട്രി, മിഷൻ ലീഗ്, കമില്ലിയൻ ടാസ്ക് ഫോഴ്സ് തുടങ്ങിയവർ ഇത്തരത്തിൽ സേവനത്തിന് തായാറാണെന്ന് അറിയിച്ചിട്ടുണ്ട്.

**റേഡിയോ മാറ്റൊലിയുടെ സേവനം**

രൂപതയുടെ സാമൂഹ്യപ്രവർത്തന വിഭാഗം നടത്തുന്ന റേഡിയോ മാറ്റൊലി വയനാട്ടിലും വയനാടിന് പുറത്ത് ഏതാനും സ്ഥലങ്ങളിലും ലഭ്യമാണ്. റേഡിയോ മാറ്റൊലി മൊബൈൽ ആപ്പിലൂടെ ലോകമെമ്പാടുമുള്ളവർക്ക് ഈ സ്റ്റേഷനിൽ നിന്നുള്ള പ്രക്ഷേപണം കേൾക്കാം. സർക്കാരിന്റെ അറിയിപ്പുകളും മറ്റും അപ്പപ്പോൾ തൽസമയം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഈ റേഡിയോ സ്റ്റേഷന്റെ സേവനം 24 മണിക്കൂറും ലഭ്യമാണ്. കൊറോണാ വൈറസ് വ്യാപനം സംബന്ധമായ

വിവരങ്ങൾ റേഡിയോയിൽ നിന്ന് ക്രമമായി നല്കി വരുന്നുണ്ട്. സർക്കാർ ഉദ്യോഗസ്ഥർക്കും മറ്റ് അധികൃതർക്കും ഏതു വിവരവും നിമിഷങ്ങൾക്കകം ജനങ്ങളിലേക്ക് എത്തിക്കാൻ റേഡിയോ മാറ്റൊലി പ്രതിജ്ഞാ ബദ്ധമാണ്.

**എന്തുകൊണ്ട് കൊറോണാ വൈറസ് എന്ന മഹാമാരി?**

ഇന്ന് ജീവിച്ചിരിയ്ക്കുന്ന ആരുടെയും തന്നെ ഓർമ്മയിൽ ഇത്തരത്തിലുള്ളഒരു പ്രതിസന്ധി ഉണ്ടാകാൻ വഴിയില്ല. പ്രത്യേകിച്ച് വലിയ നോമ്പിലും അതിന്റെ അവസാനമുള്ള വലിയ ആഴ്ചയിലും പള്ളിയിൽ തിരുക്കർമ്മങ്ങൾ ഉണ്ടാകാതിരിയ്ക്കുന്ന അവസ്ഥ നമുക്ക് ചിന്തിയ്ക്കാൻ പോലും ആകുമായിരുന്നില്ല. എന്നാൽ ഇന്ന് അതൊരു യാഥാർത്ഥ്യമാണ്. ഈ നോമ്പുകാലത്തും വലിയ ആഴ്ചയിലും നമ്മുടെ ദൈവാലയങ്ങളിൽ തിരുക്കർമ്മങ്ങൾ എല്ലാവരെയും പങ്കെടുപ്പിച്ച് കൊണ്ട് നടത്തപ്പെടുകയില്ല എന്ന് നമ്മൾ തിരിച്ചറിയുന്നു. എന്തുകൊണ്ട് ദൈവം ഇതനുവദിച്ചു? ഉത്തരം വിശ്വാസത്തിന്റെ കണ്ണുകളിലൂടെ മാത്രമേ കണ്ടെത്താൻ കഴിയുകയുള്ളു.

നമ്മൾ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഈ ലോകത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളും ദൈവത്തിന്റെ അറിവോടു കൂടി തന്നെയാണ്. അതിന് ദൈവത്തിന് ഒരു കാരണമുണ്ടാകും, അതിനൊരു ലക്ഷ്യമുവുണ്ടാകും. അവയെ നമ്മൾ മനുഷ്യർ വിവേചിച്ചറിയുക എന്നതാണ് കരണീയമായിട്ടുള്ളത്. ഏതാനും ദിവസങ്ങളായി നമ്മൾ വീടുകളിൽ അടച്ചുപൂട്ടിയിരുപ്പാണ്. രാജ്യം ഏതാണ്ട് നിശ്ചലമാണ്. ഈ സ്ഥിതി എത്ര നാൾ നീളും എന്ന് നമുക്കറിഞ്ഞുകൂടാ. അധികം നീളാതിരിക്കാൻ പ്രാർത്ഥിയ്ക്കാം.

**പ്രത്യാശ: ജീവിക്കാനുള്ള പ്രേരണ**

ഒരു നല്ല നാളെ ഉണ്ടാകുമെന്ന പ്രതീക്ഷയാണ് ജീവിയ്ക്കാൻ നമുക്ക് പ്രേരണയാകുന്നത്. അതുകൊണ്ടാണ് അതിനെ ഒരു അടിസ്ഥാന പുണ്യമായി സഭ പഠിപ്പിക്കുന്നത്. ദൈവവിശ്വാസികളായ നമുക്ക് ദൈവത്തിന്റെ കരുണയിലും സരക്ഷണത്തിലും വിശ്വാസമുണ്ട്. അവിടുന്ന് നമ്മെ കൈവിടുകയില്ല. ഇത്തരുണത്തിൽ വി. ഗ്രന്ഥത്തിലേയ്ക്ക് തിരിഞ്ഞാൽ ഇസ്രായേല്ക്കാരുടെ ജീവിതത്തിൽ ഇപ്രകാരമെല്ലാം സംഭവിച്ചപ്പോൾ എന്താണ് അതിന്റെ പിന്നിലെ കാരണങ്ങൾ എന്ന് പറയുന്നുണ്ട്. നമ്മളെ

സംബന്ധിച്ചും അത് വളരെ പ്രസക്തമാണ്. ദൈവത്തോട് ചേർന്ന് നില്ക്കുന്നവർ ഒരിയ്ക്കലും അവിടുത്തെ ഉപേക്ഷിയ്ക്കുകയോ തള്ളിപ്പറയുകയോ ഇല്ല. ഈ സത്യം മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ ദൈവം നമ്മളെ ഉപകരണമാക്കുന്നു. ജോബിന്റെ ഉദാഹരണത്തിലൂടെ ദൈവം നമുക്കത് വെളിപ്പെടുത്തി തരുന്നുണ്ട്.

## പ്രതിസന്ധികൾ ശുദ്ധീകരണസമയമാണ്

ദൈവം നമ്മളെ ഇതിലൂടെ ശുദ്ധീകരിയ്ക്കുകയും ചെയ്യുണ്ട്. മലാക്കി പ്രവാചകന്റെ പുസ്തകത്തിൽ വളരെ ചിന്തനീയമായ ഒരു പരാമർശമുണ്ട്:: *ഉലയിലെ അഗ്നി പോലെയും അലക്കുകാരന്റെ കാരം പോലെയുമാണവിടുന്ന്. വെള്ളി ഉലയിൽ ശുദ്ധീകരിയ്ക്കുന്നവനെപ്പോലെ അവിടുന്ന് ഉപവിഷ്ടനാകും. ലേവീപുത്രന്മാർ യുക്തമായ ബലികൾ കർത്താവിന് അർപ്പിയ്ക്കുന്നതിന് വേണ്ടി അവിടുന്ന് അവരെ സ്വർണ്ണവും വെള്ളിയും പോലെ ശുദ്ധീകരിയ്ക്കും* (3: 2–3). വെള്ളി ഉരുക്കുന്നവന്റെ മുഖം വെള്ളിയിൽ പ്രതിഫലിയ്ക്കുന്നത് വരെയാണ് വെള്ളിയെ ശുദ്ധീകരിയ്ക്കുന്നത്. അതായിരുന്നു അന്നത്തെ പതിവ്. നമ്മുടെ കാര്യത്തിലും ഇതു തന്നെയാണ് സംഭവിയ്ക്കുന്നത്. വിജയിക്കാനുള്ള പരക്കം പാച്ചിലിൽ ദൈവത്തിന് ചേരാത്ത ചില അംശങ്ങൾ നമ്മുടെ ജീവിതങ്ങളിൽ കടന്നു കൂടിയിട്ടുണ്ടാകാം. ഞാനെന്റെ സഹോദരന്റെ കാവല്ക്കാരനാണോ എന്ന് ചിലപ്പോഴെങ്കിലും ചോദിച്ചിട്ടുണ്ടാകാം. ദൈവത്തെ കൂടാതെ ജീവിക്കാൻ പറ്റുമോ എന്ന് നോക്കട്ടെ എന്ന് പറഞ്ഞിട്ടുണ്ടാകാം. ആ ചോദ്യങ്ങളൊന്നും ഈശോയെ കർത്താവും രക്ഷകനും ആയി സ്വീകരിച്ച ഒരാൾക്ക് ചേർന്നതല്ല. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിയ്ക്കപ്പെട്ട നമ്മൾക്ക് ആ ഛായ തിരിച്ച് കിട്ടും വരെയാണ് ശുദ്ധീകരിക്കപ്പെടുന്നത്. ഓരോ ദുരന്തത്തിലും നമ്മൾ സഹായങ്ങൾ എത്തിയ്ക്കുമ്പോൾ, നമ്മളെയും നമുക്കുള്ളവയെയും സമൂഹസേവനത്തിനായി വിട്ടുകൊടുക്കുമ്പോൾ, സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കുമ്പോൾ, എല്ലാം ഈ ഛായ സാവധാനം തിരിച്ച് വരുന്നു.

## സാബത്തും കർത്താവിന്റെ ദിവസവും

ആഴ്ച തോറുമുള്ള സാബത്താചരണവും അമ്പത് വർഷം കൂടുമ്പോഴുള്ള സൂപ്പർ സാബത്തായ ജൂബിലി വർഷാചരണവും എല്ലാം ഇതിന് വേണ്ടി തന്നെയായിരുന്നു. മനുഷ്യനും മൃഗത്തിനും മറ്റ് ജീവജാലങ്ങൾക്കും എന്തിനേറെ ഭൂമിയ്ക്ക് പോലും വിശ്രമം ആവശ്യമാണ്. നമ്മുടെ അസ്തിത്വത്തിന്റെ നിസ്സാരത അംഗീകരിച്ച് ദൈവത്തിലുള്ള ആശ്രയം ഏറ്റ് പറയാനുള്ള അവസരമായിരുന്നു അവ. എന്നാൽ ആ ദിവസങ്ങളെല്ലാം നമ്മൾ മറ്റെന്തിനോ വേണ്ടി നീക്കി വച്ചു.. ഒന്നിനും സമയമില്ലാതായി. ജീവിതം സമ്മർദ്ദം നിറഞ്ഞതായി. അപ്പോൾ ദൈവത്തിങ്കലേക്ക് തിരിയുന്നതിനു പകരം നമ്മൾ കൗൺസിലിംഗും മറ്റും തെരഞ്ഞെടുത്തു. അതേ ഫലം തന്നെയാണ് ദൈവത്തിന്റെ വചനങ്ങൾ ഉൾക്കൊണ്ട് ദൈവചിന്തയിൽ ഒരു ദിവസം ചെലവഴിയ്ക്കുമ്പോൾ ഉണ്ടാകുന്നത് എന്ന കാര്യം നമ്മൾ വിസ്മരിച്ചു. വിസ്മരിയ്ക്കാൻ നമ്മുടെ ചുറ്റുമുള്ള ലോകം നമ്മളെ പ്രേരിപ്പിയ്ക്കുന്നു എന്നതാണ് വാസ്തവം. ഹെബ്രായർ ലേഖനകാരൻ ഇക്കാര്യം വേദനയോടെ ക്രിസ്ത്യാനികളെ അനുസ്മരിപ്പിക്കുന്നുണ്ട്. *ചിലർ സാധാരണയായി ചെയ്യാറുള്ളതുപോലെ നമ്മുടെ സഭായോഗങ്ങൾ നാം ഉപക്ഷിക്കരുത്. മാത്രമല്ല, ആ ദിനം അടുത്തു വരുന്നത് കാണുമ്പോൾ നിങ്ങൾ പരസ്പരം കൂടുതൽ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും വേണം* (ഹെബ്രാ. 10, 25).

## പ്രതിസന്ധികൾ: പ്രകൃതിനിയമത്തിന്റെ ഭാഗം

പ്രതിസന്ധികൾ എന്ന് തോന്നുന്ന സംഭവങ്ങൾ ജീവിതത്തിന്റെ, അഥവാ പ്രകൃതിനിയമത്തിന്റെ ഭാഗമാണ്. അവ പ്രകൃതിയിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന ഒരു നിയമത്തിന്റെ നടപ്പാക്കൽ മാത്രമാണ്. അതെപ്പോഴും നമ്മുടെ നന്മക്ക് വേണ്ടിയാണു താനും. അതാണ് പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്യുന്നത്: *നിങ്ങളെക്കുറിച്ചു ഒരു പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി* (ജെറമിയ 29:11). ആ ഉറപ്പ് നമുക്ക് പ്രത്യാശ നല്കുന്നു. ഉറപ്പ് നമ്മുടെ സ്നേഹപിതാവും സർവശക്തനുമായ ദൈവത്തിന്റേതാണ്. സംശയത്തിനവകാശമില്ല. ഈ പ്രതിസന്ധിയെ നമ്മൾ അതിജീവിക്കും.

**പ്രകൃതിയിലെ പ്രതിസന്ധികൾ**

പ്രതിസന്ധിയിലും പ്രത്യാശ തരുന്ന അനേകം ഉദാഹരണങ്ങൾ നമ്മുടെ ചുറ്റുപാടുമുണ്ട്. യാതൊരു ആകാരഭംഗിയുമില്ലാത്ത വെറുമൊരു പുഴു ഏതാനും ദിവസങ്ങൾ പ്യൂപ്പക്കകത്ത് ചെലവഴിച്ച ശേഷം പുറത്തേക്ക് വരുന്നത് മനോഹരിയായ ഒരു പൂമ്പാറ്റയായാണ്. പൂമ്പാറ്റയെ കുട്ടികൾക്ക് വലിയ ഇഷ്ടമാണ്. അവരതിന്റെ പുറകെ പോകും. എന്നാൽ അതിന്റെ പൂർവരൂപമായ പുഴുവിനെ കണ്ടാൽ വാവിട്ട് നിലവിളിച്ചുകൊണ്ട് ഓടും. പുഴുവിന് പുമ്പാറ്റയാകാൻ കഴിഞ്ഞത് കുറേ ദിവസങ്ങൾ സ്വയം വെള്ളവും വെളിച്ചവും ഭക്ഷണവും ഒന്നും ഇല്ലാതെ അനിശ്ചിതത്വത്തിൽ കഴിഞ്ഞതുകൊണ്ടാണ്. പക്ഷെ അതൊരു പ്രകൃതി നിയമത്തിന്റെ ഭാഗമാണ് എന്ന് മനസ്സിലാക്കിയാൽ മതി; കാര്യങ്ങൾ വളരെ വ്യക്തമാകും.

ഇന്റൻസീവ് കെയർ യൂണിറ്റിൽ കഴിയുന്ന രോഗിയെ സംബന്ധിച്ച് ഒരേ ഒരു ചിന്തയേ ഉള്ളു: എങ്ങിനെയും ജീവൻ സംരക്ഷിക്കുക. അതിനായി മറ്റെല്ലാ സ്വാതന്ത്ര്യങ്ങളും ബലികഴിയ്ക്കുന്നു. അനങ്ങാനുള്ള സ്വാതന്ത്ര്യം പോലും ഇല്ല. എന്നാൽ അവിടെ നിന്നും ഇറങ്ങി വരുന്നത് എല്ലാ സ്വാതന്ത്ര്യങ്ങളും അനുഭവിയ്ക്കാൻ ഉള്ള അവകാശവുമായിട്ടാണ്.

2010 ൽ ചിലിയിൽ ഉണ്ടായ ഖനി അപകടത്തിൽ പെട്ട 39 തൊഴിലാളികളുടെ അസാമാന്യമായ ധൈര്യത്തെപ്പറ്റിയും അവർക്ക് ഉണ്ടായിരുന്ന ദൈവാശ്രയ ബോധത്തെപ്പറ്റിയും നിങ്ങൾ കേട്ടിരിക്കും. 69 ദിവസങ്ങൾക്ക് ശേഷം ശാരീരികമോ മാനസികമോ ആയ വലിയ പ്രശ്നങ്ങളൊന്നുമില്ലാതെ എല്ലാ തൊഴിലാളികളും, ആകെ 33 പേർ, പുറത്തെത്തി. ഇന്നും അവർ ആരോഗ്യത്തോടെ ജീവിയ്ക്കുന്നു. ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് 700 മീറ്റർ, അതായതത് ഏതാണ്ട് മുക്കാൽ കിലോമീറ്റർ അടിയിൽ, ഖനിയുടെ വാതിലിൽ നിന്ന് ഏകദേശം അഞ്ച് കിലോമീറ്റർ ഉള്ളിൽ അവരങ്ങനെ വിശ്വാസത്തോടെ ദിവസങ്ങൾ ചെലവഴിച്ചു. എന്നെങ്കിലും തങ്ങൾ രക്ഷിക്കപ്പെടും എന്ന പ്രതീക്ഷയോടെ. ആ ദിവസങ്ങളിൽ അവരെ ധൈര്യപ്പെടുത്തിയത് അവരുടെ കൂടെയുള്ള ഒരു തൊഴിലാളിയുടെ ദൈവവിശ്വാസവും അതിൽ നിന്ന് അദ്ദേഹത്തിന് ലഭിച്ച ധൈര്യവും പ്രത്യാശയുമാണ്. അത് മറ്റുവർക്കും ധൈര്യം പകർന്ന് കൊടുത്തു.

**ദൈവത്തിൽ ആശ്രയിക്കുക; പ്രാർത്ഥിക്കുക, പ്രത്യാശിക്കുക**

വെള്ളമോ വെളിച്ചമോ ആവശ്യത്തിന് ഓക്സിജനോ അനങ്ങാൻ സ്ഥലമോ ഇല്ലാതിരുന്നിട്ടും ഖനിത്തൊഴിലാളി വിശ്വസിച്ചു: ദൈവം ഞങ്ങളെ കൈവിടില്ല. അദ്ദേഹത്തിന്റെ ദൈവാശ്രയബോധം അത്ര അധികമായിരുന്നു. അവരുടെ കുടുംബാംഗങ്ങൾ മാത്രമല്ല ലോകം മുഴുവൻ അവർക്ക് വേണ്ടി കരഞ്ഞപേക്ഷിച്ചു. കൊറോണാ വൈറസിനെ നമ്മളും അതിജീവിക്കും. പുഴു പൂമ്പാറ്റ ആയതു പോലെ, ഐ.സി.യു. വിൽ നിന്ന് ആരോഗ്യം വീണ്ടെടുത്ത് പുറത്തിറങ്ങുന്ന വ്യക്തിയേപ്പോലെ, രക്ഷപ്പെട്ട ഖനിത്തൊഴിലാളികളെപ്പോലെ നമ്മളും പുറത്തു വരും, കൂടുതൽ ശോഭനമായ ഒരു ജീവിതത്തിലേക്ക്. ഒരു പക്ഷെ ഇന്നത്തേതിലും വളരെ വ്യത്യസ്തമായ, മെച്ചപ്പെട്ട ഒരു ജീവിതത്തിലേക്ക് നമ്മളും പ്രവേശിക്കും.

**നിങ്ങളുടെ നശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി (ജെറമിയ 29:11).**

പരിഭ്രാന്തരാകാതെ വിശ്വാസത്തോടെ സൂക്ഷിച്ച് നോക്കിയാൽ മനസ്സിലാകും ഈ പ്രതിസന്ധി നമ്മുടെ ഭൂലോകത്തിന് ഗുണം ചെയ്യുന്നുണ്ടെന്ന്. എത്രയോ നാളുകളായി നമ്മൾ വീടുകളിൽ മാതാപിതാക്കളും മക്കളും കൊച്ചുമക്കളും പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാതെ, സമയത്തിന്റെ സമ്മർദ്ദങ്ങളില്ലാതെ പുറത്ത് പോകാതെ, ഒരുമിച്ച് ഇത്രയും നാൾ കഴിഞ്ഞിട്ട്! മാതാപിതാക്കൾക്ക് മക്കളെയും മക്കൾക്ക് മാതാപിതാക്കളെയും കാണാനും സംസാരിയ്ക്കാനും സാധിച്ചിട്ട്! എത്ര നാളായി നമ്മൾ ഒരുമിച്ചിരുന്ന് കുടുംബപ്രാർത്ഥന ചൊല്ലിയിട്ട്. എത്ര നാളായി രാവിലെ അല്പസമയം സ്വസ്ഥമായി ദീർഘമായി കിടന്നുറങ്ങിയിട്ട്! കുട്ടികൾക്ക് പഠനത്തിന്റെ സമ്മർദ്ദമില്ലാതെ അടുത്തെങ്ങാനും മാതാപിതാക്കളുടെ അടുത്ത് ആയിരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഭാര്യക്കും ഭർത്താവിനും ഒറ്റയ്ക്ക് കുറച്ച് സമയം ചെലവഴിയ്ക്കാൻ കഴിഞ്ഞിട്ട് എത്ര നാളായി?

നമ്മുടെ അന്തരീക്ഷവും വായുവും ജലവും ഭൂമിയും ചുറ്റുപാടുകളും എത്രയോ വൃത്തികേടായിരുന്നു ഇതുവരെ! ലക്ഷക്കണക്കിന് വാഹനങ്ങളിൽ നിന്ന് പുറത്ത് വന്നുകൊണ്ടിരുന്ന വിഷപ്പുക ഡെൽഹി പോലെയുള്ള

പട്ടണങ്ങളിലെ ജനജീവിതം തന്നെ അസാദ്ധ്യമാക്കിയില്ലെ? സർക്കാരും കോടതിയും മറ്റും പല പ്രാവശ്യം പലതരത്തിൽ ഇടപെട്ടു. എന്നിട്ട് നിയന്ത്രിയ്ക്കാൻ പറ്റിയില്ല. എന്നാൽ കൊറോണ എന്ന ഒരു കുഞ്ഞൻ ജീവിയ്ക്ക് (ജീവിയെന്ന് അതിനെ വിളിയ്ക്കാമെങ്കിൽ) അത് നിഷ്പ്രയാസം സാധിച്ചു. ഏത്ര ആയിരം കോടി രൂപ മുടക്കിയാലും ഈ ശുദ്ധീകരണ പ്രക്രിയ നടക്കുമായിരുന്നോ. ദ്വാരം വീണ ഓസോണിനെ പൂർവസ്ഥിതിയിലാക്കാൻ ഇന്നുള്ള ഏതെങ്കിലും ശാസ്ത്രത്തിന് ത്രാണിയുണ്ടോ? ഭൗതികമായ പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് മനുഷ്യൻ കുതിക്കുന്നതിനനുസരിച്ച് ഭൂലോകത്തിന്റെ റിപ്പയർ പിന്നെയാകാമെന്ന് മനുഷ്യൻ കരുതുന്നു. അപ്പോൾ സ്വയം അറ്റകുറ്റപ്പണി നടത്താനുള്ള പ്രകൃതി നിയമം ഇടപെടുന്നു. അതുകൊണ്ട് ഒരു സ്വയം ശുദ്ധീകരണ അഥവാ അറ്റകുറ്റപ്പണിയുടെ പ്രക്രിയ ആയി ഈ പ്രതിസന്ധിയെ കണ്ടാൽ മതി. നമ്മുടെ രാജ്യവും മറ്റ് രാജ്യങ്ങളും ഇതിൽ നിന്ന് പാഠം ഉൾക്കൊണ്ട് മുമ്പോട്ട് പോയാൽ ഇനിയും നമുക്ക് വലിയ ഉയരങ്ങളിൽ എത്താൻ കഴിയും ഡാർവീനിയൻ പരിണാമസിദ്ധാന്തം അതാണല്ലൊ പറയുന്നത്.

**കാലത്തിന്റെ അടയാളങ്ങളെ മനസ്സിലാക്കുക**

കർത്താവ് പറയുന്നു: *പടിഞ്ഞാറ് മേഘം ഉയരുന്നത് കണ്ടാൽ മഴ വരുന്നു എന്ന് നിങ്ങൾ പറയുന്നു; അങ്ങനെ സംഭവിയ്ക്കുകയും ചെയ്യുന്നു. തെക്കൻ കാറ്റടിയ്ക്കുമ്പോൾ അത്യുഷ്ണം ഉണ്ടാകും എന്ന് നിങ്ങൾ പറയുന്നു. അത് സംഭവിയ്ക്കുന്നു. കപടനാട്യക്കാരെ, ഭൂമിയുടെയും ആകാശത്തിന്റെയും ഭാവഭേദം വ്യാഖ്യാനിയ്ക്കാൻ നിങ്ങൾക്കറിയാം. എന്നാൽ ഈ കാലത്തെ വ്യാഖ്യാനിയ്ക്കാൻ നിങ്ങൾക്ക് അറിയാത്തത് എന്തുകൊണ്ട്? എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിയ്ക്കുന്നില്ല?* (ലൂക്കാ, 12: 54−57).

ഈ തിരിച്ചറിവ് ലഭിയ്ക്കണമെങ്കിൽ നിരന്തരം കർത്താവിന്റെ വചനത്തിലേയ്ക്ക് ശ്രദ്ധിയ്ക്കണം. വിമാനത്താവളത്തിലും റെയിൽവേ സ്റ്റേഷനിലും മൈക്കിലൂടെ അറിയിപ്പുകൾ വന്നുകൊണ്ടിരിയ്ക്കും. അവ ശരിയായി കേൾക്കണമെങ്കിൽ നിശ്ശബ്ദത പാലിയ്ക്കണം. ഇടയ്ക്ക് വർത്തമാനം നിർത്തണം. ഇതുപോലെ തന്നെയാണ് കാലത്തിന്റെ അടയാളങ്ങളും. അവ മനസ്സിലാകണമെങ്കിൽ ദൈവത്തിന്റെ വചനത്തിന് നാം

നിരന്തരം കാതോർക്കണം. അതല്ലെങ്കിൽ നമുക്ക് ഫ്ലൈറ്റ്, വിമാനം ഒക്കെ നഷ്ടപ്പെടാം. ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: *ദേശത്ത് ഞാൻ ക്ഷാമം അയയ്ക്കുന്ന നാളുകൾ വരുന്നു. ഭക്ഷണ ക്ഷാമമോ ജലത്തിനു വറുതിയോ അല്ല. കർത്താവിന്റെ വചനം ലഭിയ്ക്കാത്തതുകൊണ്ടുള്ള ക്ഷാമമായിരിയ്ക്കും അത്. അന്ന് അവർ കടൽ മുതൽ കടൽ വരെയും വടക്കു മുതൽ കിഴക്ക് വരെയും അലഞ്ഞു നടക്കും. കർത്താവിന്റെ വചനം തേടി ഉഴലുമെങ്കിലും കണ്ടെത്തുകയില്ല.* (ആമോസ് 8: 11–12). ഇന്ന് നമ്മൾ ക്രിസ്ത്യാനികളെ സംബന്ധിച്ച് സംഭവിയ്ക്കുന്നത് ഇതല്ലെ എന്ന് ചിന്തിയ്ക്കേണ്ട സമയമാണിത്.

ദൈവത്തിന്റെ വചനം മനുഷ്യരൂപമെടുത്തതാണ് ഈശോ. നമുക്ക് മനോഹരങ്ങളായ വലിയ പള്ളികൾ ഉണ്ടെങ്കിലും അവിടെയൊന്നും വചനം കണ്ടെത്താൻ കഴിയുന്നില്ല. അതെല്ലാം ഇന്ന് പൂട്ടിക്കിടക്കുന്നു. ഈ സാഹചര്യം മറ്റേതെങ്കിലും കാരണം കൊണ്ട് ഭാവിയിലും സംജാതമായിക്കൂടെന്നില്ല. ആ സാഹചര്യത്തെ നേരിടാൻ കർത്താവ് നമ്മളെ ഒരുക്കുന്നു എന്ന് കരുതിയാൽ മതി. നിപ്പ വന്നപ്പോൾ എടുത്ത പ്രതിരോധനടപടികൾ കൊറോണയെ നേരിടാൻ നമ്മുടെ നാടിനെ സജ്ജമാക്കിയതുപോലെ സമാനമായ പ്രതിസന്ധികളെ നേരിടാൻ ഭാവിയിൽ നമ്മൾ സജ്ജരായിരിക്കും.

### വചനത്തിലേക്ക് തിരിയുക: ജീവിതപ്രമാണമാക്കുക

അതുകൊണ്ട് വചനഗ്രന്ഥത്തിലേയ്ക്ക് നമുക്ക് തിരിയാം. ജീവന്റെ വചങ്ങൾ അതിലുണ്ട്. *ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്. ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചു കയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിയ്ക്കുന്നതുമാണ്* (ഹെബ്രാ. 4: 12). *അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിയ്ക്കുന്നു* (2 തിമോത്ത. 3:16). ദൈവവചനം നമ്മൾ നിരന്തരം വായിക്കണം, ഹൃദിസ്ഥമാക്കണം, നമ്മുടെ ചിന്തകളേയും മനോഭാവങ്ങളെയും വാക്കുകളെയും പ്രവൃത്തികകളെയും സമീപനശൈലികളെയും എല്ലാം സ്വാധീനിക്കുന്ന ശക്തിയായി അത് മാറണം.

അവ നമ്മുടെ മക്കളെ പറഞ്ഞ് കൊടുത്ത് പഠിപ്പിക്കണം. അതിന്റെ വെളിച്ചത്തിൽ അവരുടെ ജീവിത പ്രതിസന്ധികളെ നേരിടാൻ പ്രാപ്തമാക്കണം.

**സത്യത്തിലും നീതിയിലും ദൈവത്തെ ആരാധിക്കുക**

രണ്ടാമതായി നമ്മളോർക്കേണ്ടത് നമ്മുടെ ആരാധന എങ്ങനെ ആയിരിയ്ക്കണം എന്നതാണ്. അത് ആത്മാവിലും സത്യത്തിലും ആയിരിയ്ക്കണം എന്ന് ഈശോ സമറിയാക്കാരി സ്ത്രീയിലൂടെ നമ്മളോട് പറഞ്ഞു: *സ്ത്രീയേ, എന്നെ വിശ്വസിയ്ക്കുക. ഈ മലയിലോ ജെറൂസലേമിലോ നിങ്ങൾ പിതാവിനെ ആരാധിയ്ക്കാത്ത സമയം വരുന്നു... യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല അത് ഇപ്പോൾ തന്നെയാണ്. യഥർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെ തന്നെയാണ് പിതാവ് അന്വേഷിയ്ക്കുന്നതും. ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിയ്ക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിയ്ക്കേണ്ടത്* (യോഹ. 21–24).

**വചനം വ്യാഖ്യാനിക്കാൻ പ്രാപ്തരാകുക**

മൂന്നാമതായി, എല്ലാം രഹസ്യമായി തന്റെ ശിഷ്യന്മാർക്ക് വിശദീകരിച്ച് കൊടുക്കുന്ന ഈശോയുടെ മാതൃക നാം അനുകരിയ്ക്കണം എന്നതാണ്. (മർക്കോസ് 4: 34). ഈശോയുടെ സന്ദേശം ഒരു ജനതയുടെ പ്രത്യേക സാംസ്കാരിക പശ്ചാത്തലത്തിൽ ആണ് വിശദീകരിച്ചിട്ടുള്ളത്. അത് ഇന്നത്തെ തലമുറകൾക്ക് മനസ്സിലാകണമെന്നില്ല. അത് അവർക്ക് വിശദീകരിച്ച് കൊടുക്കപ്പെടണം. അത് കൊടുക്കാൻ പ്രഥമമായും മാതാപിതാക്കൾക്കും രണ്ടാമതായി പുരോഹിതർക്കും സമർപ്പിതർക്കും കടമയുണ്ട്. പഴയ നിയമിത്തിലെ പുരോഹിതരോട് ദൈവം പറയുന്നു: *പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിയ്ക്കണം. ജനം പ്രബോധനം തേടി അവനെ സമീപിയ്ക്കണം* (മലാക്കി 2:7).

കരയുന്ന കുഞ്ഞിന്റെ കരച്ചിലിന്റെ അർത്ഥം അതിന്റെ അമ്മക്ക് പെട്ടെന്ന് മനസ്സിലാകും. സംസാരിക്കാൻ പഠിക്കുന്ന കുട്ടി പറയുന്ന ഒരു

വാക്കിന് പല അർത്ഥങ്ങളുണ്ട് എന്ന് അമ്മക്കറിയാം. സംസാര ശേഷിയില്ലാത്ത മകളൊ മകനോ പറയുന്ന വാക്കുകൾ മാതാപിതാക്കൾക്ക് പെട്ടെന്ന് മനസ്സിലാകും. നമ്മുടെ മക്കളുടെ പ്രതികരണം നമ്മൾ മനസ്സിലാക്കണം. അവർക്ക് ദൈവത്തെ വേണ്ട എന്നല്ല പറയുന്നത്, പ്രത്യുത നിങ്ങൾ പറയുന്ന ദൈവത്തെ ഞങ്ങൾക്ക് മനസ്സിലാകുന്നില്ല എന്നാണ്. സ്വർഗ്ഗവും നരകവും ശുദ്ധീകരണസ്ഥലവും പരലോക ജീവിതവും ആത്മാവും എല്ലാം അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ വിശദീകരിക്കപ്പെടണം. അതിന് അവർ ഉപയോഗിക്കുന്ന മാദ്ധ്യമങ്ങൾ ഉപയോഗിച്ച് അവർക്ക് പകർന്ന് നല്കണം. അങ്ങനെ നമ്മുടെ ഇളം തലമുറയെ വിശ്വാസത്തിൽ വളർത്തി നിലനിർത്താം. അടച്ചിടൽ കാലം അതിന് ഏറ്റവും അനുയോജ്യമാണ്. എല്ലാവർക്കും ഒരുമിച്ച് പള്ളിയിൽ സമ്മേളിക്കാൻ കഴിയില്ല. പക്ഷേ ആധുനിക മാദ്ധ്യമങ്ങൾ ഉപയോഗിച്ച് അവരുടെ അടുത്തേക്ക് ചെല്ലാൻ പറ്റും. മാതാപിതാക്കൾക്ക് യഥാർത്ഥ വിശ്വാസപരിശിലകരാകാൻ പറ്റും.

### ഗാർഹിക സഭയും ഓൺ ലൈൻ ആദ്ധ്യാത്മികതയും

ഇടവക ദൈവാലയങ്ങളിൽ തിരുക്കർമ്മങ്ങൾ നടത്താൻ പറ്റാതായതോടെ നമ്മൾ കൂടുതലായി ഓൺലൈൻ മാദ്ധ്യമങ്ങളെ ആശ്രയിയ്ക്കാൻ തുടങ്ങിയിരിക്കുന്നു. അവ നമ്മൾ സാർത്ഥകമാക്കുന്നതാകട്ടെ നമ്മുടെ ഭവനങ്ങൾക്കുള്ളിലും. ഒന്നു കൂടി കൃത്യമായി പറഞ്ഞാൽ വീടിന്റെ നാല് ഭിത്തികൾക്കുള്ളിൽ. കുടുംബങ്ങൾ ഇടവക ദൈവാലയത്തിലേക്ക് വരുന്നതിന് പകരം ഇടവക ദൈവാലയം കുടുംബങ്ങളിലേക്ക് ചെല്ലുന്ന മനോഹരമായ കാഴ്ചയാണ് നമ്മളിവിടെ കാണുന്നത്. ഇവിടുന്ന് നമ്മൾ കെട്ടിപ്പടുക്കണം അതു തന്നെയാണ് വി. ജോൺ പോൾ രണ്ടാമൻ പറഞ്ഞു വച്ചതും. അദ്ദേഹത്തിന്റെ കുടുംബങ്ങളെക്കുറിച്ചുള്ള ചാക്രിക ലേഖനത്തിൽ നമ്മളെ പ്രബോധിപ്പിച്ചു: *നമ്മുടെ രക്ഷകന്റെ ലോകത്തിലെ ജീവിത സാന്നിദ്ധ്യവും സഭയുടെ യഥാർത്ഥ സ്വഭാവവും കുടുംബങ്ങൾ എല്ലാ ജനങ്ങൾക്കും പ്രകടമാക്കും* (നമ്പർ 5). സമറിയാക്കാരി സ്ത്രീയോട് കർത്താവ് പറഞ്ഞത് എത്രയോ വാസ്തവമായി! നമുക്കവിടുത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കാം. രണ്ടാം

വത്തിക്കാൻ സൂനഹദോസ് വിഭാവനം ചെയ്ത ഗാർഹിക സഭ ഇപ്പോൾ ഉദയം ചെയ്തിരിക്കുന്നു.

ഒരു പക്ഷെ ഇത് കുറച്ച് കൂടി നേരത്തെ തുടങ്ങിയിരുന്നെങ്കിൽ നമ്മുടെ യുവതലമുറ ഇത്രയധികം വഴിതെറ്റിപ്പോകുമായിരുന്നോ എന്നത് ചിന്തനീയമാണ്. കാരണം സമൂഹത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച്, പ്രത്യേകിച്ച് ആശയസംവേദനം നടത്തുന്ന രീതിയിൽ, വചനവും പ്രബോധനവും കൊടുത്തിരുന്നെങ്കിൽ ഇളംതലമുറയ്ക്ക് കൂടുതൽ മനസ്സിലാകുമായിരുന്നു. അങ്ങനെ അവർ ദൈവത്തിൽ നിന്ന് അകലാതെ നില്ക്കുമായിരുന്നു. സഭയുടെ കേവലം ഭരണപരമായ ചെറു ഘടകമായ ഇടവകയിൽ വിശ്വാസജീവിതവും ആത്മീയ ജീവിതവും കേന്ദ്രീകരിക്കുന്നതിന് പകരം ദൈവശാസ്ത്രപരമായി സഭയെ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്ന കുടുംബകേന്ദ്രീകൃത വിശ്വാസജീവിതത്തിലേക്കും ആദ്ധ്യാത്മികതയിലേക്കും നമ്മൾ നടന്നടുക്കുകയാണ്. ഇപ്പോൾ നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന അജപാലന പ്രവർത്തന ശൈലി തുടരാൻ പറ്റിയ രീതിയിൽ നമ്മുടെ ഇടവകകളുടെ ഭൗതിക സാഹചര്യങ്ങളെ പുനർ നിർമ്മിക്കുന്നത് ഇന്ന് നമുക്ക് ലഭിച്ച ഈ അനുഭവ പരിചയത്തെ കൂടുതൽ ശോഭയോടെ മുമ്പോട്ട് കൊണ്ടു പോകാൻ സഹായിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു.

**ക്രിസ്തുവിന്റെ പൊതുപൗരോഹിത്യത്തിന്റെ പ്രസക്തി**

ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും ഈശോ മിശിഹായുടെ പൊതുപൗരോഹിത്യത്തിൽ പങ്ക് പറ്റുന്നവരാണ്. ദൈവവചനത്തിൽ വളരെ വ്യക്തമായി കാണുന്ന പ്രബോധനമാണത്. പഴയനിയമത്തിന്റെയും പുതിയ നിയമത്തിന്റെയും കാഴ്ച്ചപ്പാട് അതു തന്നെയാണ്. *നിങ്ങൾ എനിക്ക് പുരോഹിതരാജ്യവും വിശുദ്ധജനവുമായിരിക്കും* (പുറ. 19: 6). *നിങ്ങൾ സജീവശിലകൾ കൊണ്ടുള്ള ഒരു ആത്മീയ ഭവനമായി പടുത്തുയർത്തപ്പെടട്ടെ. യേശുക്രിസ്തു വഴി ദൈവത്തിന് സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനമാകുകയും ചെയ്യട്ടെ* (1 പത്രോ. 2: 5). *എന്നാൽ നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം*

*ജനവുമാണ്* (1 പത്രോ. 2:9). *കാരണം നീ വധിക്കപ്പെടുകയും നിന്റെ രക്തം കൊണ്ട് എല്ലാ ഗോത്രത്തിലും ഭാഷയിലും ജനതകളിലും രാജ്യങ്ങളിൽ നിന്നുള്ളവരെ ദൈവത്തിന് വേണ്ടി വിലക്ക് വാങ്ങുകയും ചെയ്തു. നീ അവരെ നമ്മുടെ ദൈവത്തിന് ഒരു രാജ്യവും പുരോഹിതന്മാരും ആക്കി* (വെളി. 5:9–10). *ഒന്നാമത്തെ പുനരുദ്ധാനത്തിൽ പങ്കു കൊള്ളുന്നവർ അനുഗൃഹീതരും പരിശുദ്ധരുമാണ്. ഇവരുടെ മേൽ രണ്ടാമത്തെ മരണത്തിന് ഒരധികാരവുമില്ല. ഇവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാർ ആയിരിക്കും* (വെളി. 20:5–6).

എന്നാൽ ദൈവജനത്തിന്റെ ഈ പൗരോഹിത്യശുശ്രൂഷയുടെ ചില ധർമ്മങ്ങൾ പ്രത്യേകകാരണങ്ങളാൽ ഏതാനും ചിലരെ പ്രത്യേകമായി ഏല്പിച്ചു കൊടുത്തു. *ലേവീ ഗോത്രജനും മോശയുടെ സഹോദരനും അവനെപ്പോലെ തന്നെ വിശുദ്ധനുമായ അഹറോനെ അവിടുന്ന് ഉയർത്തി. അവിടുന്ന് അവനുമായി നിത്യമായി ഒരു ഉടമ്പടി ചെയ്യുകയും ജനത്തിന്റെ പൗരോഹിത്യം അവന് നല്കുകയും ചെയ്തു* (പ്രഭാ: 45: 6–7). *കർത്താവിന് ശുശ്രൂഷ ചെയ്യാനും പുരോഹിതധർമ്മമനുഷ്ഠിക്കാനും അവിടുത്തെ നാമത്തിൽ തന്റെ ജനത്തെ ആശിർവദിക്കാനും വേണ്ടിയാണത് (പ്രഭ. 45: 15). അതുപോലെ ജനത്തിന്റെ പാപങ്ങളുടെ പരിഹാരത്തിന് വേണ്ടി കർത്താവിന്* ബലിയർപ്പിക്കാനാണത് (പ്രഭാ. 45:: 16). *ഇസ്രായേൽക്കാർ വിശുദ്ധ വസ്തുക്കൾ കാഴ്ച സമർപ്പിക്കുന്നതിൽ വരുത്തുന്ന വീഴ്ചകൾ അവൻ വഹിക്കാൻ* വേണ്ടിയാണത്. ചുരുക്കത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻ വരുന്നതു വരെ അവരെ ദൈവവുമായുള്ള ബന്ധത്തിൽ നിലനിർത്താനുള്ള മാർഗ്ഗമാണത്.

പഴയനിയമത്തിൽ ജനം ഇസ്രായേലായിരുന്നു; എന്നാൽ പുതിയ നിയമത്തിൽ ക്രിസ്തുവിന്റെ മൗതികശരീരമാണ് ആ ജനം. ഈ ശരീരത്തിന്റെ ശിരസ്സ് ക്രിസ്തുവാണ്. അതുകൊണ്ട് ഈ മൗതികശരീരം ക്രിസ്തു തന്നെയാണ്. അതുകൊണ്ടാണ് ജനത്തിന്റെ പൊതുപൗരോഹിത്യം എന്ന് പറയുന്നത്. ജനം ക്രിസ്തുവിന്റെ മൗതികശരീരമായതുകൊണ്ട് ക്രിസ്തുവിന്റെ പൗരോഹിത്യമെന്ന് പറയുന്നത് ശരിയുമാണ്.

*പൗരോഹിത്യത്തിൽ മാറ്റം വരുമ്പോൾ നിയമത്തിലും അവശ്യം മാറ്റം വരുന്നു* (ഹെബ്രാ. 7:12). ഈശോ ജനിച്ചത് ലേവീ ഗോത്രത്തിലല്ല, പ്രത്യുത യൂദാ ഗോത്രത്തിലാണ്. അതുകൊണ്ട് അഹറോന്റെ ക്രമപ്രകാരം പുരോഹിതനാകാൻ പറ്റുമായിരുന്നില്ല. എന്നാൽ ദൈവം അവിടുത്തെ നിത്യപുരോഹിതനാക്കി. സ്വന്തം ജീവനെത്തന്നെ തന്റെ ജനത്തിന്റെ പാപപ്പരിഹാരാർത്ഥം ബലിയർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട്. ഈശോയിന്ന് മനുഷ്യരൂപത്തിൽ ഈ ലോകത്തിലില്ല. എന്നാൽ അവിടുന്ന് ജീവിക്കുന്നുണ്ട്, കേവലം ഒരു അപ്പക്കഷണമായി മാത്രമല്ല, പ്രത്യുത അവിടുത്തെ ശരീരമായ സഭയയുടെ രൂപത്തിൽ. ഈ സഭയുടെ ദൗത്യവും ക്രിസ്തുവിന്റേതു തന്നെയാണ്, സ്വയം ബലിയർപ്പിക്കുക. കാലാകാലങ്ങളിൽ വരുന്ന ജനതകളുടെ പാപാപ്പരിഹാർത്ഥം. അങ്ങനെ ഈ ലോകത്തിൻ പറുദീസായിലെ അനുഭവം പുനഃസൃഷ്ടിക്കുക. സഭയിൽ ബലിവസ്തുവും ബലിയർപ്പകരും ഒന്നു തന്നെയാണ്. ഈ പൗരോഹിത്യ ശുശ്രൂഷ ഒന്നാമതായി കുടുംബത്തിലും രണ്ടാമതായി ഇടവകദൈവാലയത്തിലും നടക്കണം.

ഈ അടച്ചിടൽ കാലത്ത് നമ്മുടെ വിശ്വാസജീവിതം വളരെയധികം ഭവന കേന്ദ്രീകൃതമായതുകൊണ്ട് പൊതുപൗരോഹിത്യം കൂടുതൽ കാര്യക്ഷമമായി കുടുംബത്തിനുള്ളിൽ നിർവഹിക്കപ്പെടേണ്ടതിന്റെ ആവശ്യകതയുണ്ട്. അഹറോന്റെ പുതിയനിയമത്തിലെ പിൻഗാമികൾ ഇതുവരെ ചെയ്തിരുന്ന കുറേ കാര്യങ്ങൾ കുടുംബത്തിലെ നാഥൻ അല്ലെങ്കിൽ നാഥ ഏറ്റെടുക്കേണ്ട സമയമാണ്. ഈ നോമ്പുകാലഘട്ടവും വലിയ ആഴ്ചയും ആ പൗരോഹിത്യശുശ്രൂഷയിൽ നിന്ന് വളരെയധികം കാര്യങ്ങൾ ആവശ്യപ്പെടുന്നു. കുടുംബങ്ങളിൽ അവ ഗൗരവമായി കണക്കാക്കുകയും നിർവഹിക്കപ്പെടുകയും ചെയ്യണം.

കുടുംബത്തിലെ പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുക്കുക, അവ സമയാസമയങ്ങളിൽ എല്ലാവരും ഒത്തു ചേർന്ന് നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുക, കർത്താവിന്റെ പ്രബോധനങ്ങളിലും പ്രമാണങ്ങളിലും കുട്ടികളെ പരിശീലിപ്പിക്കുക, ക്രിസ്തീയ കുടുംബസങ്കല്പം അവരെ വേണ്ട വിധം മനസ്സിലാക്കുക, അവർ വ്യാപരിക്കുന്ന ചുറ്റുപാടുകളിലെ അപകടസൂചനകൾ

മനസ്സിലാക്കാൻ പരിശീലിപ്പിക്കുക തുടങ്ങിയവ അവയിൽ ചിലത് മാത്രം. യാമപ്രാർത്ഥനകൾ കുടുംബനാഥന്റെ അല്ലെങ്കിൽ നാഥയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സഭാ പ്രാർത്ഥനയാണ്. അത് പരിശീലിക്കാനും പരിശീലിപ്പിക്കാനും ഏറ്റവും പറ്റിയ കാലഘട്ടമാണിത്. വിശുദ്ധ ഗ്രന്ഥവും സഭാപ്രബോധനങ്ങളും വ്യാഖ്യാനിച്ച് കൊടുക്കാനും പറ്റിയ സമയം.


**അടച്ചിടൽ എത്ര നാൾ?**

ഇപ്പോൾ മനസ്സിലാകുന്നതനുസരിച്ച് വലിയ ആഴ്ചയിലെ കർമ്മങ്ങൾ സാധാരണപോലെ ഉണ്ടായിരിക്കുകയില്ല. പകരം അതാത് ഇടവകപ്പള്ളികളിൽ വൈദികർ മാത്രം ആ കർമ്മങ്ങൾ നടത്തുന്നതായിരിക്കും. സാധിക്കുന്നിടത്തോളം വിശ്വാസിസമൂഹം അവരവരുടെ വീടുകളിൽ അഥവാ സമർപ്പിത ഭവനങ്ങളിൽ നിന്ന് തന്നെ അവയിൽ ഓൺലൈനായി ആത്മീയമായി പങ്ക് ചേരുക. വിശുദ്ധവാര തിരുക്കർമ്മങ്ങൾ പല തരം മാദ്ധ്യമങ്ങളിലൂടെ നിങ്ങൾക്ക് ലഭ്യമാണ്. നമ്മുടെ ബിഷപ്പ്സ് ഹൗസിൽ ഞാൻ നേതൃത്വം കൊടുക്കുന്നവയും ഫെയ്സ് ബുക്കിലൂടെ പരിമിതമായി സ്ടീം ചെയ്യുന്നുണ്ട്. അവയിൽ ഏതിലെങ്കിലും നിങ്ങൾക്ക് പങ്ക് ചേരാവുന്നതാണ്. വിശുദ്ധവാരത്തിലെ തിരുക്കർമ്മങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന മറ്റൊരു സർക്കുലർ അധികം താമസിയാതെ നിങ്ങളുടെ കൈകളിൽ എത്തുന്നതാണ്.

ഈ പ്രതിസന്ധിയിൽ നിങ്ങൾ ദുഃഖിക്കരുത്. നിങ്ങളുടെ മനസ്സ് തളരരുത്. പഴയനിയമത്തിലെ ജോബിന്റെ മാതൃക നിങ്ങൾക്ക് ശക്തി പകരട്ടെ. എന്റെ പ്രാർത്ഥന എപ്പോഴും നിങ്ങളോടു കൂടിയുണ്ട്. അസാദ്ധ്യമായത് ദൈവം നമ്മളിൽ നിന്ന് ആവശ്യപ്പെടുന്നില്ല. എത്രയും വേഗം ലോകത്തെ കൊറോണാ വൈറസ് എന്ന മഹാമാരിയിൽ നിന്ന് മോചിപ്പിക്കണമെ എന്ന് നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. പരിശുദ്ധ അമ്മയുടെയും സകല വിശുദ്ധരുടെയും, നമ്മുടെ പിതാവായ വിശുദ്ധ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും, പ്രാർത്ഥനകൾ നമ്മോടു കൂടി ഉണ്ടായിരിക്കട്ടെ. നിങ്ങൾക്കേവർക്കും കർത്താവിന്റെ ഉയിർപ്പിന്റെ അനുഭവം ഉണ്ടാകട്ടെ എന്ന്

പ്രാർത്ഥിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2020 മാർച്ച് മാസം 30 ന് നല്കപ്പെട്ടത്.



ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

JOSE PORUNNEDOM
BISHOP OF MANANTHAVADY

Circular No. 12/2020
Prot. No. 22997/2020

കർത്താവിനാൽ സ്നേഹിക്കപ്പെട്ട ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരെ, സഹോദരങ്ങളെ, പ്രിയപ്പെട്ട കുട്ടികളേ,

ഒരാഴ്ചയിലേറെയായി നമ്മളെല്ലാം കൊറോണാ വൈറസ് ബാധ തടയുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയിരിക്കുന്ന അടച്ചിടലിലൂടെ കടന്ന് പോകുകയാണല്ലൊ. ഇതുമൂലം നിങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട് എന്ന് മനസ്സിലാക്കുന്നു. എങ്കിലും ഇതിലും വലിയ ഒരു പ്രതിസന്ധിയെ തടഞ്ഞു നിർത്താനുള്ള മാർഗ്ഗമെന്ന നിലയിൽ സർക്കാരിന്റെ എല്ലാ നിർദ്ദേശങ്ങളോടും ആത്മാർത്ഥമായി നമ്മൾ സഹകരിക്കണം. നമ്മൾ മൂലം നമുക്ക് മാത്രമല്ല മറ്റുള്ളവർക്കും രോഗം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് ക്രിസ്തീയ കടമയാണ് എന്ന് പറയേണ്ടതില്ലല്ലൊ. ഇത്തരം കാര്യങ്ങളിൽ ക്രൈസ്തവർ എന്നും മാതൃകാപരമായിട്ടാണ് പെരുമാറിയിട്ടുള്ളത്. ഈ പ്രതിസന്ധിയിലും നമ്മൾ ആ പാരമ്പര്യം തന്നെ പിൻചെല്ലണം.

ചില കാര്യങ്ങൾ നിയമം മൂലം നിരോധിച്ചിരിക്കുന്നത്, അങ്ങനെ ചെയ്തെങ്കിലേ നമ്മൾ അനുസരിക്കുകയുള്ളു എന്നതിനാലാണ്. നിയമലംഘകർക്ക് ശിക്ഷയുണ്ടാകും. അതിനെ ഭയന്നിട്ടെങ്കിലും നിർദ്ദേശങ്ങൾ പാലിക്കും. എന്നാൽ കേവലം നിയമം അനുസരിക്കാൻ വേണ്ടിയല്ല നമ്മൾ അനുസരിക്കുന്നത്; പ്രത്യുത ക്രൈസ്തവർ എന്ന നിലയിൽ നമ്മുടെ വിശ്വാസം അതാവശ്യപ്പെടുന്നതുകൊണ്ടാണ്. ഇക്കാര്യങ്ങളെല്ലാം പ്രതിപാദിച്ചുകൊണ്ട് അല്പം ദീർഘമായ ഒരു സർക്കുലർ സമൂഹമാദ്ധ്യമങ്ങളിലൂടെ നിങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടല്ലൊ. *കൊറോണാ കാലത്തെ വിശ്വാസചിന്തകൾ* എന്ന ആ സർക്കുലർ എല്ലാവരും ശ്രദ്ധാപൂർവം വായിച്ച് അതിലെ ആശയങ്ങൾ ഉൾക്കൊള്ളണം എന്നഭ്യർത്ഥിക്കുന്നു.

വൈറസ് ബാധയുടെ ഭീതി നിലനില്ക്കുന്നതിനാൽ അടച്ചിടൽ കാലത്ത് കൂട്ടം ചേർന്നുള്ള പരിപാടികളെല്ലാം സർക്കാർ നിരോധിരിക്കുകയാണ്. അതിനാൽ സമൂഹത്തെ പങ്കെടുപ്പിച്ച് കൊണ്ടുള്ള വിശുദ്ധവാര തിരുക്കർമ്മങ്ങൾ ദൈവാലയങ്ങളിൽ ഉണ്ടായിരിക്കുകയില്ല എന്ന കാര്യം ഇതിനകം നിങ്ങൾ മനസ്സിലാക്കിയിരിക്കുമല്ലൊ. ക്രിസ്ത്യാനികളെ പ്രത്യേകിച്ച് കത്തോലിക്കരെ സംബന്ധിച്ച് ഏറെ ദു:ഖകരമാണ് അത്. എത്രയും വേഗം ലോകത്തെ ഈ മഹാമാരിയിൽ നിന്ന് മോചിപ്പിക്കണമെ എന്ന് പ്രാർത്ഥിക്കാം.

വിശുദ്ധവാര തിരുക്കർമ്മങ്ങൾക്ക് പകരമായി എന്ത് ചെയ്യാൻ പറ്റും എന്ന് ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചന്മാരുമായി വീഡിയോ കോൺഫ്രൻസിലൂടെ ചർച്ച ചെയ്യുകയുണ്ടായി. പല തരത്തിലുള്ള അഭിപ്രായങ്ങൾ ഉരുത്തിരിഞ്ഞു വന്നു. അവയുടെ പശ്ചാത്തലത്തിൽ താഴെ പറയുന്ന ക്രമീകരണമാണ് വിശുദ്ധവാരത്തിലേക്ക് മാനന്തവാടി രൂപതയിൽ ചെയ്തിരിക്കുന്നത്.

**<u>പൊതു നിർദ്ദേശങ്ങൾ</u>**

1. മുമ്പ് അറിയിച്ചിരുന്നതുപോലെ ആളുകൾ ഒരുമിച്ച് ചേർന്നുള്ള ചടങ്ങുകൾക്കുള്ള വിലക്ക് സർക്കാർ നീക്കുന്നതു വരെ നമ്മുടെ പള്ളികളിലും താദൃശമായ മറ്റ് സ്ഥലങ്ങളിലും വിശ്വാസിസമൂഹത്തിന്റെ പങ്കാളിത്തമുള്ള ഒരു ചടങ്ങും നടത്തപ്പെടുന്നതല്ല.
2. അതിനാൽ ഏതെങ്കിലും ദിവസത്തെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാനുള്ള വിശ്വാസികൾക്കുള്ള കടമ ഈ കാലത്ത് ഉണ്ടായിരിക്കുന്നതുമല്ല.
3. പെസഹാ കാലത്തുള്ള വ്യക്തിഗത കുമ്പസാരം ഈ വർഷം സാധിക്കുകയില്ല. അതിനാൽ ഇക്കാര്യത്തിൽ സഭ പൊതുവായി സ്വീകരിച്ചിട്ടുള്ള നയമാണ് നമ്മുടെ രൂപതയിലും സ്വീകരിച്ചിരിക്കുന്നത്. അതായത്, അവരവർ തങ്ങളുടെ പാപങ്ങളെപ്പറ്റി പശ്ചാത്തപിച്ച് ദൈവത്തോട് മാപ്പപേക്ഷിക്കുകയും അവ ആവർത്തിക്കാതിരിക്കാനുള്ള തീരുമാനം എടുക്കുകയും

ചെയ്യുക; സാധിക്കുന്ന ഏറ്റവും അടുത്ത സമയത്ത് വ്യക്തിഗത കുമ്പസാരം നടത്തിക്കൊള്ളാമെന്ന് മനസ്സിൽ ഉറച്ച തീരുമാനം എടുക്കുക. അത് പാലിക്കാനായി ഈശോയുടെ കൃപ യാചിക്കുകയും നിശ്ചിത ഭക്തകൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക. വ്യക്തിഗത കുമ്പസാരത്തിൽ ലഭിയ്ക്കുന്ന പ്രായശ്ചിത്തം ചെയ്തുകൊള്ളാം എന്ന് തീരുമാനിക്കുന്നതിനോടൊപ്പം സ്വന്തം നിലയിൽ എന്തെങ്കിലുമൊക്കെ പരോപകാര പ്രവൃത്തികൾ ഇപ്പോൾ ചെയ്യുകയും ചെയ്യുക.

4. കുടുംബനാഥന്റെ അല്ലെങ്കിൽ നാഥയുടെ നേതൃത്വത്തിൽ കുടുംബങ്ങളിലും സുപ്പീരിയറുടെ നേതൃത്വത്തിൽ സമർപ്പിത ഭവനങ്ങളിലും നടത്താൻ പറ്റിയ തരത്തിലുള്ള പൊതു അനുതാപശുശ്രൂഷാ ക്രമങ്ങൾ രൂപതാകേന്ദ്രത്തിൽ നിന്ന് തയ്യാറാക്കിയിട്ടുണ്ട്. മേല്പ്പറഞ്ഞ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അതുപയോഗിച്ച് അനുതാപ ശുശ്രൂഷ നടത്തുകയും ആകാം.
5. എല്ലാ ഇടവക ദൈവാലയങ്ങളിലും, വിശ്വാസിസമൂഹത്തിനായി വി. കുർബാന അർപ്പിക്കപ്പെടുന്ന മറ്റ് സ്ഥലങ്ങളിലും വിശുദ്ധവാര തിരുക്കർമ്മങ്ങൾ വളരെ ലളിതമായി വിശ്വാസിസമൂഹത്തിന്റെ പങ്കാളിത്തമില്ലാതെ നടത്തുക എന്നതാണ് നമ്മുടെ രൂപതയിൽ സ്വീകരിച്ചിരിക്കുന നയം.
6. അഞ്ച് പേരിൽ കൂടുതൽ പങ്കെടുക്കുന്ന ചടങ്ങുകളാണ് സർക്കാർ നിരോധിച്ചിരിക്കുന്നതെങ്കിലും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സാമൂഹ്യമായ അകലം പാലിക്കുക എളുപ്പമല്ലാത്തതിനാലാണ് ഇപ്രകാരം നമ്മൾ തീരുമാനിച്ചത്. വരുന്നവർ അഞ്ചു പേരേ ഉള്ളു എങ്കിലും അവരിൽ ആരെങ്കിലും ഒരാൾക്ക് വൈറസ് ബാധ ഉണ്ടായാൽ മതിയല്ലോ രോഗം പകരാൻ. അത് നമ്മൾ എന്ത് വില കൊടുത്തും ഒഴിവാക്കണം. ഒരു പക്ഷെ വിശ്വാസത്തിന്റെ കണ്ണിലൂടെ നോക്കിക്കാണുന്ന നമ്മൾക്ക് വിശുദ്ധവാരത്തിൽ പള്ളിയിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നത് വളരെ പ്രധാനമാണെങ്കിലും മറ്റ് മതസ്ഥരും മതമില്ലാത്തവരും അങ്ങനെ കാണണമെന്നില്ല. ഈ പ്രതിസന്ധിഘട്ടത്തിലും ജോലിസ്ഥലത്തായിരിക്കാൻ

നിർബന്ധിതരായവരോ അവരുടെ ബന്ധുക്കളോ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ വരുന്ന അഞ്ചു പേരുടെ കൂടെയുണ്ടെങ്കിൽ രോഗം പകരാനുള്ള സാദ്ധ്യത ഉണ്ട്. ഈ കാര്യങ്ങളെല്ലാം ഇത്തരുണത്തിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്.

7. ഓരോ ഇടവകയിലെയും ദൈവാലയത്തിൽ നടത്തപ്പെടുന്ന തിരുക്കർമ്മങ്ങളുടെ സമയവിവരം സമൂഹമാദ്ധ്യമങ്ങൾ വഴി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇടവകജനത്തെ അറിയിക്കണം. അവ തൽസമയം സംപ്രേഷണം ചെയ്യപ്പെടുന്നുണ്ടെകിൽ അവയിലൊ, അല്ലെങ്കിൽ മറ്റേതെങ്കിലും കത്തോലിക്കാ ദൈവാലയത്തിൽ നിന്ന് ടെലിവിഷൻ, ഫേയ്സ് ബുക്ക്, യു ട്യൂബ് തുടങ്ങിയ മാദ്ധ്യമങ്ങളിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്ന തിരുക്കർമ്മങ്ങളിലോ ഇടവകജനത്തിന് പങ്കെടുക്കാവുന്നതാണ്.

8. ഒരു മാർഗ്ഗത്തിലൂടെയും തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്തവർ യാമപ്രാർത്ഥന, വി. ഗ്രന്ഥവായന, ജപമാല, തുടങ്ങിയ ഭക്തകൃത്യങ്ങൾ അനുഷ്ഠിച്ച് അവരവർ ആയിരിക്കുന്ന സ്ഥലത്ത് കുറച്ച് സമയം പ്രാർത്ഥനയിൽ ചെലവഴിക്കുക.

9. ഓശാന ഞായർ, പെസഹാ വ്യാഴം, ദുഃഖവെള്ളി, ഉയിർപ്പ് ഞായർ എന്നീ ദിവസങ്ങളിൽ മാനന്തവാടി ബിഷപ്പ്സ് ഹൗസിന്റെ ചാപ്പലിൽ നടത്തപ്പെടുന്ന തിരുക്കർമ്മങ്ങൾ തൽസമയം രൂപതയുടെ ഫെയ്സ് ബുക്ക് പേജിലും യുട്യൂബ് ചാനലിലും ലഭ്യമാണ്. സമയവിവരം പിന്നീട് അറിയിക്കുന്നതാണ്. ഓരോ ദിവസവും വൈകുന്നേരം പിറ്റെ ദിവസത്തെ തിരുക്കർമ്മങ്ങളുടെ സമയം ഓർമ്മപ്പെടുത്തുകയും ചെയ്യുന്നതാണ്.

10. വലിയ നോമ്പും വിശുദ്ധവാരവുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങളും കർമ്മവിധികളും മറ്റും കുടുംബനാഥന്മാരുടെ / നാഥമാരുടെ / സമർപ്പിതഭവനങ്ങളുടെ സുപ്പീരിയർമാരുടെ നേതൃത്വത്തിൽ നടത്തത്തക്ക വിധം ഒരു മൊബൈൽ ആപ്പ് രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്. അത് നിങ്ങൾക്ക് ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. അവയുടെ ലിങ്ക് പിന്നീട് ലഭ്യമാക്കുന്നതാണ്.

11. നമ്മുടെ രൂപതയുടെയും ഓരോ ഇടവകയുടെയും മൊബൈൽ ആപ്പിലും അത് ലഭ്യമാണ്. നമ്മുടെ ഇടവകകൾക്കായുള്ള മൊബൈൽ ആപ്പുകൾ ഈയവസരത്തിൽ എല്ലാ ഇടവകവികാരിമാരുടെ മൊബൈലിലും തുടർന്ന് എല്ലാ കുടുംബങ്ങളിലും ഒരാളുടെയെങ്കിലും മൊബൈലിലും ഇൻസ്റ്റാൾ ചെയ്താൽ തത്കാലം നമ്മുക്ക് ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന ആപ്പ് ഉപയോഗിക്കാം. തുടർന്ന് നമ്മുടെ കുടുംബവിവരങ്ങൾ ആത്മസ്ഥിതിയിലേതുപോലെ ആ ആപ്പിൽ ലഭ്യമാക്കാനും കഴിയും. എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും അസിസ്റ്റന്റ് അച്ചന്മാരും ഇക്കാര്യത്തിൽ താത്പര്യമെടുക്കണേ. ഇപ്പോഴാണെങ്കിൽ എല്ലാവർക്കും ധാരാളം സമയമുണ്ട്. ഒരു കുടുംബത്തിന്റെ വിവരങ്ങൾ അതാത് കുടുംബക്കാർ തന്നെ **enter** ചെയ്യുകയാണെകിൽ അര മണിക്കൂറിൽ താഴെ മതി. ഈ കാര്യത്തിൽ ഏതു ഏത് സംശയത്തിനുള്ള നിവാരണവും രൂപതാ കേന്ദ്രത്തിൽ നിന്നോ ഫോറോനാകളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള കൊച്ചച്ചന്മാരിൽ നിന്നോ ലഭ്യമാണ്.
12. വി. ബൈബിൾ, വി. കുർബാന, യാമപ്രാർത്ഥനകൾ, മറ്റ് അനുദിന പ്രാർത്ഥനകൾ തുടങ്ങിയവ എല്ലാം ഇപ്രകാരം മൊബൈൽ ഫോണിലോ ടാബ് ലറ്റിലോ ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. അവയെല്ലാം ഇപ്പോൾ തന്നെ ലഭ്യമാണ്. സീറോമലബാർ (Syro Malabar) എന്ന് ടൈപ്പ് ചെയ്ത് പ്ലേ സ്റ്റോറിലോ ആപ്പ് സ്റ്റോറിലോ തെരഞ്ഞാൽ ഇവ ലഭ്യമാകും.
13. ബഹുമാനപ്പെട്ട ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും ഭവനങ്ങളിൽ നടത്താവുന്ന അനുതാപശുശ്രൂഷയുടെ ക്രമവും മുകളിൽ സൂചിപ്പിച്ച മൊബൈൽ ആപ്പിൽ ക്രമീകരിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ പുറത്തുനിന്നുള്ള വൈദികർ ഈ ഭവനങ്ങളിൽ വന്ന് കർമ്മങ്ങൾ നടത്തുന്നതും ഈ ഭവനത്തിലെ അംഗങ്ങൾ ഇടവകപ്പള്ളിയിലേക്കോ മറ്റ് സമർപ്പിത ഭവനങ്ങളിലേക്കോ പോകുന്നതും അനുവദനീയമല്ല എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.

14. രൂപതാദ്ധ്യക്ഷന്മാർക്ക് തങ്ങളുടെ കത്തീഡ്രൽ ദൈവാലയങ്ങളിൽ വിശുദ്ധവാര ശുശ്രൂഷകൾ, വിശ്വാസിസമൂഹത്തിന്റെ പങ്കാളിത്തമില്ലാതെ, എന്നാൽ അവരെ സമയവും മറ്റും അറിയിച്ചിട്ട്, നടത്താം എന്നാണ് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ നിർദ്ദേശം. ഏങ്കിലും നിർദ്ദേശം പ്രാദേശികമായ മാറ്റങ്ങൾക്ക് വിധേയമാണ്. നമ്മുടെ രൂപതയിലെ കത്തീഡ്രൽ ദൈവാലയത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചനും അസ്സിസ്റ്റന്റ് അച്ചനുമായിരിക്കും തിരുക്കർമ്മങ്ങൾ നടത്തുന്നത്. കത്തീഡ്രലിൽ പോകുമ്പോൾ അഞ്ചു പേരിൽ കൂടുതൽ പേരുടെ സാന്നിദ്ധ്യം ഉണ്ടാകുമെന്നതിനാലും തിരുക്കർമ്മങ്ങൾ അവിടെ നിന്ന് സംപ്രേഷണം ചെയ്യാനുള്ള സംവിധാനം ഒരുക്കാൻ പ്രയാസമാണ് എന്നതിനാലുമാണ് ഇപ്രകാരം തീരുമാനിച്ചത്.

**<u>ഓശാന ഞായർ:</u>**

വെഞ്ചിരിച്ച കുരുത്തോല നമ്മുടെ വിശ്വാസജീവിതത്തിൽ വലിയൊരു സ്ഥാനം നേടിയിട്ടുണ്ട് എന്നതൊരു വസ്തുതയാണ്. എങ്കിലും ഇടവകപ്പള്ളിയിൽ പോകാനോ വെഞ്ചരിച്ച ഓല വാങ്ങാനോ ഒന്നും ഇപ്രാവശ്യം സാദ്ധ്യമല്ല. ഏതെങ്കിലും രീതിയിൽ പള്ളിയിൽ നിന്ന് ഓല വീടുകളിൽ എത്തിച്ചു കൊടുക്കുന്നതും അനുവദനീയമല്ല.

അതുകൊണ്ട് ഇനി പറയുന്ന ക്രമീകരണമാണ് അതിനായി ചെയ്തിരിക്കുന്നത്. ഓല വേണ്ട എന്ന് തോന്നുന്നവർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. വേണം എന്നുവരുടെ കാര്യമാണ് ഇവിടെ പരാമർശിക്കുന്നത്.

1. കഴിഞ്ഞ വർഷത്തെ ഓല സൂക്ഷിച്ച് വച്ചിട്ടുള്ളവർക്ക് അത് ഉപയോഗിക്കാവുന്നതാണ്.
2. ബിഷപ്പ്സ് ഹൗസ് ചാപ്പലിലെ ശുശ്രൂഷയുടെ സമയത്ത് പ്രതീകാത്മകമായി ഏതാനും ഓലകൾ വെഞ്ചരിക്കുന്നതാണ്. ആ സമയം വീടുകളിലോ സമർപ്പിത ഭവനങ്ങളിലോ ആയിരുന്നുകൊണ്ട് അതിൽ പങ്ക് ചേരുന്നവർക്ക് അവരവരുടെ സ്ഥലങ്ങളിൽ

ആവശ്യമുള്ളത്ര ഓല തയ്യാറാക്കി വയ്ക്കുകയാണെങ്കിൽ അവയും വെഞ്ചരിക്കപ്പെടുന്നതാണ്. വെഞ്ചരിപ്പ് എന്നത് ഒരു ആത്മീയ ശുശ്രൂഷ ആയതിനാൽ ഈ വെഞ്ചരിപ്പ് സാധുവായിരിക്കും.

3. ബിഷപ്പ്സ് ഹൗസ് ചാപ്പലിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ പറ്റാത്തവർ ഏതെങ്കിലും കത്തോലിക്കാ ദൈവാലയത്തിൽ നിന്നുള്ള തിരുക്കർമ്മങ്ങളുടെ തൽസമയ സംപ്രേഷണത്തിൽ പങ്കെടുത്ത് ആ സമയം അവർ ആയിരിക്കുന്ന സ്ഥലങ്ങളിൽ ഓലകൾ തയ്യാറാക്കി വച്ച് കാർമ്മികന്റെ പ്രാർത്ഥനയിൽ ആത്മീയമായി ഒന്നു ചേർന്ന് ആ ഓലകളെയും വിശുദ്ധീകരിച്ച് തരണമെ എന്ന് പ്രാർത്ഥിച്ചാൽ മതിയാകും.
4. ഇത്തരുണത്തിൽ ഓലയെപ്പറ്റിയുള്ള ചില തെറ്റിദ്ധാരണകളും നമ്മൾ തിരുത്തേണ്ടതായിട്ടുണ്ട്. ഓലയുടെ വലുപ്പവും മൂപ്പും ഉണങ്ങാതെയിരിക്കുന്ന ദിവസങ്ങളും എല്ലാം നോക്കി അത് കിട്ടുന്നയാളിന്റെ ജീവിതദൈർഘ്യം തീരുമാനിക്കപ്പെടുന്നു എന്നൊരു അന്ധവിശ്വാസം ചിലരുടെ ഇടയിലുണ്ട്. അങ്ങനെയുള്ള പ്രത്യേകതകൾ വെഞ്ചരിച്ച കുരുത്തോലകൾക്കില്ല എന്ന് ഓർമ്മിപ്പിക്കട്ടെ.

**<u>പെസഹാ വ്യാഴം</u>**

1. പെസഹാ വ്യാഴാഴ്ച കാലുകഴുകൽ ഉണ്ടായിരിക്കുകയില്ല. ബാക്കി എല്ലാ കർമ്മ വിധികളും പതിവു പോലെ തന്നെയായിരിക്കും.
2. പെസഹാ വ്യാഴാഴ്ച പള്ളിയിൽ വിശ്വാസിസമൂഹത്തിന്റെ പങ്കാളിത്തത്തോടെ സാധാരണ നടത്തപ്പെടുന്ന ദിവ്യകാരുണ്യാരാധന ഉണ്ടായിരിക്കുകയില്ല. എന്നാൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും അസിസ്റ്റന്റ് അച്ചന്മാരും അപ്രകാരം ചെയ്യുന്നത് സമയോചിതമാണ്. അതുപോലെ തന്നെ സ്ഥാപനങ്ങളിലുള്ള ബഹുമാനപ്പെട്ട വൈദികരും. *അങ്ങനെ ഇസ്രായേൽ വിശുദ്ധവസ്തുക്കൾ കാഴ്ച സമർപ്പിക്കുന്നതിൽ വരുത്തുന്ന വീഴ്ചകൾ അവൻ വഹിക്കട്ടെ*

(പുറപ്പാ. 28:38). *അങ്ങനെ അഹറോൻ തന്റെ മാറിൽ ഇസ്രായേലിന്റെ ന്യായവിധി കർത്താവിന്റെ സന്നിധിയിൽ നിരന്തരം വഹിക്കട്ടെ* (പുറപ്പാ. 28:30). സമർപ്പിതരും അവരവരുടെ ഭവനങ്ങളിൽ ഇപ്രകാരം ചെയ്യുന്നത് അഭിലഷണീയമാണ്.

3. കുടുംബങ്ങളിൽ പെസഹാവ്യാഴാഴ്ച പ്രത്യേകമായി നമ്മുടെ രൂപതയിലെ വൈദികരെ ഓർത്ത് പ്രാർത്ഥിക്കണം എന്നഭ്യർത്ഥിക്കുന്നു. കാരണം അവരാണല്ലോ ഓരോ ദിവസവും ഈശോയെ കൂദാശാരൂപത്തിൽ നമ്മിൽ സംജാതമാക്കുന്നത്. സമർപ്പിതരും കുടുംബങ്ങളിൽ സ്മരിക്കപ്പെടണം, അവരുടെ ജീവിതം അവരെടുത്തിരിക്കുന്ന വ്രതങ്ങൾക്ക് അനുസരിച്ചാകാൻ വേണ്ടി. സഭയുടെ ശുശ്രൂഷാ മുഖമാണവർ.
4. അപ്പം മുറിക്കൽ നമ്മുടെ രൂപതയിൽ ഇപ്പോൾ ഇടവകപ്പള്ളിയിൽ ഇല്ല എന്നതുകൊണ്ട് അതെപ്പറ്റി പറയേണ്ടതില്ലല്ലൊ.
5. വീടുകളിലും സമർപ്പിതഭവനങ്ങളിലും അതാത് കുടുംബങ്ങളിലെയും സമർപ്പിതഭവനങ്ങളിലെയും അംഗങ്ങൾ മാത്രമെ അപ്പം മുറിക്കൽ ചടങ്ങിൽ പങ്കെടുക്കാവൂ എന്ന കാര്യവും ഓർമ്മിക്കുക. ഈ ദിവസത്തേക്കുള്ള കർമ്മങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ കുടുംബങ്ങളിൽ അപ്പം മുറിക്കൽ കാലു കഴുകലിന്റെ സമയത്ത് അതിനു പകരമായി നടത്താവുന്നതാണ്. സാമൂഹ്യമായ അകലം പാലിക്കുക എന്ന നിർദ്ദേശം നിലവിലുള്ളതിനാൽ കാലുകഴുകൽ പ്രോൽസാഹിപ്പിക്കുന്നില്ല.
6. കർത്താവ് ശ്ലീഹന്മാരുടെ കാലു കഴുകിയത് അപ്പം മുറിക്കൽ ചടങ്ങിന് ശേഷമാണല്ലൊ. അപ്പം മുറിക്കലും കാലുകഴുകലും ഒരേ യാഥാർത്ഥ്യത്തിന്റെ രണ്ട് വശങ്ങളാണ്. അതായത് കാലുകഴുകാനുള്ള മനസ്സില്ലാതെ അപ്പം മുറിക്കൽ (വി. കുർബാന) പൂർണ്ണമാകുകയില്ല. എന്നാൽ വി. യോഹന്നാന്റെ സുവിശേഷത്തിൽ അപ്പം മുറിക്കലിന്റെ കാര്യം പറയുന്നില്ല. അതിന്റെ സ്ഥാനത്ത് കാലു കഴുകലാണ് കൊടുത്തിരിക്കുന്നത്.

അതിന്റെ കാരണം അദ്ദേഹം സുവിശേഷം രേഖപ്പെടുത്തുന്ന കാലമായപ്പോഴേയ്ക്കും സഭാസമൂഹത്തിൽ പ്രഥമസ്ഥാനത്തിനും നേതൃത്വസ്ഥാനത്തിനും വേണ്ടിയുള്ള പിടിവലികൾ രൂക്ഷമായിക്കഴിഞ്ഞിരുന്നു എന്നതാണ്. അപ്പം മുറിക്കൽ കുറെ നിയമങ്ങൾ അനുസരിച്ച് ചെയ്തു തീർക്കേണ്ട ഒരു അനുഷ്ഠാനമായും തരം താഴ്ന്നിരുന്നു. അത് കർത്താവിന്റെ പ്രബോധനത്തിന് വിരുദ്ധമാണ് എന്ന് കാണിക്കുകയാണ് കാലു കഴുകുന്ന രംഗം വിശദീകരിക്കുന്നതിലൂടെ വി. യോഹന്നാൻ ചെയ്യുന്നത്. ഈശോയുടെ കാലത്ത് കാലുകഴുകൽ അടിമയുടെ ജോലിയായിരുന്നു. മനുഷ്യരുടേതെന്നല്ല, മൃഗത്തിന്റെ പോലും അവകാശങ്ങൾ ഏതുമില്ലാത്താത്ത ഒരു വസ്തു. കേവലം അനുഷ്ഠാനമല്ല അപ്പം മുറിക്കൽ കൊണ്ട് കർത്താവ് ഉദ്ദേശിച്ചത് എന്ന് ഉറപ്പിച്ച് പറയാൻ വേണ്ടിയാണ് അപ്പം മുറിക്കലിന് പകരമായി കാലു കഴുകൽ ശുശ്രൂഷ യോഹന്നാൻ രേഖപ്പെടുത്തിയത്. അപ്പം ഈശോയുടെ ശരീരമാണ്. അതാണ് മുറിക്കപ്പെട്ടതും ശിഷ്യർക്ക് കൊടുത്തതും. അതു തന്നെയാണ് കാലുകഴുകലിൽ സംഭവിക്കുന്നതും. ലോകത്തിന്റെ പാപങ്ങൾക്ക് മോചനം കൊടുക്കാൻ സ്വയം മുറിച്ച് കൊടുക്കുന്നവരാകണം ക്രിസ്തുശിഷ്യർ. അതാണ് ക്രൈസ്തവമാർഗ്ഗം തുറക്കുന്ന പുതിയ വഴി. ഇതു തന്നെയാണ് ഇന്നത്തെയും എന്നത്തെയും അവിടുത്തെ ശരീരമായ സഭാസമൂഹം ചെയ്യേണ്ടതും. അവിടുത്തെ ശരീരവും രക്തവും സ്വീകരിക്കുന്നവർ അവിടുത്തെ സ്വഭാവം ഉൾക്കൊള്ളണം. അതുകൊണ്ടാണ് ഈ വാക്കുകൾ കഠിനമാണ് എന്ന് എന്ന് പറഞ്ഞ് കുറെ ശിഷ്യന്മാർ അവിടുത്തെ വിട്ടു പോയത് (യോഹ.: 60:6–7).

## ദു:ഖവെള്ളി

1. ബിഷപ്പ്സ് ഹൗസ് ചാപ്പലിൽ നടത്തപ്പെടുന്ന തിരുക്കർമ്മങ്ങളിൽ യൂട്യൂബിലുടെയും ഫെയ്സ് ബുക്കിലൂടെയും തൽസമയം പങ്കെടുക്കാം. ക്രൂശിത രൂപത്തിന്റെ വിരി മാറ്റുന്ന സമയം അതേപോലെ ഒരു ചടങ്ങ് വീടുകളിലും സമർപ്പിത ഭവനങ്ങളിലും നടത്താവുന്നതാണ്. കയ്പ്പു നീർ കുടിക്കണം എന്നുള്ളവർക്ക് അതും ആകാം. പലരുടെ സ്പർശനം ഉണ്ടാകുമെന്നതിനാൽ കുരിശു മുത്തുന്നതിനു പകരം കുമ്പിട്ട് വണങ്ങുക മാത്രമേ ചെയ്യുന്നുള്ളു.
2. കുരിശിന്റെ വഴി അവരവരുടെ സാഹചര്യങ്ങൾ അനുവദിക്കുന്ന പ്രകാരം വീടിനു ചുറ്റുമോ വീട്ടിനുള്ളിലോ വേണമെങ്കിൽ നടത്താം. സമർപ്പിത ഭവനങ്ങളിൽ കുരിശിന്റെ വഴി സാധാരണ പോലെ നടത്തുക. ഇക്കാര്യങ്ങളിലൊന്നും നിർബന്ധം ഇല്ല എന്നും പറയട്ടെ.
3. ദു:ഖവെള്ളിയാഴ്ച നമ്മുടെ പാരമ്പര്യം പാലിച്ച് കടപ്പെട്ട എല്ലാവരും ഉപസിക്കാനും കൂടുതൽ സമയം പ്രാർത്ഥനയിലും ബൈബിൾ വായനയിലും ചെലവഴിക്കാനും പരിശ്രമിക്കുക.

## ദുഖഃശനി, ഉയിർപ്പ് ഞായർ

1. ദുഖഃശനിയാഴ്ച രാവിലെ വി. കുർബാനയോ മറ്റ് തിരുക്കർമ്മങ്ങളോ ബിഷപ്പ്സ് ഹൗസിന്റെ ചാപ്പലിൽ ഉണ്ടായിരിക്കുന്നതല്ല. അതേ സമയം ഇടവകകളിൽ വേണമെങ്കിൽ വി. കുർബാന പതിവു പോലെ വിശ്വാസി സമൂഹമില്ലാതെ അർപ്പിക്കാവുന്നതാണ്.
2. വൈകുന്നേരം ബിഷപ്പ്സ് ഹൗസിന്റെ ചാപ്പലിൽ ഉയിർപ്പ് തിരുനാളിന്റെ റംശാ പ്രാർത്ഥനയോടെ കൂടിയാണ് ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ നടത്തപ്പെടുന്നത്. പൊതുവെ എല്ലാ റീത്തിലും ഇപ്രകാരം തന്നെയാണ് നടത്തുന്നത്. നമ്മുടെ സഭയിലും പുനരുദ്ധരിക്കപ്പെട്ട ക്രമമനുസരിച്ച് ഇങ്ങനെ തന്നെ നടത്തുന്നതാണ് ഉത്തമം എന്ന് പറഞ്ഞിട്ടുണ്ട്. ആ രീതിയിൽ നടത്താനുള്ള

പുസ്തകങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ൧ംശ പ്രാർത്ഥനയോട് കർമ്മങ്ങൾ ആരംഭിച്ച് ഉയിർപ്പു കുർബാനയോടെ അവസാനിക്കുന്നു. ഈ തിരുക്കർമ്മങ്ങളിലും തൽസമയം യൂ ട്യൂബിലൂടെയും ഫെയ്സ് ബുക്കിലൂടെയും പങ്കെടുക്കാവുന്നതാണ്.

3. ഇടവകപ്പള്ളികളിലും ഇപ്രകാരം നടത്തുന്നത് ഉചിതമാണ്. ഞായറാഴ്ച വി. കുർബാന അർപ്പിക്കണമെന്നില്ല, എങ്കിലും താത്പര്യമുള്ളിടത്ത് ഞായറാഴ്ചയും വിശ്വാസിസമൂഹത്തിന്റെ പങ്കാളിത്തമില്ലാതെ വി. കുർബാന അർപ്പിക്കുന്നതി ന് തടസ്സമില്ല.


കർത്താവിന്റെ സഹനമാണല്ലോ നമുക്ക് രക്ഷാകരമായി തീർന്നത്. ഇന്ന് അവിടുത്തെ മൗതികശരീരമാണ് ആ സഹനത്തിലൂടെ കടന്നു പോകേണ്ടത്, കാരണം അവിടുത്തെ രക്ഷണീയ ദൗത്യം ഇന്നത്തെ മനുഷ്യർക്ക് വേണ്ടി നമ്മളെയാണ് ഏല്പ്പിച്ചിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ സഹനം അവിടുത്തെ സഹനമാണ്. അതാണ് വി. പൗലോസ് ശ്ലീഹാ പറഞ്ഞത്: *നിങ്ങളെ പ്രതിയുള്ള പീഢകളിൽ ഞാൻ സന്തോഷിക്കുന്നു. സഭയാകുന്ന തന്റെ ശരീരത്തെ പ്രതി ക്രിസ്തുവിനു സഹിക്കേണ്ടി വന്ന പീഢകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു* (കൊളൊ. (1:24). ഈ അടച്ചിടൽ കാലം നമുക്ക് സഹനത്തിന്റെ കാലമാണ്. പക്ഷെ അത് ഈ ലോകത്തിന്റെ രക്ഷക്ക് വേണ്ടിയുള്ള സഹനമാണെന്ന് വിശ്വസിക്കുക. വിശ്വസിക്കുക മാത്രമല്ല അത് അങ്ങനെ തന്നെയാണ്. അതുകൊണ്ട് നമുക്കതിൽ ആഹ്ളാദിക്കാം. *മറിച്ച്, എല്ലാ വിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്ന് ഞങ്ങൾ അഭിമാനിക്കുന്നു. വലിയ സഹനത്തിൽ, പീഢകളിൽ, ഞെരുക്കങ്ങളിൽ, അത്യാഹിതങ്ങളിൽ* (2 കോറി. 6:14). *ഇവിടെയാണ് ദൈവത്തിന്റെ കല്പനകൾ പാലിക്കുന്ന വിശുദ്ധരുടെ സഹനശക്തിയും യേശുവിലുള്ള വിശ്വാസവും വേണ്ടത്* (വെളി. 14: 12). ഈ തിരു വചനങ്ങൾ നമുക്ക് മാർഗ്ഗദർശനമരുളട്ടെ.

നമ്മുടെ മനസ്സുകളെയും ഹൃദയങ്ങളെയും അതിനായി കർത്താവ് ശക്തിപ്പെടുത്തട്ടെ. ഉയിർത്തെഴുന്നേറ്റ കർത്താവിൽ നിങ്ങളുടെ ഹൃദയങ്ങളും മനസ്സുകളും ശാന്തിയും സമാധാനവും കണ്ടെത്തട്ടെ. ഏവർക്കും അനുഗ്രഹ

പൂർണ്ണമായ ഉയിർപ്പ് തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടെ കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2020 ഏപ്രിൽ 2 ന് നൽകപ്പെട്ടത്.

യേശുവിൽ,



ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

NOT TO BE SERVED, BUT TO SERVE

**JOSE PORUNNEDOM**
BISHOP OF MANANTHAVADY

Circular No.13/2020
Prot. No.22999/2020

കർത്താവിൽ പ്രിയപ്പെട്ടവരേ,

നമ്മൾ വിശുദ്ധ വാരത്തിലാണല്ലൊ. നാലു നാൾക്കുള്ളിൽ നാം ഉയിർപ്പു തിരുനാളും ആഘോഷിക്കും. ഏതാണ്ട് രണ്ടഴ്ചയോളമായി, നമ്മുടെ വീടുകൾ ദൈവാലയങ്ങളായിരിക്കുന്നു. നമ്മുടെ കുടുംബാംഗങ്ങൾ ആ ദൈവാലയത്തിലെ വിശ്വാസിസമൂഹവും. കുടുംബനാഥനും നാഥയും കാർമ്മികനും കാർമ്മികയും വിശ്വാസപരിശീലകരും ആയിരിക്കുന്നു. അപ്പോൾ ബലി വസ്തു? അതും നമ്മൾ തന്നെ. നമ്മളാകുന്ന സഭ കർത്താവിന്റെ മൗതികശരീരമാണ്. അവിടുന്ന് ശിരസ്സായിട്ടുള്ള ശരീരം. അന്ത്യത്താഴത്തിൽ മുറിച്ചു കൊടുക്കപ്പെട്ട അപ്പം അവിടുത്തെ ശരീരമായിരുന്നു. ഇന്നും ആ ശരീരം തന്നെ മുറിച്ച് കൊടുക്കപ്പെടണം. *എന്റെ നാമത്തിൽ നിങ്ങൾ ഒരുമിച്ച് കൂടുമ്പോഴെല്ലാം ഇത് ചെയ്യുവിൻ* എന്നാണല്ലോ അവിടുന്ന് നമ്മളോട് കല്പിച്ചത്. ലോകത്തിന്റെ പാപങ്ങൾ വഹിക്കുന്ന കുഞ്ഞാടായി നമ്മൾ മാറണം.

ഇത്തരുണത്തിൽ ഒരു പ്രായോഗിക നിർദ്ദേശം നിങ്ങളുടെ മുമ്പിൽ വയ്ക്കുകയാണ്. ഈ വിശുദ്ധവാരത്തിൽ നിങ്ങൾക്ക് പരിചയമുള്ള നിർധനരായ ആർക്കെങ്കിലും നിങ്ങളാൽ കഴിയുന്ന ഒരു സംഖ്യ ഈസ്റ്റർ സമ്മാനമായി നിങ്ങളുടെ ജീവിതം മുറിച്ച് കൊടുക്കുന്നതിന്റെ പ്രതീകമായി കൊടുക്കാമോ? അപ്പം മുറിക്കലിന്റെ പ്രായോഗികതലമായിരിക്കും അത്

അതോടൊപ്പം മറ്റൊരു നിർദ്ദേശം കൂടി മുമ്പോട്ട് വയ്ക്കട്ടെ. അതൊരു വിചിത്ര നിർദ്ദേശമായി നിങ്ങൾക്ക് തോന്നാം. എങ്കിലും എനിക്ക് വേണ്ടി ചെയ്യുമല്ലൊ. ഈസ്റ്റർ സമ്മാനം കൊടുക്കുക മാത്രമല്ല. നമ്മുടെ സർക്കാരുകൾ പ്രോൽസാഹിപ്പിക്കുന്ന ഡിജിറ്റൽ രൂപത്തിൽ അത് കൈമാറ്റം ചെയ്യപ്പെടണം. അതായത് നോട്ടുകളായി കൊടുക്കാതെ നിങ്ങളുടെ മൊബൈൽ ഫോണിൽ നിന്ന് കൈമാറണം. സംഭാവന കൊടുത്താൽ പോരെ,

എന്തിനാണ് ഇത്ര കഷ്ടപ്പെട്ട് ഇങ്ങനെ കൊടുക്കുന്നത് എന്ന് നിങ്ങൾ ഉള്ളിൽ ചോദിച്ചേക്കാം. കൊറോണാ വൈറസ് പരത്തുന്നതിൽ നോട്ടുകൾക്കുള്ള പങ്ക് ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാം. നോട്ടു കൂടാതെയുള്ള പണം കൈമാറ്റം നമ്മുടെ ജീവിതത്തിന്റെ സാധാരണ ഭാഗമായി തുടങ്ങി. അതിനിയും കൂടി വരുകയേയുള്ളു. വലിയ കാലതാമസം കൂടാതെ അത് നിർബന്ധമാക്കപ്പെട്ടെന്നും വരാം. അപ്പോൾ നമ്മൾ ഒരുക്കമുള്ളവരായിരിക്കണം. ഇത്തരം കാര്യങ്ങൾ പഠിക്കാൻ ഇനിയും ഒരു പ്രതിസന്ധി വരെ കാത്തിരിക്കേണ്ടതില്ല. അറിഞ്ഞു കൂടാത്തവരെ ഇക്കാര്യം പരിചയപ്പെടുത്താൻ കൂടിയാണ് നിർദ്ദേശിക്കുന്നത്. സഹകരിക്കുമല്ലൊ.

വളരെ ലളിതമാണ് കാര്യം. ഒരു സ്മാർട്ട് ഫോൺ, അതിലിട്ടിരിക്കുന്ന സിം കാർഡിന്റെ നമ്പറുമായി ബന്ധിപ്പിച്ചിട്ടുള്ള ഒരു ബാങ്ക് അക്കൗണ്ട്, ആ അക്കൗണ്ടുമായി ബന്ധിപ്പിച്ച ഒരു ഡെബിറ്റ് കാർഡ് ഇത്രയും ഉണ്ടെങ്കിൽ കാര്യം നടക്കും. കിട്ടുന്നയാൾക്കും ഇതെല്ലാം ഉണ്ടെങ്കിൽ ഏറ്റവും നല്ലത്. ചുരുങ്ങിയത് ഒരു ബാങ്ക് അക്കൗണ്ട് എങ്കിലും വേണം. കാരണം അക്കൗണ്ടിലേക്കാണ് പണം അയക്കേണ്ടത്.

ആദ്യമായി ഇരുകൂട്ടരും അവരവരുടെ സ്മാർട്ട് ഫോണുകളിൽ കേന്ദ്ര സർക്കാർ സൗജന്യമായി ല്ഭ്യമാക്കിയിട്ടുള്ള ഭീം BHIM എന്ന മൊബൈൽ ആപ് ഇൻസ്റ്റാൾ ചെയ്യണം. എന്നിട്ട് അതുപയോഗിച്ച് സംഭാവന കൈമാറ്റം ചെയ്യണം. ആ തുക നേരിട്ട് പ്രത്യേക ഒരു ചാർജ്ജും കൂടാതെ നിങ്ങൾ ഉദ്ദേശിക്കുന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിൽ ചെന്നിരിക്കും. ഈ മൊബൈൽ ആപ്പ് കൂടാതെ പേ ടി എം, ഗൂഗിൾ പേ തുടങ്ങിയ സ്വകാര്യ കമ്പനികളുടെ വാലറ്റുകൾ ഉപയോഗിച്ചും ഇതുപോലെ പണം കൈമാറ്റം ചെയ്യാം. അവയുടെ മൊബൈൽ ആപ്പും നിങ്ങൾക്ക് പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യാം. അല്ലെങ്കിൽ നിങ്ങളുടെ ബാങ്ക് ലഭ്യമാക്കുന്ന ആപ്പും ഉപയോഗിക്കാം. നിങ്ങളുടെ വീടുകളിൽ ഇതെല്ലാം ചെയ്യാൻ നന്നായി അറിയുന്ന യുവതീയുവാക്കളും കുട്ടികളും ഉണ്ടാകും. നിങ്ങളിൽ പലരും ഈ രീതിയിൽ പണം കൈമാറ്റം ചെയ്യുന്നവരും ആകും.

ഇതൊന്നും ചെയ്യാൻ പറ്റാത്തവരും കൊടുക്കാനുദ്ദേശിക്കുന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഒരു തുക സംഭാവന കൊടുക്കുന്നത് ഉചിതമാണ്.

അതിനായി പരിചയമുള്ളവരുടെ സഹായം തേടാം. പള്ളിയും സമർപ്പിതഭവനങ്ങളും എല്ലാം ഇതുപോലെ ചെയ്യാനായി അഭ്യർത്ഥിക്കുന്നു. ഇതിലൂടെ നമ്മൾ ഒരു പരസ്നേഹപ്രവൃത്തി ചെയ്യുന്നതോടൊപ്പം നമ്മുടെ സർക്കാരുകളോട് സഹകരിക്കുകയും ചെയ്യുന്നു. കൈകൊട്ടാനും വിളക്ക് തെളിക്കാനും മറ്റും നമ്മുടെ പ്രധാനമന്ത്രി അഭ്യർത്ഥിച്ചപ്പോൾ നമ്മൾ സഹകരിച്ചതുപോലെ തന്നെ. പലരെ സംബന്ധിച്ചും അവയും വിചിത്രമായ ആശയങ്ങൾ തന്നെയായിരുന്നു. എങ്കിലും ഭൂരി ഭാഗം പേരും സഹകരിച്ചു.

രണ്ടാമതൊരു കാര്യം കൂടി നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. ഈ വർഷം നമുക്ക് നമ്മുടെ ദൈവാലയങ്ങളിൽ പോയി ഉയിർപ്പ് തിരുനാൾ കർമ്മങ്ങളിൽ പങ്കെടുക്കാൻ സാധിക്കുന്നില്ല. എങ്കിലും കർത്താവിന്റെ ഉയിർപ്പിൽ നമുക്കുള്ള വിശ്വാസം ഏറ്റു പറഞ്ഞുകൊണ്ട് ഒരു പോസ്റ്റർ തയ്യാറാക്കി ഉയിർപ്പ് ഞായറാഴ്ച രാവിലെ നിങ്ങളുടെ വീടുകളുടെ മുൻ വശത്ത് എവിടെയെങ്കിലും ഒട്ടിക്കാമോ? കുട്ടികൾക്ക് തീർച്ചയായിട്ടും ഇഷ്ടമുള്ള കാര്യമായിരിക്കും. പോസ്റ്ററിന്റെ മാതൃക സമൂഹമാദ്ധ്യമങ്ങളിലൂടെ നിങ്ങൾക്ക് ലഭ്യമാക്കും. വേണ്ടവർക്ക് അതുപയോഗിക്കാം. അല്ലാത്തവർക്ക് കൈകൊണ്ട് എഴുതി ഒട്ടിക്കാം. ഈ സർക്കുലറിന്റെ ആദ്യഭാഗത്ത് കൊടുത്തിരിക്കുന്ന വാചകങ്ങളാണ് പോസ്റ്ററിൽ എഴുതേണ്ടത്.

ഒരു ചെറിയ കാര്യം കൂടി നിങ്ങളോട് ആവശ്യപ്പെടുന്നത് ശല്യമാകുകയില്ല എന്ന് വിശ്വസിക്കുന്നു. ഈശോ സ്വയം പരിചയപ്പെടുത്തുന്നത് ലോകത്തിന്റെ പ്രകാശമായിട്ടാണല്ലോ. ജ്ഞാനസ്നാന സമയത്ത് എല്ലാവർക്കും കത്തിച്ച തിരി കിട്ടിയത് ഓർക്കുന്നുണ്ടാകും. കർത്താവിനോടു കൂടെ ഉയിർത്തവർ അവിടുത്തെ പ്രകാശത്തിൽ ജീവിക്കണം എന്നതിന്റെ പ്രതീകമായിരുന്നു അത്. ഉയിർത്തെഴുന്നേറ്റ ഈശോയുടെ പ്രതീകമായി നമ്മുടെ എല്ലാ വീടുകളുടെയും മുറ്റത്ത് ഉയിർപ്പ് ഞായറാഴ്ച രാത്രി 8 മണി മുതൽ 9 മണി വരെ ഏതാനും മെഴുകുതിരികൾ കത്തിച്ച് വക്കുന്നത് നന്നായിരിക്കും. മെഴുകുതിരി ഇല്ലാത്തവർക്ക് എണ്ണ വിളക്ക് തെളിയിക്കാം. അതുമില്ലാത്തവർ ഏതെങ്കിലും വിധത്തിലുള്ള ഒരു ഇലക്ട്രിക്ക് ലൈറ്റ് എങ്കിലും തെളിയിക്കുന്നത് ഉചിതമാണ്. അതിനും ബുദ്ധിമുട്ടുള്ളവർ ഉണ്ടെങ്കിൽ ഏതാനും ചുള്ളിക്കമ്പുകൾ കൂട്ടിയിട്ട് കത്തിച്ചാലും മതി. പറ്റുന്നവരെല്ലാം ചെയ്യണേ.

നിങ്ങൾക്കെല്ലാവർക്കും മുൻ കൂട്ടി നന്ദി പറയുന്നു. ഏവർക്കും ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുകയും ഉയിർത്തെഴുന്നേറ്റ കർത്താവ് തരുന്ന സമാധാനം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കർത്താവ് നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കര്യാലയത്തിൽ നിന്ന് 2020 ഏപ്രിൽ മാസം 7 ന് നല്കപ്പെട്ടത്.

യേശുവിൽ,



ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

JOSE PORUNNEDOM
BISHOP OF MANANTHAVADY

Circular No. 14/2020
Prot. No. 23007/2020

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഹോദരങ്ങളെ, വാൽസല്യമുള്ള കുട്ടികളെ,

കൊറോണാ വൈറസ് വ്യാപനത്തെ തടയുന്നതിനായുള്ള നടപടികളുടെ ഭാഗമായി കഴിഞ്ഞ മൂന്നാഴ്ചയോളമായി നമ്മൾ വീടുകളുടെ ഉള്ളിൽ തന്നെ കഴിയുകയാണല്ലൊ. അലോസരപ്പെത്തുന്നതെങ്കിലും അനിവാര്യമായ ഒരു സാഹചര്യമാണിത്. അത് മനസ്സിലാക്കി സഹകരിക്കുക എന്നത് മാത്രമാണ് നമുക്ക് ചെയ്യാനുള്ളത്. ഒരു നല്ല നാളേക്ക് വേണ്ടിയുള്ള ഇന്നത്തെ കഷ്ടപ്പാട് എന്ന് കരുതിയാൽ മതി. ദൈവവിശ്വാസികളായ അതിലുപരി ക്രൈസ്തവ വിശ്വാസികളായ നമ്മെ സംബന്ധിച്ച് ഈ ലോകത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളും ദൈവത്തിന്റെ അറിവോടെയാണ്. അതുകൊണ്ട് അവക്കെല്ലാം നല്ല ലക്ഷ്യമുണ്ടെന്നും നമ്മൾ വിശ്വസിക്കുന്നു. അത് നമ്മുടെ ക്ഷേമത്തിനാണ്, നാശത്തിനല്ല. എത്രയും വേഗം ഈ മഹാമാരിയിൽ നിന്ന് ലോകത്തെ വിമുക്തമാക്കണമെ എന്ന് നമുക്ക് ഈശോയോട് മുട്ടിപ്പായി പ്രാർത്ഥിക്കാം.

## വിശ്വാസ പരിശീലന ക്ലാസ്സുകൾ:

സർക്കാർ നിലപാടുകളിൽ നിന്ന് മനസ്സിലാകുന്നിടത്തോളം സ്കൂളുകൾ ജൂൺ മദ്ധ്യത്തിന് ശേഷമേ തുറക്കുകയുള്ളു. തുറന്നാൽ ഉടനെ തന്നെ തീരാനുള്ള പരീക്ഷകൾ തീർക്കാനുള്ള തത്രപ്പാടിലായിരിക്കും കുട്ടികളും മാതാപിതാക്കളും സ്കൂൾ അദ്ധ്യാപകരും എല്ലാം. അതിനിടയിൽ ഒരു പക്ഷെ വിശ്വാസപരിശീലനം അവഗണിക്കപ്പെട്ടെന്ന് വരാം. അങ്ങനെയൊരു സാഹചര്യം ഒഴിവാക്കേണ്ടതുണ്ടല്ലൊ. അതുകൊണ്ട് രൂപതയുടെ വിശ്വാസപരിശിലന ഡിപ്പാർട്ട്മെന്റ് ഓൺലൈൻ ക്ലാസുകൾ ഇപ്പോൾ തന്നെ ക്രമീകരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഇതു സംബന്ധമായി രൂപതാ

ഭാരവാഹികളുമായി വീഡിയോ കോൺഫ്രൻസിലൂടെ നടത്തിയ ചർച്ചകൾ വളരെ ഫലപ്രദമായിരുന്നു.

ഓൺലൈൻ ക്ലാസ്സുകൾ നമ്മെ സംബന്ധിച്ചിടത്തോളം പുതിയൊരു മേഖലയാണ്. എന്നാൽ പല സ്കൂളുകളിലും ഇപ്പോൾ തന്നെ ഈ രീതിയിൽ ക്ലാസ്സുകൾ നടക്കുന്നുണ്ട്. കൂടാതെ വിവിധ സ്വകാര്യ വിദ്യാഭ്യാസസംരംഭകരും പല തരത്തിലുള്ള പരിശീലന കോഴ്സുകൾ ഈ രീതിയിൽ നടത്തുന്നുണ്ട്. അവയിലെല്ലാം അനേകായിരം കുട്ടികൾ ചേർന്നിട്ടുമുണ്ട്. ഇക്കാര്യത്തിൽ മാതാപിതാക്കളും വളരെയധികം പങ്ക് വഹിക്കുന്നുണ്ട്. കാരണം ക്ലാസ്സുകൾ വീട്ടിലിരുന്നാണല്ലൊ കുട്ടികൾ പങ്കെടുക്കുന്നത്. അപ്പോൾ അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം കൊടുക്കുന്നതും അവരുടെ അച്ചടക്ക കാര്യങ്ങൾ നോക്കുന്നതും എല്ലാം മാതാപിതാക്കൾ തന്നെയാണ്.

മാതാപിതാക്കളുടെ ഈ പങ്കാളിത്തം വിശ്വാസപരിശീലനത്തെ സംബന്ധിച്ചിടത്തോളം മറ്റൊരു തരത്തിലും ഏറെ പ്രാധാന്യം അർഹിക്കുന്നു. ഓരോ ക്രൈസ്തവ വിശ്വാസിയും ഈശോ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നുണ്ട്. ആ പൗരോഹിത്യം വിശ്വാസപരിശീലനത്തിൽ വളരെയധികം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. കാരണം അത് അടിസ്ഥാനപരമായി മാതാപിതാക്കളുടെ കടമയാണ്. അതോടൊപ്പം രണ്ടാം വത്തിക്കാൻ സൂനഹദോസ് പറഞ്ഞു വച്ച ഗാർഹിക അഥവാ കുടുംബസഭ എന്ന ആശയവും നടപ്പാക്കാനുള്ള അവസരമാണിത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സമർപ്പിതരും വിശ്വാസപരിശീലകരായ മറ്റ് അദ്ധ്യാപകരും ഈ കാര്യത്തിൽ സജീവമായ താത്പര്യം എടുത്ത് ഈ രംഗത്തും ക്രീയാത്മകമായി വേണ്ടത് ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

**<u>സംഘടനാ പ്രവർത്തനങ്ങൾ:</u>**

നമ്മുടെ രൂപതയിലെ വിവിധ സംഘടനകളും മേല്പ്പറഞ്ഞ രീതിയിൽ അവരുടെ പ്രവർത്തനങ്ങൾ കൂടുതലായി ഓൺലൈൻ ആക്കിക്കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിലും എല്ലാവരുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**ലോക്ക് ഡൗണിൽ ഇളവുകൾ:**

ഇന്ന് (20-4-2020) തിങ്കളാഴ്ച മുതൽ നിയന്ത്രണങ്ങളിൽ ഭാഗികമായ ഇളവുകൾ ഉണ്ടാകുമെങ്കിലും ആരാധനാലയങ്ങളെ സംബന്ധിച്ചിടത്തോളം അത്തരം ഇളവുകൾ ഉണ്ടാവുകയില്ല എന്ന് സർക്കാർ വൃത്തങ്ങളിൽ നിന്നുള്ള വിജ്ഞാപനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിനാൽ കുറേ ദിവസങ്ങൾ കൂടിയെങ്കിലും ഇന്നത്തെ സ്ഥിതി തുടരും എന്ന് നമ്മൾ മനസ്സിലാക്കുന്നു. ഈ പശ്ചാത്തലത്തിൽ ഇടവകകളിൽ അനുവർത്തിയ്ക്കേണ്ട ചില കാര്യങ്ങൾ നിങ്ങളെ അറിയിക്കാനാണ് ഈ സർക്കുലർ.

**ആളുകൾ ഒത്തു കൂടുന്ന ചടങ്ങുകൾ**

**മൃതസംസ്കാരം, മനസ്സമ്മതം (ഒത്തുകല്യാണം), വിവാഹം:** വലിയ ആൾക്കൂട്ടമുണ്ടാകുന്ന ഒരു ചടങ്ങിനും ഈ അവസരത്തിൽ അനുവാദമില്ല. മൃതസംസ്കാരം, വിവാഹം, തുടങ്ങിയ ചടങ്ങുകൾക്കു പരമാവധി ഇരുപത് പേർക്കാണ് പങ്കെടുക്കാവുന്നത്. മനസ്സിലാകുന്നിടത്തോളം കാർമ്മികനും ശുശ്രൂഷികളും ഉൾപ്പെടെയുള്ള സംഖ്യയാണിത്. പള്ളിക്കുള്ളിലും സിമിത്തേരിയിലും ഇത് ബാധകമാണ്. മനസ്സമ്മതം, മാമ്മോദീസ തുടങ്ങിയ ചടങ്ങുകൾ പ്രത്യേകമായി ഒരിടത്തും പരാമർശിക്കപ്പെട്ടിട്ടില്ലെങ്കിലും അവക്കും ഈ നിയന്ത്രണം ബാധകമാണ് എന്നു തന്നെ കരുതണം.

**യാത്രക്കുള്ള അനുവാദങ്ങൾ:** ഇത്തരം ചടങ്ങുകൾ നടത്തേണ്ടി വരുമ്പോൾ അതിനു മുമ്പായി അതാത് ജില്ലയിലെ കളക്ട്രേറ്റുകളിൽ നിന്ന് അനുവാദം എഴുതി വാങ്ങിച്ചിരിക്കണം. കേരളത്തിൽ പെടുന്ന വയനാട് ജില്ല ഓറഞ്ച് ബി സോണിലും കണ്ണൂർ, മലപ്പുറം എന്നീ ജില്ലകൾ റെഡ് സോണിലുമാണ് ഉൾപ്പെട്ടിരിക്കുന്നത് എന്നതിനാൽ ഓരോ ജില്ലയിലും നിയന്ത്രണങ്ങളിലും അനുബന്ധ നിർദ്ദേശങ്ങളിലും വ്യത്യാസമുണ്ടാകും. തമിഴ് നാട്ടിലെ നീലഗിരി ജില്ലയ്ക്ക് ബാധകമായിട്ടുള്ളത് തമിഴ്നാട് സർക്കാരിന്റെ നിർദ്ദേശങ്ങളാണ്. ഇക്കാര്യങ്ങൾ അനുവാദങ്ങൾ വാങ്ങുമ്പോൾ ഓർത്തിരിക്കേണ്ടതാണ്. പോകുന്ന വഴിക്ക് അനുവാദം എഴുതിക്കിട്ടിയത് കൂടെ കരുതുകയും വേണം. മാത്രമല്ല കഴിയുന്നിടത്തോളം അതാത് സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതും ഉചിതമാണ്. അനുവാദം ഓൺ ലൈനായി ലഭ്യമാണ് എന്നാണ് അറിയുന്നത്.

**<u>വ്യക്തികൾക്ക് തിരിച്ചറിയൽ രേഖകൾ:</u>** ചടങ്ങുകൾക്ക് പോകുന്നവർ എല്ലാവരും ആധാർ കാർഡ്, വോട്ടേഴ്സ് കാർഡ്, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയ ഏതെങ്കിലും തിരിച്ചറിയൽ രേഖകൾ കയ്യിൽ കരുതണം. അനുവാദങ്ങളും രേഖകളും കൂടെ കരുതുന്നില്ലെങ്കിൽ അത് നിയമലംഘനമായി കണക്കാക്കി വാഹനം പിടിച്ചെടുക്കുന്നതുൾപ്പെടെയുള്ള കേസുകൾ ഉണ്ടായെന്ന് വരാം. അതുകൊണ്ട് ഇക്കാര്യത്തിൽ അലംഭാവം പാടില്ല.

**<u>ബഹു. വൈദികരുടെ ഉത്തരവാദിത്വം:</u>** ചടങ്ങ് നടക്കുന്ന ഇടവക ഏത് പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിൽ വരുന്നുവോ ആ സ്റ്റേഷനിൽ ഇടവകയുടെ ബഹുമാനപ്പെട്ട വികാരി അക്കാര്യം അറിയിക്കുന്നതും സന്ദർഭോചിതമായിരിക്കും ചടങ്ങുകളിൽ സംബന്ധിക്കുന്നവർ എല്ലാവരും സർക്കാരിന്റെ നിബന്ധനകൾ (*കൈകൾ ശുചിയാക്കുക, സാമൂഹ്യ അകലം പാലിക്കുക, പങ്കെടുക്കുന്നവരുടെ എണ്ണം നിജപ്പെടുത്തുക തുടങ്ങിയവ*) പാലിക്കുന്നുണ്ടെന്നും അവരുടെ കൈകൾ കഴുകി ശുദ്ധി വരുത്തുന്നതിനുള്ള, വെള്ളം, സോപ്പ്, സാനിറ്റൈസർ, കൈ തുടക്കാനുള്ള ടവ്വലുകൾ (*തുണി അല്ലെങ്കിൽ കടലാസ്സ്*) തുടങ്ങിയവ അതാത് സ്ഥലങ്ങളിൽ ലഭ്യമാണെന്നും ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട ബഹുമാനപ്പെട്ട വികാരിമാരാണ്. അവ ഉറപ്പാക്കിയ ശേഷമേ ചടങ്ങുകൾ നടത്തേണ്ടതുള്ളൂ. ചടങ്ങിനു മുമ്പ് അക്കാര്യം പങ്കെടുക്കുന്നവരെ ഓർമ്മപ്പെടുത്തുകയും വേണം. ചടങ്ങുകൾക്ക് ശേഷം അനാവശ്യമായി പള്ളിയിലും പരിസരത്തും ആളുകൾ കൂടി നില്ക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

**<u>മുഖാവരണം:</u>** പള്ളിയിൽ വരുന്നവരിൽ കാർമ്മികൻ ഒഴികെ (*ശുശ്രൂഷികൾ, ചടങ്ങിൽ പങ്കെടുക്കുന്നവർ, ഫോട്ടോ ഗ്രാഫർമാർ, പാട്ടുകാർ*) എല്ലാവരും രോഗം പകരാതിരിക്കാനുള്ള മുൻ കരുതലായി മുഖാവരണം (മാസ്കുകൾ) ധരിച്ചിരിക്കണം. ദൈവാലയത്തിൽ ആയിരിക്കുമ്പോഴും വേണം.

**<u>സാമൂഹ്യ അകലം, സ്പർശനം:</u>** പള്ളിയിൽ നിർദ്ദേശിക്കപ്പെട്ട സാമൂഹ്യ അകലം പാലിച്ച് വേണം പങ്കെടുക്കുന്നവർ നില്ക്കാനും ഇരിക്കാനും. വി. കുർബാന സ്വീകരണത്തിനും ഈ അകലം പാലിച്ചിരിക്കണം. വി. കുർബാന അപ്പത്തിന്റെ രൂപത്തിൽ മാത്രം സ്വീകരിക്കുന്നയാളിന്റെ ഉള്ളം കയ്യിൽ കൊടുക്കണം. വി. കുർബാന കൊടുക്കുന്നതിനു മുമ്പായി കാർമ്മികൻ

കൈകൾ കഴുകിയിരിക്കണം. കുർബാനക്കിടയിൽ കൈ കഴുകാൻ ഉപയോഗിക്കുന്ന വെള്ളത്തിലായാലും മതി. കൈകൾ പരസ്പരം സ്പർശിക്കാതിരിക്കാൻ ശ്രദ്ധിക്കണം. സമാധാനം കൊടുക്കുമ്പോൾ കൈകൾ കൂപ്പി പരസ്പരം കുമ്പിട്ടാൽ മതിയാകും.

**വിശുദ്ധ കുർബാന:** ചടങ്ങുകളോടനുബന്ധിച്ചല്ലാതെ പള്ളിയിലുള്ള വി. കുർബാനയർപ്പണത്തിൽ എത്ര പേർക്ക് സംബന്ധിക്കാം എന്നതിൽ ഇപ്പോഴും വ്യക്തതയില്ല. ഇപ്പോഴത്തെ നിബന്ധനയനുസരിച്ച് പള്ളി തുറന്നിടാനോ പുറത്തു നിന്ന് ആളുകൾക്ക് വന്ന് പങ്കെടുക്കാനോ അനുവാദമില്ല. കാർമ്മികനും ആവശ്യമെങ്കിൽ ശുശ്രൂഷിയും മാത്രമായിട്ടാണ് വി. കുർബാന അർപ്പിക്കേണ്ടത് എന്നാണ് മനസ്സിലാകുന്നത്. ചടങ്ങുകൾക്കുള്ള ഇളവ് ദിവസവുമുള്ള വി. കുർബാനയുടെ കാര്യത്തിൽ ഉണ്ടാകുമോ എന്നത് അന്വേഷിച്ച ശേഷമേ പറയാൻ കഴിയുകയുള്ളു.

**സമർപ്പിതഭവനങ്ങളിൽ** വി. കുർബാനയർപ്പണത്തിന് ബഹുമാനപ്പെട്ട വൈദികർ പോകുന്നതിനെപ്പറ്റിയും അന്വേഷിച്ച് ഉറപ്പ് വരുത്തിയ ശേഷം വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതാണ്. അതു വരെ ഇപ്പോഴുള്ള സ്ഥിതി തുടരണം.

**വീടു സന്ദർശനം:** രോഗീ സന്ദർശനത്തിനാണെങ്കിലും ഇപ്പോഴത്തെ അവസ്ഥയിൽ വീടുകളിൽ വൈദികർ പോകുന്നത് നിയന്ത്രിക്കപ്പെട്ടിരിക്കുകയാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട പോലീസിൽ നിന്ന് അനുവാദം വാങ്ങിയ ശേഷം പോകാം. മറ്റ് വ്യവസ്ഥകളെല്ലാം പാലിച്ചിരിക്കണം.

**രൂപതാ കേന്ദ്രത്തിൽ നിന്നുള്ള അനുവാദങ്ങൾ:**

**വിവാഹ സംബന്ധമായവ:** വലിയ നോമ്പിനു ശേഷം നടത്താൻ തീരുമാനിച്ച വിവാഹങ്ങൾ അവ നിശ്ചയിച്ച തിയതികളിൽ തന്നെ നടത്താൻ തീരുമാനിക്കുന്നവർ മനസ്സമ്മതം (*ഒത്തുകല്യാണം*), വിളിച്ചു ചൊല്ലൽ എന്നിവ കൂടാതെ നടത്താനായി അപേക്ഷകൾ ഈ മെയിൽ വഴിയോ വാട്ട്സ് ആപ്പ് വഴിയോ ബന്ധപ്പെട്ട വികാരിയച്ചന്മാർക്ക് സമർപ്പിക്കേണ്ടതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അവ തങ്ങളുടെ ശുപാർശയോടെ അതേ രീ തിയിൽ രൂപതാ കേന്ദ്രത്തിലേക്ക് അയച്ചാൽ കഴിയുന്നതും വേഗം

അനുവദിച്ചുകൊണ്ട് തിരികെ അയച്ചു തരുന്നതാണ്. അതാത് ഇടവകകൾക്ക് വാട്ട്സ് ആപ്പ് ഗ്രൂപ്പ്, ഈമെയിൽ ഗ്രൂപ്പ് തുടങ്ങിയവ ഉണ്ടെങ്കിൽ അവ വഴി ഇടവകക്കാരെ വിവാഹ വിവരം അറിയിക്കാവുന്നതാണ്. അപ്രകാരം ചെയ്യുന്നത് ബന്ധപ്പെട്ട അപേക്ഷകരുടെ അനുവാദത്തോടെയായിരിക്കണം. ഇടവകക്കാരെ ആ വിധത്തിൽ അറിയിക്കാത്ത പക്ഷം വിവരം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

വിളിച്ചു ചൊല്ലലും മനസ്സമ്മതവും ഒഴിവാക്കുന്നതിനുള്ള അപേക്ഷയിൽ, വിവാഹസമ്മതം കൊടുക്കുന്നതിന് തന്നെ തടസ്സപ്പെടുന്ന കാര്യങ്ങൾ (*ഉദാഹരണം: പൂർവ വിവാഹബന്ധം, ആരുടെയെങ്കിലും സമ്മർദ്ദം, ഭീഷണി തുടങ്ങിയവ*) ഒന്നും ഇല്ലെന്നും വിവാഹത്തിന് തനിക്ക് പൂർണ്ണ മനസ്സാണെന്നും അപേക്ഷക അല്ലെങ്കിൽ അപേക്ഷകൻ പ്രത്യേകം പരാമർശിച്ചിരിക്കണം. വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കാൻ കഴിയാത്തവരാണെങ്കിൽ വിവാഹ ശേഷം ഏറ്റവും അടുത്തു കിട്ടുന്ന അവസരത്തിൽ പങ്കെടുത്തുകൊള്ളാമെന്നും സത്യവാങ്മൂലത്തിൽ ചേർക്കണം. സാധ്യമെങ്കിൽ മാതാപിതാക്കൾ അല്ലെങ്കിൽ പരിചയമുള്ള രണ്ട് വ്യക്തികൾ അപേക്ഷ സാക്ഷ്യപ്പെടുത്തുകയും ചെയ്യണം. അരമനപ്പത്രം ഇടവകയിൽ നിന്ന് ലഭ്യമാണെങ്കിൽ അതിൽ അല്ലെങ്കിൽ വെള്ളക്കടലാസ്സിൽ തയ്യാറാക്കിയ അപേക്ഷയുടെ ഫോട്ടോയെടുത്ത് അയക്കാവുന്നതാണ്. ഈമെയിലിലാണെങ്കിൽ പി.ഡി.എഫ്. എന്ന ഫോർമാറ്റിൽ അയക്കണം. അപേക്ഷ മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാം.

**പൊതുയോഗം, ആണ്ട് തെരട്ട്, കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ്:**

ആളുകളുടെ കൂടിച്ചേരലുകൾ നിയന്ത്രിച്ചിരിക്കുന്നത് എത്ര കാലം നീളും എന്നറിയാത്തതുകൊണ്ട് ഇടവകപ്പൊതുയോഗത്തിന്റെ വാർഷികസമ്മേളനം, ആണ്ട് തെരട്ട് പാസാക്കൽ, കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് എന്നിവ എന്ന് നടത്താൻ പറ്റും എന്ന വ്യക്തതയില്ല. അതിനാൽ അവയ്ക്ക് മറ്റ് മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്. ആളുകൾ ഒത്തു ചേരുന്നതിനുള്ള നിയന്ത്രണം നീക്കുന്ന ക്രമത്തിൽ വിവരം ഇവിടെ നിന്ന് അറിയിക്കുന്നതാണ്.

**ആണ്ടു തെരട്ട്:** ആണ്ടു തെരട്ട് പാസാക്കുക എന്ന് പറയുന്നത് പ്രായോഗികമായി തന്നാണ്ട് വർഷത്തെ സാമ്പത്തിക ഇടപാടുകളുടെ ഒരു അവലോകനവും അംഗീകരിക്കലും മാത്രമാണ്. അതു വരെയുള്ള കണക്കുകൾ ഓരോ മാസവും പ്രതിനിധിയോഗത്തിൽ പാസാക്കി ഓൺ ലൈനായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുന്നതാണല്ലോ. അതുകൊണ്ട് അവ വീണ്ടും ഒന്നു കൂടി പാസാക്കേണ്ടതില്ല. എങ്കിലും നമ്മുടെ രൂപതാ നിയമം അപ്രകാരം ആവശ്യപ്പെടുന്നതുകൊണ്ട് മാത്രമാണ് അങ്ങനെ ചെയ്യുന്നത്. ഇപ്പോൾ നിലവിലിരിക്കുന്ന പ്രത്യേക അടിയന്തിര സാഹചര്യം പരിഗണിച്ച് ഓൺ ലൈനായി കണക്കുകൾ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ ഇടവകകൾക്കും ആണ്ട് തെരട്ട് പസാക്കുന്നതിൽ നിന്ന് ഇളവ് തന്നിരിക്കുന്നു. അവരുടെ കണക്കുകൾ യഥാസമയം ഓഡിറ്റിംഗിന് വിധേയമാക്കാവുന്നതാണ്.

കണക്കുകൾ ഓൺ ലൈനിലേക്ക് ഇതുവരെ മാറ്റാത്തവർക്ക് ഇപ്പോഴും സമയമുണ്ട്. ഒരു വർഷത്തെ കണക്കുകൾ ടൈപ്പ് ചെയ്ത് കമ്പ്യൂട്ടറിൽ ആക്കാൻ അത്രയധികം സമയം ആവശ്യമുണ്ടാകില്ല. അടച്ചിടൽ സമയം അതിനായി ഉപയോഗിക്കാവുന്നതാണ്. കുറേ കാര്യങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്ക് തന്നെ ചെയ്യാവുന്നതേയുള്ളു. സംശയങ്ങൾ ദൂരീകരിക്കാൻ ബിഷപ്പ്സ് ഹൗസിൽ ബഹുമാനപ്പെട്ട പ്രൊക്യുറേറ്ററച്ചൻ എപ്പോഴും തയ്യാറാണ്. രൂപതയുടെ സ്ഥിരം ഓഡിറ്ററും ഇക്കാര്യത്തിൽ സഹായിക്കും.

ആണ്ട് തെരട്ട് പൊതുയോഗത്തിൽ അല്ലെങ്കിൽ പ്രതിനിധി യോഗത്തിൽ പാസാക്കാത്തതുകൊണ്ട് കണക്കുകൾ ഓൺ ലൈനിൽ ചെയ്യുന്നവരും അല്ലാത്തവരും കണക്കുകൾ കൃത്യമാണെന്നും പിന്നീട് എന്തെങ്കിലും കുറവുകൾ കണ്ടെത്തിയാൽ തങ്ങൾ വ്യക്തിപരമായി അവ പരിഹരിച്ചുകൊള്ളാമെന്നും ഉള്ള ഒരു സത്യ വാങ്മൂലം കൂടി ബഹുമാനപ്പെട്ട വികാരിയച്ചന്മാരും കൈക്കാരന്മാരും ഒപ്പിട്ട് രൂപതാ കേന്ദ്രത്തിലേക്ക് അയക്കണം.

**പൊതുപ്പിരിവുകൾ, പത്തു ശതമാനം**: കണക്കുകൾ രൂപതാ കേന്ദ്രത്തിലേക്ക് അയക്കുന്നതിനു മുമ്പായി നടപ്പു വർഷത്തെ എല്ലാ പൊതുപ്പിരിവുകളും ഇടവകകൾ തരേണ്ടതായ പത്തു ശതമാനവും

കണക്കിൽ കൃത്യമായി ചേർക്കുകയും ആ തുക ബിഷപ്പ്സ് ഹൗസിന്റെ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിരിക്കണം. ഓരോ പ്രത്യേക ഉദ്ദേശ്യത്തിനായി എടുത്ത സംഭാവനകൾ ഇടവകയുടെ ആവശ്യത്തിന് എടുക്കുന്നത് തെറ്റാണ് എന്ന് ഓർക്കുമല്ലോ. ഏതെങ്കിലും ഇടവകയിൽ സഹായം ആവശ്യമുണ്ടെങ്കിൽ അക്കാര്യത്തിന് പ്രതിനിധിയോഗത്തിന്റെ അനുവാദത്തോടെ അപേക്ഷ അയച്ചാൽ സാധിക്കുന്നിടത്തോളം പരിഗണിക്കുന്നതാണ്.

**ഓഡിറ്റിംഗ്:** ആദായനികുതി റിട്ടേൺ സമർപ്പിക്കാനുള്ള അവസാന തിയതി സെപ്റ്റംബർ 30 ആണ്._ഇടവകകളുടെയും സ്ഥാപനങ്ങളുടെയും ഓഡിറ്റിംഗ്_നടത്തുന്ന തിയതി പിന്നീട് അറിയിക്കുന്നതാണ്.

**കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പും സ്ഥാനമേല്ക്കലും:** നിലവിലെ സാഹചര്യത്തിൽ സർക്കാരിൽ നിന്ന് മറ്റൊരറിയിപ്പ് ഉണ്ടാകുന്നത് വരെ പൊതുയോഗമോ പ്രതിനിധിയോഗമോ ചേർന്ന് കൈക്കാരന്മാരെ തെരഞ്ഞെടുക്കുക എന്ന പ്രക്രിയ സാധ്യമല്ല. അതുകൊണ്ട് പുതിയ കൈക്കാരന്മാർ തെരഞ്ഞെടുക്കപ്പെട്ട് സ്ഥാനം ഏൽക്കുന്നതുവരെ നിലവിലെ കൈക്കാരന്മാരുടെ കാലാവധി ഇതിനാൽ നീട്ടിരിയിരിക്കുന്നു. അവരുടെ ദൗത്യം ഇടവകയുടെ അനുദിന കാര്യങ്ങൾ നടത്തുകയും അടിയന്തിര ജോലികൾ നിർവഹിക്കുകയും ചെയ്യുക എന്നത് മാത്രമാണ്. അതുപോലെ തന്നെ ആയിരിക്കും ഈ കാലഘട്ടത്തിൽ പ്രതിനിധി യോഗത്തിന്റെ കടമകളും ഉത്തരവാദിത്വങ്ങളും. വലിയ സാമ്പത്തിക ബാദ്ധ്യതകൾ ഉള്ളതോ തീർത്തും പുതിയതോ ആയ പദ്ധതികൾ അവരുടെ അധികാര പരിധിയിൽ പെടുന്നില്ല. എന്നാണോ കൈകാരന്മാരുടെ തെരഞ്ഞെടുപ്പ് സാധ്യമാകുന്നത് അന്ന് നിലവിലുള്ള രീതിയിൽ തന്നെ കൈക്കാരന്മാർ തെരഞ്ഞെടുക്കപ്പെടുകയും സ്ഥാനമേല്ക്കുകയും ചെയ്യേണ്ടതാണ്.

**ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലം മാറ്റം:**

മുമ്പ് അറിയിച്ചിരുന്നതനുസരിച്ച് മെയ് 17 ന് ഞായറാഴ്ചയായിരുന്നു സ്ഥലം മാറ്റമുള്ള ബഹുമാനപ്പെട്ട വൈദികർ പുതിയ സ്ഥലങ്ങളിൽ ഉത്തരവാദിത്വം ഏല്ക്കേണ്ടിയിരുന്നത്. എന്നാൽ അത് സാധ്യമല്ല എന്നത് വ്യക്തമാണല്ലോ. സാഹചര്യങ്ങൾ ഒത്തു വന്നാൽ **ജൂൺ 7 ന് ഞായറഴ്ച** മാറ്റം നടത്താം എന്നാണ് കരുതുന്നത്. എങ്കിലും ആ തിയതിയും സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കും. അതിനോടകം പൊതുയോഗം,

കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ്, ആണ്ടു തെരട്ട് പാസാക്കൽ, ഓഡിറ്റിംഗ് തുടങ്ങിയ കാര്യങ്ങൾ തീർക്കാൻ പറ്റും എന്ന പ്രതീക്ഷയിലാണ് അങ്ങനെ ചിന്തിക്കുന്നത്. അവ ചെയ്യാൻ പറ്റാത്ത പക്ഷം എന്തു ചെയ്യണം എന്ന് യഥാസമയം പിന്നീട് അറിയിക്കുന്നതാണ്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 ഏപ്രിൽ മാസം 20 ന് നല്കപ്പെട്ടത്.

യേശുവിൽ,

ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

JOSE PORUNNEDOM
BISHOP OF MANANTHAVADY

Circular No. 15 /2020
Prot. No. 23012 /2020

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഹോദരങ്ങളെ, വാൽസല്യമുള്ള കുട്ടികളെ,

ഏതാണ്ട് ഒരു മാസത്തോളമായി നമ്മൾ കൊറോണാ വൈറസ് വ്യാപനത്തെ തടയാനുള്ള ശ്രമങ്ങളുടെ ഭാഗമായി വീടുകൾക്കുള്ളിൽ കഴിയുകയാണല്ലോ. ഇതിനിടയിലും ഒരു സന്തോഷവാർത്തയുണ്ട്. നമ്മുടെ രൂപതയിലെ നടവയൽ ഹോളി ക്രോസ് ഇടവക ദൈവാലയം മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനാലയമായി ഈ 25 ന് ശനിയാഴ്ച പ്രഖ്യാപിക്കപ്പെടുകയാണ്. സീറോ മലബാർ സിനഡിന്റെയും അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെയും പ്രത്യേക പരിഗണനക്ക് പാത്രീഭൂതരായ നടവയൽ ഇടവകക്കാരെ പ്രത്യേകം അഭിനന്ദിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു. ഈ സ്ഥാനത്തേയ്ക്ക് പരിഗണിക്കപ്പെടാൻ സിനഡ് തയ്യാറാക്കിയിട്ടുള്ള വ്യവസ്ഥകൾ എല്ലാം പാലിച്ചുകൊള്ളാം എന്ന നടവയൽ ഇടവക വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇവിടെ പ്രാർത്ഥിക്കാൻ എത്തുന്ന എല്ലാവർക്കും അനുഗ്രഹം പൊഴിയുന്ന ഒരു തീർത്ഥാടാനാലയമായി നടവയൽ മാറട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

തീർത്ഥാടനാലയമായി പ്രഖ്യാപിക്കുന്ന ചടങ്ങുകൾ നടക്കേണ്ടിയിരുന്നത് നടവയലിൽ വച്ചായിരുന്നു. അതിനുള്ള ഒരുക്കങ്ങൾ എല്ലാം പൂർത്തിയായതുമാണ്. പക്ഷേ ദൈവത്തിന്റെ പദ്ധതിയിൽ മറ്റൊന്നായിരുന്നു ഉണ്ടായിരുന്നത്. കൊറോണാ വൈറസ് വ്യാപനത്തെ തടയുന്നതിന്റെ ഭാഗമായി ആർക്കും പുറത്തിറങ്ങാനോ പൊതു പരിപാടികൾ സംഘടിപ്പിക്കാനോ പറ്റാതെ വന്നതിനാൽ എല്ലാം ഓൺ ലൈനായി ചെയ്താൽ മതി എന്ന് തീരുമാനിക്കുകയായിരുന്നു. പിന്നീട് ഒരവസരത്തിലേക്ക് മാറ്റി വയ്ക്കാൻ സാങ്കേതിക തടസ്സങ്ങളും വന്നുകൂടി. അങ്ങനെ ചെയ്യുന്നതിന് തയ്യാറാണ് എന്ന് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് അറിയിക്കുക കൂടി ചെയ്തതോടെ എല്ലാം സുഗമമായി. പറ്റുന്ന ഏറ്റവും

അടുത്ത സന്ദർഭത്തിൽ തന്നെ അദ്ദേഹം നടവയൽ സന്ദർശിക്കുന്നതാണ് എന്ന് വാഗ്ദാനം ചെയ്തിട്ടുമുണ്ട്. അതിനെല്ലാം അദ്ദേഹത്തിന് നന്ദി പറയാം.

ഈ ഏപ്രിൽ 25 ന് ശനിയാഴ്ച രാവിലെ പത്തു (10) മണിക്ക് കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള് മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയ ചാപ്പലിൽ വച്ച് നടവയൽ ഫൊറോനായുടെ ആസ്ഥാന ദൈവാലയവും നടവയൽ ഇടവകപ്പള്ളിയുമായ ഹോളി ക്രോസ് പള്ളി മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനാലയമായി പ്രഖ്യാപിക്കപ്പെടും. തദവസരത്തിൽ അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് കുർബാനയർപ്പിച്ച് സന്ദേശം നല്കുന്നതായിരിക്കും.

എന്താണ് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സ്ഥാനം കൊണ്ട് അർത്ഥമാക്കുന്നത് എന്ന് നിങ്ങൾക്ക് സംശയമുണ്ടാകും. റോമാ മാർപ്പാപ്പയ്ക്ക് താഴെയായി നമ്മുടെ സഭയ്ക്കുള്ള പൊതു തലവനാണ് മേജർ ആർച്ച് ബിഷപ്പ് എന്ന വസ്തുത നിങ്ങൾക്കറിയാമല്ലൊ. രൂപതകൾ തമ്മിലും രൂപതകളൂം മേജർ ആർച്ചു ബിഷപ്പും തമ്മിലുള്ള കൂട്ടായ്മയെ പ്രദ്യോതിപ്പിക്കാനുള്ള ഒരു മാർഗ്ഗം എന്ന നിലയിലാണ് ഓരോ രൂപതയിലും ഒരു ഇടവകപ്പള്ളിക്ക് എങ്കിലും ഈ സ്ഥാനം കൊടുക്കുക എന്ന തീരുമാനത്തിൽ മെത്രാന്മാരുടെ സിനഡ് എത്തിച്ചേർന്നത്. ഈ സ്ഥാനം കിട്ടിയാലും നടവയൽ ഫൊറോനായുടെയോ നടവയൽ ഇടവകയുടെയോ നയ്യാമിക പ്രകൃതിക്ക് മാറ്റമൊന്നും വരുന്നില്ല. അവക്ക് പുറമെ ഒരു സ്ഥാനം കൂടി കിട്ടുന്നു എന്നത് മാത്രമേയുള്ളു. അതുപോലെ തന്നെ ഫൊറോനാ, ഇടവക, തീർത്ഥാടനാലയം എന്നിവയുടെ വൈദികൻ ആർച്ച് പ്രീസ്റ്റ് എന്നറിയപ്പെടും. രൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസ്, മറ്റ് സിഞ്ചെല്ലുസ്മാർ എന്നിവർ കഴിഞ്ഞാൽ മുൻ ഗണനാ ക്രമത്തിൽ അദ്ദേഹമായിരിക്കും വരുന്നത്. നടവയൽ ഇടവകവികാരി അല്ലാതാകുന്നതോടെ ആർച്ച് പ്രീസ്റ്റ് എന്ന സ്ഥാനവും അദ്ദേഹത്തിന് ല്ലാതാകും.

പുതിയ സ്ഥാന ലബ്ദിയോടെ നടവയൽ ഇടവകക്ക് പുതിയ ഉത്തരവാദിത്വങ്ങളും വന്നു ചേരുന്നുണ്ട്. മേജർ ആർച്ച്ബിഷപ്പിനെ പ്രതിനിധാനം ചെയ്യുന്ന കേന്ദ്രം എന്ന നിലയിൽ ആ രീതിയിലുള്ള ഒരു സ്വീകരണം അവിടെ വരുന്ന തീർത്ഥാടകർക്ക് ഒരുക്കേണ്ടതുണ്ട്. അതുപോലെ തന്നെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം

മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേക്ക് കൊടുക്കുകയും ചെയ്യണം.

ഇത്തരുണത്തിൽ വ്യവസ്ഥകളെല്ലാം പാലിച്ചു കൊണ്ട് ഈ സ്ഥാനം സ്വീകരിക്കാൻ സന്മനസ്സു കാണിച്ച നടവയൽ ഇടവകപ്പൊതുയോഗത്തെ നന്ദിയോടെ ഓർക്കുകയും ഹൃദയ പൂർവം അഭിനന്ദിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ ആർച്ച് പ്രീസ്റ്റ് എന്ന നാമധേയത്തിൽ അറിയപ്പെടാൻ പോകുന്ന ആദ്യ വ്യക്തിയായ ഇപ്പോഴത്തെ വികാരി ബഹുമാനപ്പെട്ട ജോസഫ് മുതിരക്കാലായിൽ അച്ചന് ആശംസകളും അഭിനന്ദനങ്ങളും നേരുകയും ചെയ്യുന്നു.

പ്രമുഖ മലയാളം ക്രൈസ്തവ ചാനലുകളിൽ ഒന്നായ ഷെക്കെയ്ന ചാനൽ ചടങ്ങുകൾ സംപ്രേഷണം ചെയ്യുന്നതാണ്. അതുപോലെ തന്നെ മേജർ ആർക്കീപ്പിസ്കോപ്പൽ കൂരിയ, ഷെക്കെയ്ന ചാനൽ, മാനന്തവാടി രൂപത എന്നിവരുടെ യൂ ട്യൂബ് ചാനലുകൾ, ഫെയ്സ് ബുക്ക് പേയ്ജ് എന്നിവയിലൂടെയും കാണാവുന്നതാണ്. അതാത് പ്രദേശങ്ങളിലെ കേബിൾ നെറ്റ്വർക്കുകാരുമായി ബന്ധപ്പെട്ട് ചാനൽ കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയാലെ കാണാൻ പറ്റുകയുള്ളു എന്ന് പറയേണ്ടതില്ലല്ലൊ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 ഏപ്രിൽ മാസം 23 ന് നല്കപ്പെട്ടത്.

യേശുവിൽ,



ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

# രൂപതാ കച്ചേരി വാർത്തകൾ

ബഹുമാനപ്പെട്ട ജോസഫ് തൊണ്ടിപറമ്പിൽ അച്ചന്റെ ചരമവാർഷികം മെയ് 20 നും, ബഹുമാനപ്പെട്ട ജോസഫ് മേമനയച്ചന്റെ ചരമവാർഷികം മേയ് 27 നും, ബഹുമാനപ്പെട്ട ഫ്രാൻസിസ് ഞള്ളമ്പുഴ അച്ചന്റെ ചരമവാർഷികം മെയ് 29 നും, ബഹുമാനപ്പെട്ട മാത്യു കൊല്ലിത്താനത്ത് അച്ചന്റെ ചരമവാർഷികം ജൂൺ 3 നുമാണ്. നമ്മുടെ വി. കുർബാനകളിലും പ്രാർത്ഥനകളിലും ഈ വൈദികരെ സ്നേഹപൂർവ്വം അനുസ്മരിക്കാം.

# ചെറുപുഷ്പമിഷൻലീഗ്

കൊറോണ വൈറസ് വ്യാപനത്തെ ചെറുക്കാനുള്ള ജാഗ്രതയുടെ കാലത്താണ് നാമിപ്പോൾ. നമ്മുടെ സാമൂഹികസമ്പർക്കത്തെ ബോധപൂർവ്വം നമ്മൾ ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണല്ലോ. STAY AT HOME എന്ന അർത്ഥവത്തായ സന്ദേശത്തിന് നാമെല്ലാവരും പൂർണ പിന്തുണ നൽകുന്നു. നമ്മുടെ സംഘടനയും ഈ പ്രത്യേക സാഹചര്യത്തെ ക്രിയാത്മകമായി ഉപയോഗിക്കുന്നുണ്ട്. സാമൂഹികമായ ഒത്തു ചേരലുകൾ അസാധ്യമായ കാലത്ത് നവ സാങ്കേതിക വിദ്യയുടെ പിന്തുണയോടെയുള്ള ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. രൂപത നേതൃത്വം എല്ലാ മേഖലകളെയും ശാഖകളെയും കോർത്തിണക്കി ആത്മീയവും, സാമൂഹികവും, സർഗാത്മകവുമായി ധാരാളം പ്രവർത്തനങ്ങൾ ചെയ്തു വരുന്നുണ്ട്. ആശങ്കകളും ആധിയും ഏറെയുണ്ടെങ്കിലും ഈ സാഹചര്യത്തെ അതിജീവിക്കും എന്ന പ്രത്യാശ നിറഞ്ഞതും ദൃഢവുമായ നിശ്ചയം നമുക്കെല്ലാവർക്കുമുണ്ട്. പ്രാർത്ഥനയുടെയും ഉത്തമ ചിന്തകളുടെയും പുതിയൊരു കൂട്ടായ്മ ഒരുക്കി നമുക്ക് മുന്നേറാം. ഏതു പ്രതിസന്ധിയെയും മറികടക്കാനുള്ള ഇച്ഛാശക്തി നൽകുന്ന സർവ്വശക്തന്റെസ്നേഹം നമുക്ക് കൂട്ടിനുണ്ടാവട്ടെ. വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥ്യം നമുക്ക് അപേക്ഷിക്കാം.

പ്രാർത്ഥനയോടെ, സ്നേഹത്തോടെ

**ഷിജു അച്ചൻ**

പ്രാർത്ഥനാ മലരുകൾ – 72 സുകൃതജപങ്ങൾ

മിഷൻപ്രെയർ ബാങ്ക് – സാറ്റ്ന രൂപത (നടവയൽ മേഖലയിലെ ശാഖകൾ)

**പ്രവർത്തന റിപ്പോർട്ട്**

ഭവനങ്ങൾ ദേവാലയങ്ങളാകുമ്പോൾ: കോവിഡാ 19 വ്യാപനം മൂലം എല്ലാ ദിവസവും ദേവാലയങ്ങളിൽ എത്തി ചേരാൻ സാധിക്കാതെ ഭവനങ്ങളിലായിരിക്കുന്നവർക്ക് പ്രാർത്ഥന നിരതരാകുവാൻ –ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ആത്മീയ ചിന്തകൾ പങ്കു വെച്ചു.

"HOPE" പ്രാർത്ഥനാവാരം:– കൊറോണ വ്യാധിയുടെ കാലത്ത് പ്രാർത്ഥനയുടെയും സർഗാത്മകതയുടെയും പ്രതിരോധം തീർക്കാൻ മാർച്ച് 25 മുതൽ 31 വരെ വ്യത്യസ്തമായ ജപമാല പ്രാർത്ഥനയിലൂടെയും

സങ്കീർത്തനാലാപങ്ങളിലൂടെയും രൂപത– മേഖല ഭാരവാഹികളെയും ടീം അംഗങ്ങളെയും ഉൾപ്പെടുത്തി പ്രാർത്ഥനാ വാരം ആചരിച്ചു.

ഗത്സെമനി :– ലോകമൊട്ടാകെ ഭീതിപരത്തിക്കൊണ്ട് കോവിഡ് 19 വൈറസ് ബാധ പടർന്നുപിടിച്ച സാഹചര്യത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത മാർച്ച് 20 പ്രാർത്ഥനാ ദിനമായി ആചരിക്കുകയും അന്നേ ദിനം ദിവ്യകാരുണ്യ ആരാധന സോഷ്യൽമീഡിയ വഴി സംപ്രേഷണം ചെയ്യുകയും ഓരോമിഷനറിയും അവരവർ ആയിരിക്കുന്ന ഇടങ്ങളിൽ വ്യക്തിപരമായ പ്രാത്ഥനയിലൂടെ ഈ പ്രാർത്ഥനാ യഞ്ജത്തിൽ പങ്കു ചേരുകയും ചെയ്തു.

THE SERVANT:– ബഹുമാന്യനായ കേരള മുഖ്യമന്ത്രിയുടെ ആഹ്വാനം സ്വീകരിച്ച് ചെറുപുഷ്പ മിഷൻലീഗ് സംഘടനയിൽ മാനന്തവാടി രൂപതയിലെ ആരോഗ്യ പ്രശ്നമില്ലാത്തവരും സന്നദ്ധരുമായ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി സന്നദ്ധ സേന രൂപീകരിക്കുകയും കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിൽ പങ്കു ചേരുകയും ചെയ്തു. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. ഷാജി ചന്ദനപറമ്പിൽ, ശ്രീ. സിറിൽ ഐക്കരത്താഴത്ത്, ശ്രീ. ബിനീഷ് തുമ്പിയാംകുഴി, ശ്രീ. തോമസ് കല്ലറയ്ക്കൽ, രൂപത ടീം അംഗങ്ങളായ, ശ്രീ. അലക്സ് കുഴികണ്ടത്തിൽ, ശ്രീ. ആൻറണി മങ്കടപ്ര, ശ്രീ. സോയി കൈതാരത്ത്, ശ്രീ. ജോസ് പള്ളത്ത്, ശ്രീ. ജോർജ്ജ് തെക്കേത്തൊട്ടി, സി. ലൂസി എസ്.എച്ച് എന്നിവർ സേവനസന്നദ്ധരായി ഉണ്ടായിരുന്നു. എല്ലാവർക്കും രൂപതാ കുടുംബത്തിന്റെഅഭിനന്ദനങ്ങൾ ആശംസകൾ.

സ്നേഹദൂത്:– വി. കുർബാനയുടെയും, പൗരോഹിത്യത്തിന്റേയും സ്ഥാപന ദിനത്തിൽ ദേവാലയങ്ങളിൽ ഒറ്റപ്പെട്ടുപോയ വൈദികർക്ക് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ നേതൃത്വത്തിൽ ശാഖകളുടെ സഹകരണത്തോടെ മിഷൻലീഗ് അംഗങ്ങൾ ഫോണിലൂടെ ആശംസകൾ നേർന്നു.

ഞങ്ങളുണ്ട് കൂടെ (നല്ല അയൽക്കാരൻ):– അഭിവന്ദ്യ ജോസ് പിതാവിന്റെ BHIM App ചലഞ്ച് ഏറ്റെടുത്ത് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത മേഖലകളുടെ സഹായത്തോടെ ശാഖകളിൽ നിന്നും തിരഞ്ഞെക്കപ്പെട്ട കുടുംബങ്ങൾക്ക് BHIM App വഴി ഈസ്റ്റർ മണി (1000 രൂപ വീതം) സമ്മാനിച്ചു.

ഞങ്ങളുണ്ട് കൂടെ – വ്യാധിയുടെ കാലത്ത് ഉത്ഥിതന്റെ സ്നേഹ സമ്മാനമേകാൻ സഹജർക്കരികിലേയ്ക്ക്– വടക്കനാട്, ധർമ്മഗിരി ഇടവകകളിൽ അവിടുത്തെ വികാരിയച്ചന്മാരുടെയും ശാഖ ഭാരവാഹികലുടെയും സഹകരണത്തോടെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഈസ്റ്റർ കിറ്റ് വിതരണം നടത്തി.

GREEN CHALLENGE:- ലോക് ഡൗൺ കാലത്ത് സമൂഹത്തിനു മാതൃകയായി ഗ്രീൻ ചലഞ്ച് ആഹ്വാനം ചെയ്ത് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത. ഇതേ തുടർന്ന് നിരവധി കുടുംബങ്ങളിൽ പച്ചക്കറിത്തോട്ടത്തിന് തുടക്കം കുറിച്ചു.

ആത്മപ്രഭ 2020:– ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പ്രതീക്ഷയുടെ ദീപനാളങ്ങൾ തെളിയിച്ചുകൊണ്ട് ഏപ്രിൽ 5 ഞായറാഴ്ച രാത്രി 9 ന് മിഷൻലീഗ് അംഗങ്ങൾ തങ്ങളുടെ ഭവനങ്ങളിൽ കത്തിച്ച മെഴുകുതിരികൾ കൈകളിലേന്തി വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിച്ചു.

ഉത്ഥിതന്റെ പിന്നാലെ :– വിശുദ്ധവാരത്തിൽ ഉയിർപ്പു തിരുനാളിന് ഒരുക്കമായി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ എക്സിക്യൂട്ടീവ് അംഗങ്ങൾ സോഷ്യൽ മീഡിയയിലൂടെ വ്യത്യസ്തമായ ചിന്തകൾ നൽകി.

ആദരാഞ്ജലികൾ :– ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ മുൻ പ്രസിഡണ്ട് ശ്രീ. ജോയി മേപ്പാടത്തിന്റെ നിര്യാണത്തിൽ മിഷൻലീഗ് രൂപതാ കുടുംബം അനുശോചനം അറിയിച്ചു സംസ്കാര ചടങ്ങിൽ രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരകാനായിൽ രൂപത പ്രസിഡണ്ട് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ, ജനറൽ ഓർഗനൈസർ ശ്രീ. തങ്കച്ചൻ മാപ്പിളകുന്നേൽ, സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബിനു മാങ്കൂട്ടം, ടീം അംഗം ശ്രീ. ജോൺസൺ ചിറായിൽ എന്നിവർ പങ്കെടുത്തു.

ക്രൂശിതനിലേയ്ക്ക് :– ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഈശോയുടെ പീഢാസഹനങ്ങളിലൂടെ ഒരു യാത്ര– Passion of the Christ എന്ന സിനിമയെ ആസ്പദമാക്കി ഒരു ചലച്ചിത്ര ആവിഷ്ക്കാരം ദു:ഖവെള്ളി ദിനത്തിൽ സോഷ്യൽ മീഡിയായിലൂടെ സംപ്രേഷണം ചെയ്തു.

ജലം ജീവാമൃതം പദ്ധതി :– ലോക് ഡൗൺ കാലത്തഘട്ടത്തിൽ ദാഹജലത്തിന്റെവില മനസ്സിലാക്കിക്കൊണ്ട് നമുക്കുചുറ്റുമുള്ള പക്ഷിമൃഗാദികൾക്ക് വെള്ളം കരുതി വെയ്ക്കുന്ന പദ്ധതി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വിവിധ ശാഖകളിൽ നടത്തപ്പെട്ടു.

ടൂർണ്ണമെൻറ് ഓഫ് പ്രെയർ :– ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെയും മീഡിയ കമ്മീഷന്റെയും നേതൃത്വത്തിൽ കോവിഡ് 19 വൈറസ് ബാധക്കെതിരെ പ്രാർത്ഥനയുടെ ചങ്ങലകൾ ഒരുക്കുവാൻ കുഞ്ഞുമിഷനറിമാരുടെ നേതൃത്വത്തിൽ ഏയ്ഞ്ചൽസ് ആർമി രൂപീകരിച്ചു.

വർണ്ണത്തൂവൽ :– ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ 1 മുതൽ 7 വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് വാട്സ് ആപ്പ് ഡ്രോയിങ്ങ് ടൂൾ ഉപയോഗിച്ച് കളറിംഗ് മത്സരം നടത്തി.

കോവിഡ് ബോധവത്ക്കരണം:– നാടൻ പാട്ടിലൂടെ കോവിഡ് 19 പ്രതിരോധ ബോധവത്ക്കരണം നടത്തിയ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ടീം അംഗം ശ്രീ. അജീഷ് എടപ്പാട്ടിന് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. അതോടൊപ്പം കോവിഡ് 19 വൈറസ് ബാധ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടേഴ്സ്, നേഴ്സുമാർ, മറ്റ് പ്രവർത്തകർക്ക് ആശംസകളും അഭിനന്ദനങ്ങളും അറിയിച്ചുകൊണ്ട് പ്രതിരോധ വീഡിയോ പോസ്റ്ററിലൂടെ സന്ദേശങ്ങൾ പങ്കുവെച്ച രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾക്കും വ്യത്യസ്തങ്ങളായ ആശയങ്ങളിലൂടെ പ്രതിരോധം തീർക്കുന്ന മേഖല – ശാഖ പ്രവർത്തകർക്കും നന്ദിയും അഭിനന്ദനങ്ങളും..

പ്രത്യേക ശ്രദ്ധയ്ക്ക്

കോവിഡ് 19 വ്യാപനം മൂലം മുടങ്ങിപോയ ഏപ്രിൽ, മെയ് മാസങ്ങളിൽ നമ്മൾ നടത്താനിരുന്ന വചന താരം – ബൈബിൾ ക്വിസ്സ്, കൂട്ടുകൂടാം – ട്രെയ്നിംഗ് പ്രോഗ്രാം, Via 2020 രൂപത ക്യാമ്പ്,

ഫെമിലിയ മെഗാ ക്വിസ്സ്, വെട്ടം – മേഖല ജോ. ഡയറക്ടേഴ്സ് സംഗമം എന്നിവ സർക്കാർ തീരുമാനങ്ങൾക്കനുസരിച്ച് അനുയോജ്യമായ സമയത്ത് നമ്മൾ നടത്തുന്നതായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. എല്ലാവരും സഹകരിക്കുമല്ലോ. മേഖല മാനേജിംഗ് കമ്മറ്റി ഇലക്ഷൻ:– മേഖല ഭാരവാഹികളുടെ കാലാവധി രണ്ട് വർഷത്തേക്കാണല്ലോ? ഈ വർഷം മേഖല

ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന്റെ കാലഘട്ടമാണ്. കോവിഡ് 19 മൂലം തടസപ്പെട്ട ഇലക്ഷൻ സർക്കാർ തീരുമാനങ്ങൾക്കനുസരിച്ച് ഉചിതമായ സമയത്ത് നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക് ഏതാനും കാര്യങ്ങൾ:–

1. ശാഖാ വാർഷിക റിപ്പോർട്ട്, ശാഖ സന്ദർശന റിപ്പോർട്ട് – (2019 മെയ് 1 മുതൽ 2020 ജൂൺ വരെ) എന്നിവ പൂരിപ്പിച്ച് ഓരോന്നിന്റേയും 2 കോപ്പി വീതം എടുത്ത് ഒരു കോപ്പി ശാഖയിൽ സൂക്ഷിക്കുകയും ഒർജിനൽ കോപ്പിയും, മറ്റ് കോപ്പികളും മേഖല ആനിമേറ്റർ സിസ്റ്ററിനെ ഏൽപ്പിക്കുകയും ചെയ്യണെ.

2. മിഷൻലീഗിന്റേയും, തിരുബാല സഖ്യത്തിന്റേയും അംഗത്വലിസ്റ്റിന്റെ പൂരിപ്പിക്കാത്ത ഫോം ഫോട്ടോ കോപ്പി എടുത്ത് ശാഖയുടെ ഫയലിൽ സൂക്ഷിക്കണെ.

3. മിഷൻലീഗിന്റേയും, തിരുബാലസഖ്യത്തിന്റേയും അംഗത്വലിസ്റ്റുകൾ പൂരിപ്പിച്ച് (2020–2021 വർഷത്തേയ്ക്കുള്ളത്) 3 കോപ്പികൾ വീതം മേഖല ആനിമേറ്റർ സിസ്റ്ററിനെ ഏൽപ്പിക്കണെ.

## അംഗത്വലിസ്റ്റ് എഴുതുമ്പോൾ

1. കഴിഞ്ഞ വർഷത്തെ ലിസ്റ്റിൽ ചുവന്ന മഷിയിൽ റിമാർക്ക് കോളത്തിൽ എഴുതിയിരിക്കുന്ന നമ്പറുകൾ അംഗത്വ നമ്പറിന്റെ കോളത്തിൽ എഴുതണം. ചുവന്ന മഷിയിൽ നമ്പറില്ലാത്തതിന് പഴയ നമ്പർ തന്നെ എഴുതിയാൽ മതി. ലിസ്റ്റ് തരുമ്പോൾ അംഗത്വലിസ്റ്റിലെ റിമാർക്ക് കോളം Free ആയിരിക്കണം.

2. ഈ വർഷം നിലവിലുള്ള എല്ലാവരുടേയും പേരുകൾ അംഗത്വലിസ്റ്റിൽ ചേർക്കണം. അതോടൊപ്പം ഈ വർഷം ആദ്യകുർബാന സ്വീകരിച്ചവരുടെയും പേരുകൾ ചേർക്കണം. അതിനുശേഷം ചേർക്കാനുള്ളവരുടെ പേരുവിവരങ്ങൾ 2020 പ്രവർത്തനവർഷ ഉദ്ഘാടനം – രൂപതാ കൗൺസിലിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി. മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിയുടെ കീഴിൽ അണിനിരക്കാം...

**ടോംജോസ് പൂവക്കുന്നേൽ**
**രൂപതാ സെക്രട്ടറി**

# Department of Youth Ministry

## Skill Project

ലോക് ഡൗൺ സമയത്ത് LIFE Traning വിദ്യാർത്ഥികൾക്കു വേണ്ടി ട്രെയിനിംഗിന്റെ ഭാഗമായി യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃത്വത്തിൽ Skill Development Programme നടത്തി. 60 വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു. കുട്ടികൾ അവരുടെ വ്യത്യസ്തമായ കഴിവുകൾ തങ്ങളുടെ ഭവനങ്ങളിൽ പരിശീലിച്ച് 2 മിനിട്ട് ദൈർഘ്യമുള്ള വീഡിയോയായി അയച്ചു തരികയും, വാട്സാപ്പിലും, ഫേസ്ബുക്കിലും പോസ്റ്റ് ചെയ്യുകയും ഏറ്റവും കൂടുതൽ, ഷെയർ, കമന്റ്, ലൈക്, വ്യൂവേഴ്സ് എന്നിവ ലഭിക്കുന്നവർക്ക് സമ്മാനം നൽകാനും തീരുമാനിച്ചു. ഒന്നാം സ്ഥാനം ഹെലന ചുങ്കക്കുന്നും, ദിയ പഴുരും, രണ്ടാം സ്ഥാനം അമയ കല്ലോടിയും, ക്രിസ്റ്റി മീനങ്ങാടിയും കരസ്ഥമാക്കി. വിജയികൾക്കും പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ അഭിനന്ദനങ്ങൾ.

## Break the chain& Break

യൂത്ത് മനിസ്ട്രിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന Jesus Band ലോക്ക് ഡൗൺ സമയത്ത് ഒരുക്കിയ പ്രത്യേക പരിപാടിയാണ് ഒരു മിനിറ്റ് ഓൺലൈൻ സംഗീത മത്സരം. 60 പേർ ഈ മത്സരത്തിൽ പങ്കെടുത്തു. കഴിവുള്ള വ്യക്തികളെ കണ്ടെത്തി അവസരം നൽകുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഈ ക്രിസ്ത്യൻ ഭക്തി ഗാനമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നവർക്ക് സമ്മാനം നല്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. ഇതിൻ പ്രകാരം സമ്മാനാർഹരായവർ ഒന്നാം സ്ഥാനം ആതിര മാത്യു, രണ്ടാം സ്ഥാനം ദിയ റോസ്. മികച്ച ഗായകരായി ഫ്രാൻസീസ് ഓലിക്കൽ, റ്റിങ്കിൾ ടോണി, ജോർജ്ജിയ തുടങ്ങിയവർ തിരഞ്ഞെടുക്കപ്പെട്ടു. പ്രോഗ്രാം ഓർഗനൈസ് ചെയ്ത അഥുൽ കല്ലോടിയ്ക്കും, അലീന തോമാട്ടുചാലിനും യൂത്ത് മിനിസ്ട്രി കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. മികച്ച ഗായകരുടെയും വ്യൂവേഴ്സിന്റെയും തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെട്ട അലീന തോമാട്ടുചാലിന് പ്രത്യേകം അഭിനന്ദനങ്ങളും.

## Divine Mercy

2020ഏപ്രിൽ 10 ദു:ഖ വെള്ളിയാഴ്ച മുതൽ കർത്താവിന്റെ കരുണയുടെ തിരുനാളിനുവേണ്ടി വ്യക്തിപരമായും കുടുംബപരമായും സമൂഹപരമായും

പ്രാർത്ഥിച്ച് ഒരുങ്ങുവാനും; ലോകം മുഴുവനും വേണ്ടി ദൈവകരുണക്കായി പ്രാർത്ഥിക്കുവാനും ആഗ്രഹമുള്ള വൈദീകരും സിസ്റ്റേഴ്സും അത്മായ സഹോദങ്ങളുമടങ്ങുന്ന 250 അംഗങ്ങൾ ഉൾപ്പെടുന്ന ഡിവൈൻ മേഴ്സി എന്ന വാട്സാപ്പ് ഗ്രൂപ്പും 150 അംഗങ്ങൾ ഉള്ള ഫേസ്ബുക് ഗ്രുപ്പും ആരഭിക്കുകയും തിരുനാളിന് ഒരുക്കമായുള്ള ദൈവകരുണയുടെ നൊവേനയും ജപമാലയും ലുത്തിനായും ചൊല്ലി എല്ലാ ദിവസവും രാവിലെ 3 മണിക്കും ഉച്ച കഴിഞ്ഞ് 3 മണിക്കും ലോകം മുഴുവനേയും സമർപ്പിച്ച് പ്രാർത്ഥിച്ചു. കരുണയുടെ തിരുന്നാൾ ദിനമായ ഏപ്രിൽ 19 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ആഘോഷമായ വി.കുർബാനയും ശേഷം ദിവ്യകാരുണ്യ ആരാധനയും, നൊവേനയും, അനുതാപ ശുശ്രൂഷയും, ദണ്ഡവിമോചന പ്രാർത്ഥനയും നടത്തി ലോകം മുഴുവനേയും ദൈവകരുണക്ക് സമർപ്പിച്ച് പ്രാർത്ഥിച്ചു. കഴിഞ്ഞ 9 ദിനങ്ങളിലും ത്യാഗത്തോടെ നൊവേനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചവർക്ക് ഈ ദിനങ്ങൾ വലിയ ദൈവാനുഭവത്തിന്റെ നിമിഷങ്ങളായിരുന്നു. പങ്കെടുത്ത എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു..

## Penitential Service

ലോക ചരിത്രത്തിൽ തന്നെ ആദ്യമായിട്ടാണ് വിശുദ്ധവാര കർമ്മങ്ങളിൽ വീട്ടിലിരുന്നു തന്നെ ദൈവജനത്തിന് പങ്കെടുക്കേണ്ടിവന്നത്. ഈ പ്രത്യേക സാഹചര്യത്തിൽ പെസഹാ ബുധനാഴ്ച വൈകുന്നേരം 7 മണി മുതൽ 8 മണി വരെ ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ഓൺലൈൻ വഴിയായി ദൈവ പ്രമാണങ്ങളെ അടിസ്ഥാനമാക്കി അനുതാപ ശുശ്രൂഷയും, ആരാധനയും നടത്തപ്പെട്ടു. ധാരാളം കുടുംബങ്ങളും, പ്രത്യേകിച്ച് ലൈഫ് ട്രെയിനിങ് കുട്ടികളും കുടുംബങ്ങളും യൂത്ത് മിനിസ്ട്രി കുടുംബവും ഈ പ്രാർത്ഥന കൂട്ടായ്മയിൽ ഭാഗഭാക്കുകളായി.

## Covid Awareness and Preventive Programme

ലോക്ക് ഡൗൺ ദിനങ്ങളിൽ വീട്ടിൽ ഇരിക്കുക, മാസ്ക് ഉപേയാഗിക്കുക, കൈകൾ സോപ്പ് ഉപയോഗിച്ചു കഴുകുക എന്നീ കാര്യങ്ങളുടെ പ്രാധാന്യത്തെ പറ്റിയുള്ള ബോധവത്കരണ വീഡിയോ സന്ദേശങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്റുകൾ തുടങ്ങിയവയിലുടെ കോവിഡിനെ പറ്റിയുള്ള പ്രതിരോധവും

ബോധവൽക്കരണവും നടത്തി. മാതാപിതാക്കളും കുട്ടികളും തമ്മിൽ നല്ല ബന്ധങ്ങൾ എങ്ങനെ രൂപപ്പെടുത്തി എടുക്കണമെന്നും, സമയത്തെ എപ്രകാരം മൂല്യമുള്ളതാക്കി തീർക്കണമെന്നും , എപ്രകാരം സന്തോഷം നിറഞ്ഞ അന്തരീക്ഷം കുടുംബങ്ങളിൽ സൃഷ്ടിക്കാമെന്നുമുള്ള നിർദ്ദേശങ്ങൾ നല്കി. അതിൻ പ്രകാരം കുടുംബപ്രാർത്ഥന, വീടും പരിസരവും ശുചീകരണം, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, പച്ചക്കറി തോട്ടനിർമ്മാണം, പാചകം, ബൈബിൾ പാരായണം,പുസ്തക വായന ,ഒരുമിച്ചുള്ള ഭക്ഷണം, ഇവ ഉൾകൊള്ളുന്ന നല്ല ശീലങ്ങൾ ഈ ദിനങ്ങളിൽ വളർത്തിയെടുക്കണമെന്നും അതിനുള്ള സുവർണ്ണ അവസരങ്ങളിലൂടെയാണ് നാം കടന്നുപോകുന്നതെന്നും ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികളെയും, അവരുടെ മാതാപിതാക്കളെയും പൊതുസമൂഹത്തെയും ഓൺലൈൻ മീഡിയയിലൂടെ ബോധ്യപെടുത്തി.

## Volunteers

കേരള സർക്കാരിന്റെ Disaster Management Authority യുടെ കീഴിൽ I am Ready 'സന്നദ്ധം' എന്ന വളണ്ടീയർ ഗ്രൂപ്പിൽ ചേരുന്നതിനു യുവാക്കൾക്കു വേണ്ടിയുള്ള ഹെല്പ് ഡസ്ക് യുവർ നെയ്ബർ അസോസിയേഷൻ ഓൺലൈൻ വഴി ആരംഭിച്ചു. വയനാടിന്റെ വിവിധ ഭാഗങ്ങളിൽ ആരോഗ്യവകുപ്പും മറ്റു ഡിപ്പാർമെന്റുകളുമായി സഹകരിച്ചു കോവിഡിനെതിരിയുള്ള പ്രവർത്തങ്ങളിൽ യൂത്ത് മിനിസ്ട്രി അംഗങ്ങൾ സന്നദസേവനം നടത്തി.

## Good Friday and Easter Challenge

ലോകത്ത് ആകമാനം ലോക് ഡൗൺ നടന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ദേവാലയത്തിലായിരുന്ന് തിരുകർമ്മങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കാത്തതുകൊണ്ട് ദു:ഖവെള്ളിയുടെയും ഈസ്റ്ററിന്റെയും ആത്മീയ ചൈതന്യം നഷ്ടപ്പെടുത്താതെ അതിൽ പങ്കുപറ്റുവാൻ ഓരോ കുടുംബത്തേയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദു:ഖവെള്ളി ഈസ്റ്റർ ചലഞ്ചു നടത്തിയത്.

ദു:ഖവെള്ളി ചലഞ്ച് എന്നത് ദു:ഖവെള്ളിയാഴ്ച കുടുംബത്തിലെ അംഗങ്ങളെല്ലാം ഒരുമിച്ചുകൂടി വീടിന്റെ അകത്തോ പുറത്തോ കുരിശിന്റെ

വഴിയുടെ 14 സ്ഥലങ്ങൾ വെള്ള കടലാസോ, കാർബോഡിന്റെ കഷണമോ, കുരിശിന്റെ വഴിയുടെ ചിത്രമോ ഉപയോഗിച്ചു കൊണ്ട് ഒരോ സ്ഥലവും ക്രമീകരിക്കണമെന്നും ഉചിതമായ സ്ഥലത്ത് ഗാഗുൽത്താ ഉണ്ടാക്കണമെന്നും കുടുംബാംഗങ്ങൾ എല്ലാവരും ചേർന്ന് ഒന്നാം സ്ഥലം മുതൽ കരിശിന്റെ വഴി പ്രാർത്ഥിച്ച് ഗാഗുൽത്തായിൽ സമാപന പ്രാർത്ഥന നടത്തി കർത്താവിന്റെ പീഡാനുഭവങ്ങളിൽ പങ്കുപറ്റുകയും ചെയ്യുക എന്നുള്ളതായിരുന്നു.

ഈസ്റ്റർ ദിനത്തിലെ പ്രത്യേക സാഹചര്യത്തിൽ സാധിക്കുന്നവരെല്ലാം സ്വഭവനങ്ങളിൽ ചെറിയ ഒരു കല്ലറ രൂപപ്പെടുത്തി ക്രിസ്തുവിന്റെ ഒരു രൂപമോ, ശില്പമോ അതിനു മുകളിൽ സ്ഥാപിക്കുകയും ചെയ്തുകൊണ്ട് ഉയിർപ്പിന്റെ മഹനീയ കർമ്മം ദേവാലയത്തിൽ നടക്കുന്നതുപോലെ ഭവനങ്ങളിലും ക്രമീകരിക്കുക എന്നതാണ് ഈസ്റ്റർ ചലഞ്ച്.

ഇപ്രകാരം ദു:ഖവെള്ളിയിലെ തിരുകർമ്മത്തിലും, ഈസ്റ്റർ തിരുകർമ്മത്തിലും പങ്കെടുത്തവരുടെ പേരും, ഫോട്ടോയും അയച്ചു തരണമെന്നും നല്ല രീതിയിൽ ഭവനം ദേവാലയമായി ക്രമീകരിച്ചവർക്ക് സമ്മാനം നലകുന്നതാണെന്നും അറിയിച്ചു. ഇതിൻ പ്രകാരം ദു:ഖവെള്ളി ഈസ്റ്റർ ചലഞ്ചിന് പയ്യമ്പള്ളി ഇടവക റിച്ചാടും, ദാനിയേൽ പൂവനും സമ്മാനത്തിന് അർഹരായി.

**Secretory Sr. Lincy. Scv**
**Department of Youth Ministry**

# കെ. സി. വൈ. എം

## KCYM Rapid Response Team

കൊറോണ വൈറസ് ബാധയുടെ പ്രത്യേക സാഹചര്യത്തിൽ അത്യാവശ്യ ഘട്ടങ്ങളിൽ സേവനം ചെയ്യുവാൻ സന്നദ്ധരായ യുവജനങ്ങളെ കൂട്ടിച്ചേർത്തുകൊണ്ട് രൂപത തലത്തിൽ ഒരു **Rapid Response Team** രൂപീകരിച്ചു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറോളം യുവജനങ്ങൾ ഇതിന്റെ ഭാഗമായി മുന്നോട്ട് വന്നിട്ടുണ്ട്. സർക്കാർ നിർദ്ദേശം അനുസരിച്ച് മാത്രമാണ് പ്രവർത്തനങ്ങൾക്ക് ഇറങ്ങുന്നത്. വൈറസ് ബാധ നിയന്ത്രണ വിധേയമാക്കാൻ പോലീസ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റുകൾക്കൊപ്പം 20/3/2020 മുതൽ കെ. സി. വൈ. എം പ്രവർത്തകരും പ്രവർത്തന നിരതരായി. വയനാടിന്റെ വിവിധ അതിർത്തി പ്രദേശങ്ങളിലായി അമ്പതോളം യുവജനങ്ങൾ വാളണ്ടിയർമാരായി പ്രവർത്തിച്ചു. രൂപത പ്രസിഡന്റ് ബിബിൻ ചെമ്പക്കര, രൂപത കോ–ഓർഡിനേറ്റർ ഡെറിൻ കൊട്ടാരത്തിൽ എന്നിവർ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## KCYM Meghala Task Force

**covid-19** പോലുള്ള വിപത്തുകളുടെ സമൂഹ വ്യാപനമുണ്ടായാൽ സോഷ്യൽ മീഡിയ പോലുള്ള എല്ലാസാധ്യതകളും ഉപയോഗിച്ച് അതിനെ അതിജീവിക്കാൻ നമുക്ക് സാധിക്കണം. ഈ ലക്ഷ്യത്തോടെ രൂപതയുടെ നേതൃത്വത്തിൽ എല്ലാ മേഖലകളിലും മേഖല സമിതികളുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളുടെയും പ്രാതിനിധ്യത്തോടെ ഒരു **Task Force** രൂപീകരിച്ചു. ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ എല്ലാ കുടുംബങ്ങളുടെയും ആവശ്യങ്ങൾ അറിഞ്ഞ് പ്രവർത്തന സജ്ജമാക്കുക യാണ് ലക്ഷ്യം.

### അഖണ്ഡ പ്രാർത്ഥന

കെ സി വൈ എം സംസ്ഥാന സമിതിയുടെ ആഹ്വാനപ്രകാരം വിവിധ രൂപതകളോട് ചേർന്ന് ആയിരിക്കുന്ന ഇടങ്ങളിൽ ഇരുന്ന് കൊണ്ട്തന്നെ 2020 മാർച്ച് 26 മുതൽ വൈകുന്നേരങ്ങളിൽ 6.20 മുതൽ 6.40 വരെ

കരുണകൊന്തയും 91–ആം സങ്കീർത്തനവും ചൊല്ലി ലോകം മുഴുവന്റെയും മേൽ കരുണയ്ക്കായി അഖണ്ഡ പ്രാർത്ഥനയിൽ യുവജനങ്ങൾ സംബന്ധിച്ചു.

**ത്യാഗം 2020**

പള്ളിയിൽ പോകാനോ പരിഹാര പ്രദിക്ഷണം നടത്താനോ സാധിക്കാതെ വിഷമിക്കുന്ന സാഹചര്യത്തിൽ ദു:ഖവെള്ളിയാഴ്ച്ച വൈകുന്നേരം 3 മണിക്ക് കെ സി വൈ എം രൂപത സമിതിയുടെ നേതൃത്വത്തിൽ ഓൺലൈനായി *ത്യാഗം 2020* എന്ന പേരിൽ കുരിശിന്റെ വഴി നടത്തി. യുവജനങ്ങൾ തങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽ നിന്നു തന്നെ ഇതിൽ പങ്കെടുത്തു. കെ.സി.വൈ.എം രൂപത പ്രസിഡന്റ് ബിബിൻ ചെമ്പക്കര പ്രാരംഭ പ്രാർത്ഥന ചൊല്ലി ആരംഭിച്ച കുരിശിന്റെ വഴിയിൽ കെ. സി. വൈ. എം സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിജോ. പി. ബാബു ഒന്നാം സ്ഥലത്തിന്റെ പ്രാർത്ഥന ചൊല്ലി യുവജനങ്ങൾക്കൊപ്പം ചേർന്നു. വിവിധ മേഖലകളിലെ യുവജനങ്ങളെ പ്രതിനിധീകരിച്ച് കൊണ്ട് മേഖല ഭാരവാഹികൾ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. കെ. സി. വൈ. എം മുൻ സംസ്ഥാന വൈസ്. പ്രസിഡന്റും നിലവിലെ സംസ്ഥാന അഡ്വൈസറി കമ്മറ്റി അംഗവുമായ ശ്രീ. ബിജു മാത്യു അരീക്കാട്ട് ദുഖ:വെള്ളിയുടെ സന്ദേശം യുവജനങ്ങളുമായി പങ്ക് വച്ചു. രൂപത ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ അച്ചന്റെ ആശിർവാദത്തോടെ ത്യാഗം 2020 ന് സമാപനമായി.

**ഈസ്റ്റർദിന സന്ദേശവും ആശംസകളും**

ഈസ്റ്റർ ദിനത്തിൽ കെ. സി. വൈ. എം രൂപത സമിതിക്കൊപ്പം മുൻ ഡയറക്ടർമാരും ഭാരവാഹികളും നിലവിലെ മേഖല ഭാരവാഹികളും Online ആയി ഈസ്റ്ററിന്റെ ആശംസകൾ പരസ്പരം കൈമാറി. അകലങ്ങളിലായിരുന്നെങ്കിലും ഉത്ഥിതനായ ക്രിസ്തുവിന്റെ സ്നേഹം ഏവരെയും ഒരുമിച്ച് ചേർത്തു. യുവജനങ്ങൾക്കുള്ള ഈസ്റ്റർദിന സന്ദേശം മുൻ സംസ്ഥാന ഡയറക്ടർ റവ. ഫാ.മാത്യു ജേക്കബ് തിരുവാലിൽ OIC യുവജനങ്ങളുമായി പങ്കുവച്ചു.

**LoL-2020 (Living Out Loud)**

KCYM മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ലോക്ക് ഡൗൺ കാലത്ത് നടത്തി വന്ന ഓൺലൈൻ മത്സരങ്ങളാണ് LOL 2020. April 2 ന് ആരംഭിച്ച മത്സരങ്ങൾ 2 ദിവസം വീതം ദൈർഘ്യമുള്ള ടാസ്ക്കുകളാണ് നൽകിയത്. ആശയ സമ്പുഷ്ടമായ, ഇന്നത്തെ

കാലഘട്ടത്തിന് അനിവാര്യവുമായ സൃഷ്ടികൾ പ്രത്യേക ജൂറിയുടെ ജഡ്ജിമെൻറിലൂടെ തിരഞ്ഞെടുത്ത് KCYM മാനന്തവാടി രൂപതയുടെ instagram, facebook അക്കൗണ്ടുകളിൽ പോസ്റ്റ് ചെയ്തു. ഇതിനു വരുന്ന ലൈക്, കമന്റ്, ഷെയർ എന്നിവ വിജയികളെ തിരഞ്ഞെടുക്കുന്നതിനായി ജൂറി ജഡ്ജ്മെന്റിന്റെ കൂടെ പരിഗണിച്ചാണ് വിജയികളെ തിരഞ്ഞെടുത്തത്. കെ. സി. വൈ. എം. അംഗങ്ങൾക്കു മാത്രമല്ല പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്ന രീതിയിലാണ് ഇത് ക്രമീകരിച്ചിരുന്നത്. നിലവിൽ L0L 2020 അതിന്റെ ആദ്യഘട്ടം അവസാനിച്ച് രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. മേഖല സമിതികളുടെ നേതൃത്വത്തിൽ മത്സരങ്ങൾ ഇപ്പോൾ മുന്നോട്ടു പോകുന്നു.

**COVID-19 Prevention** സംസ്ഥാനതല പരിശീലനം

കെ. സി. വൈ. എം സംസ്ഥാന സമിതി CBCl Health Commission, CHAl, അമല മെഡിക്കൽ സെന്റർ എന്നവയുടെ സഹകരണത്തോടെ കൊറോണ വ്യാപനം തടയുന്നതിനെ സംബന്ധിച്ച് നടത്തിയ പ്രത്യേക Online പരിശീലനത്തിൽ രൂപത ഭാരവാഹികളായ ബിബിൻ ചെമ്പക്കര, റോസ് മേരി തേറുകാട്ടിൽ, റ്റിബിൻ പാറക്കൽ, ഡെറിൻ കൊട്ടാരത്തിൽ എന്നിവർ പങ്കെടുത്തു.

**പോലീസ് സേനയ്ക്ക് സഹായവുമായി കെ. സി. വൈ. എം**

ലോക്ക് ഡൗൺ കാലത്ത് നിരന്തരം പ്രവർത്തന നിരതരായിരിക്കുന്ന പോലീസ് സേനയ്ക്ക് കെ. സി. വൈ. എംന്റെ നേതൃത്വത്തിൽ ശേഖരിച്ച മാസ്ക്, സാനിറ്റൈസർ, ഗ്ലൗസ് എന്നിവ രൂപത പ്രസിഡന്റ് ബിബിൻ ചെമ്പക്കരയും ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിലും ചേർന്ന് മാനന്തവാടി ട്രാഫിക് പോലീസ് യൂണിറ്റിന് കൈമാറി. ട്രാഫിക് എസ്.ഐ ശ്രീ. ആർ. കുഞ്ഞനന്ദൻ ഏറ്റുവാങ്ങി.

## COFFY (Catholic Ongoing Faith Formation for Youth)

KCYM മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി ആരംഭിക്കുന്ന നേതൃത്വ പരിശീലന കളരിയാണ് COFFY. തിരഞ്ഞെടുക്കപ്പെടുന്ന 5 യുവാക്കൾക്കും 5 യുവതികൾക്കും വീതമാണ് ഓരോ മേഖലകളിൽ നിന്നും ആദ്യഘട്ടത്തിൽ പരിശീലനം നൽകുന്നത്. പരിശീലനം പൂർത്തീകരിക്കുന്നവർക്ക് രൂപത സമിതി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രണ്ട് ബാച്ച് ആയി ക്രമീകരിക്കുന്ന ഈ ക്ലാസിൽ യുവാക്കളുടെ ഒരു ബാച്ചും യുവതികളുടെ ഒരു ബാച്ചും ആണ് ഉള്ളത്.

COFFY–2020 ന്റെ ഔദ്യോഗികമായ ഉദ്ഘാടനം ഏപ്രിൽ 21ന് അഭി. മാർ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. രൂപത പ്രസിഡന്റ് ബിബിൻ ചെമ്പക്കര അധ്യക്ഷത വഹിച്ച യോഗത്തിൽ ജന. സെക്രട്ടറി കുമാരി. റോസ് മേരി തേറുകാട്ടിൽ സ്വാഗതവും ആനിമേറ്റർ സി. സാലി CMC ആമുഖ പ്രഭാഷണവും നടത്തി. കെ. സി. വൈ. എം സംസ്ഥാന ഉപാദ്ധ്യക്ഷൻ ശ്രീ. ജയ്സൺ ചക്കേടത്ത് സംസ്ഥാന സിൻഡിക്കേറ്റ് അംഗം എബിൻ മുട്ടപ്പള്ളി എന്നിവർ ആശംസകളും രൂപത സെക്രട്ടറി ജിയോ മച്ചുകുഴിയിൽ ഏവർക്കും നന്ദിയും അർപ്പിച്ചു. തുടർന്ന് രൂപത ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ COFFYയെ സംബന്ധിച്ച വിഷയങ്ങളും പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അവതരിപ്പിച്ചു.

Lock down ന്റെ പ്രത്യേക സാഹചര്യത്തിൽ online വഴിയാണ് ഉദ്ഘാടന ചടങ്ങുകൾ ഏകോപിപ്പിച്ചത്. COFFY യുടെ LOGO ഡിസൈൻ ചെയ്ത കുമാരി. ജിമി ജോൺ പാമ്പനാനിയ്ക്കലിന് കെ. സി. വൈ. എം രൂപത കുടുംബത്തിത്തിന്റെ നന്ദി.

**മേഖല റിപ്പോർട്ടുകൾ**

**ദ്വാരക മേഖല**

നോമ്പ് കാലത്ത് എല്ലാ ദിവസവും എല്ലാവരിലേക്കും ദൈവവചനം എത്തിക്കുന്നതിനായി മേഖലയുടെ നേതൃത്വത്തിൽ സോഷ്യൽ മീഡിയ വഴി ദിവസവും രാവിലെ സന്ദേശങ്ങൾ അയച്ചു. ലോക്ക് ഡൗൺ കാലത്ത് KCYM മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ രൂപീകരിച്ച Rapid Response Team ൽ മേഖലയിൽ നിന്നും ബിബിൻ ജോസ്, അമൽ ജിത്ത് സിബി എന്നിവർ നിരവിൽപുഴയിൽ പോലീസിനൊപ്പം സേവനം ചെയ്തു. ലോക്ക് ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിൽ എല്ലാവരിലേക്കും Social Media വഴി ഈസ്റ്റർ സന്ദേശങ്ങൾ എത്തിച്ചു. ലോക്ക് ഡൗൺ കാലം ഉപയോഗപ്രദമായി സമയം വിനിയോഗിക്കണം എന്ന ആശയം ഉൾക്കൊണ്ട് എല്ലാവർക്കും വേണ്ടി ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിച്ചു.

**കല്പറ്റ മേഖല**

കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിൻ്റെ ഭാഗമായി KCYM റാപ്പിഡ് റെസ്പോൺസ് ടീമിന്റെ ഭാഗമായി കല്പറ്റ മേഖല അംഗങ്ങളായ അജയ്

വടക്കേമുറി, സാൽബിൻ പുന്നതാണിയിൽ, ടിബിൻ പാറയ്ക്കൽ, അനുഗ്രഹ് അറയ്ക്കൽ എന്നിവർ ലക്കിടി കവാടത്തിൽ നിരീക്ഷണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

**കല്ലോടി മേഖല**

മേഖല സെനറ്റ് ഫെബ്രുവരി 16 ന് ഉച്ചകഴിഞ്ഞു 3.00 മണിക്ക് ചേർന്നു. നിരവിൽപ്പുഴ യൂണിറ്റിൽ വച്ചു ചേർന്ന യോഗത്തിന് പ്രസിഡന്റ് ലിബിൻ അധ്യക്ഷത വഹിച്ചു. സെനറ്റിൽ 2020 ജനുവരിയിലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സെനറ്റ് അംഗങ്ങൾ ഒന്നടങ്കം റിപ്പോർട്ട് പാസ്സാക്കി. അതിനു ശേഷം മേഖലയിൽ നടത്തേണ്ട പ്രവർത്തനങ്ങളെ കുറിച്ചു ചർച്ചകൾ നടത്തി.

**ത്യാഗം– കുരിശിന്റെ വഴി**

ഫെബ്രുവരി 29 ന് ഉച്ച കഴിഞ്ഞ് 3.00 മണിക്ക് കാഞ്ഞിരങ്ങാട് കപ്പേളയിൽ നിന്നും മേഖല പ്രസിഡന്റ് ലിബിൻ, കല്ലോടി മേഖല ഡയറക്ടർ ഫാ. ജോജോ ഔസേപ്പറമ്പിൽ എന്നിവരുടെ നേതൃ ത്വത്തിൽ മക്കിയാട് പൂരിഞ്ഞി മലയിലെ ആശ്രമ ദൈവാലയത്തിലേക്ക് ത്യാഗം – കുരിശിന്റെ വഴി നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ പ്രാരംഭ പ്രാർത്ഥന ചൊല്ലി കുരിശിന്റെ വഴിക്ക് ആരംഭം കുറിച്ചു. ആശ്രമ ദൈവാലയത്തിൽ വച്ചു പരിശുദ്ധ കുർബാനയുടെ ആശിർവാദത്തോടുകൂടെ കുരിശിന്റെ വഴി സമാപിച്ചു. രൂപതാ നേതൃത്വത്തിൽ നിന്നും രൂപത പ്രസിഡന്റ് ബിബിൻ ചെമ്പക്കര, ആനിമേറ്റർ സിസ്റ്റർ സാലി CMC എന്നിവർ പങ്കെടുത്തു. പങ്കെടുത്തവർക്ക് ലഘു ഭക്ഷണവും തയ്യാറാക്കിയിരുന്നു. കുരിശിന്റെ വഴിയിൽ അറുപതോളം യുവജനങ്ങൾ പങ്കെടുത്തു.

**രൂപത ജന. സെക്രട്ടറി**

**റോസ് മേരി തേറുകാട്ടിൽ**

**നന്ദിയോടെ**

വർഷങ്ങളുടെ പ്രവർത്തന മികവിലൂടെ കെ. സി. വൈ. എം മാനന്തവാടി രൂപത യുവജന പ്രസ്ഥാനത്തി ന്റെ വിവിധ തലങ്ങളിൽ പ്രവർത്തിച്ച് 2020 വർഷത്തിൽ രൂപത ജനറൽ സെക്രട്ടറിയായി സേവനം ചെയ്തു വന്നിരുന്ന ശ്രീ. ജിജോ പൊടിമറ്റത്തിൽ യുവജന രാഷ്ട്രീയ സംഘടനയുടെ ജില്ലാ

ഭാരവാഹിയായി തിരഞ്ഞെടുക്കപ്പെട്ടതിനാൽ കെ. സി. വൈ. എം രൂപത ഭാരവാഹിത്വത്തിൽ നിന്നും മാറുകയാണ്. ഒരു യുവജന പ്രവത്തകൻ എന്ന നിലയിൽ കെ. സി. വൈ. എം പ്രസ്ഥാനത്തിലൂടെ സഭയ്ക്കും സമൂഹത്തിനും അദ്ദേഹം നൽകിയ സേവനങ്ങളെ നന്ദിയോടെ ഓർക്കാം. മുന്നോട്ടുള്ള പൊതുപ്രവർത്തന മേഖലകളിൽ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുകയും ചെയ്യുന്നു

**സ്വാഗതം**

കെ. സി. വൈ. എം മാനന്തവാടി രൂപത യുവജന പ്രസ്ഥാനത്തിന്റെ രൂപത ജനറൽ സെക്രട്ടറിയായി ബത്തേരി അസംപ്ഷൻ ഇടവകാംഗം കുമാരി. റോസ് മേരി തേറുകാട്ടിൽ സിൻഡിക്കേറ്റിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടു. കെ. സി. വൈ. എം പ്രസ്ഥാനത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തന പരിചയമുള്ള റോസ് മേരി കെ. സി. വൈ. എം മാനന്തവാടി രൂപത മുൻ വൈസ്. പ്രസിഡന്റും നിലവിലെ സംസ്ഥാന സിൻഡിക്കേറ്റ് അംഗവുമാണ്. മുന്നോട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

**രൂപത പ്രസിഡന്റ്**

**ബിബിൻ ചെമ്പക്കര**

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക സെമിനാർ**

കോഴ്സുകൾ നടത്താൻ സർക്കാരിൽനിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്നതനുസരിച്ച് അടുത്ത കോഴ്സുകൾ പുനർക്രമീകരിക്കുന്നതാണ്.

**മാതൃവേദി വാർത്തകൾ**

തരിയോട് മേഖല

വൈത്തിരി ജയിൽ സന്ദർശിച്ച് കലാപരിപാടികൾ അവതരിപ്പിച്ചു. മേഖല ഡയറക്ടർ അച്ചന്റെ പിറന്നാൾ ആഘോഷിച്ചു. മേഖല ശാഖയോടൊപ്പം സമ്പൂർണ്ണ ബൈബിൾ വായന പൂർത്തിയാക്കി.

ബത്തേരി മേഖല

മേഖല മാർഗ്ഗരേഖ പ്രകാശനം ചെയ്തു. റവ. ഫാ. ജോൺ ചെറിയവെളിയുടെ നേതൃത്വത്തിൽ 10, +2, പരീക്ഷ എഴുതുന്ന കുട്ടികളുടെ മാതാക്കൾ ഒന്നുചേർന്ന് മക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. ചെയിൻ റോസറി നടത്തി. ലോഗോസ് പരീക്ഷയ്ക്ക് ഒരുക്കങ്ങൾ നടത്തി. കുട്ടികളുടെ വിശ്വാസ പരിശീലനത്തിന്റെ നുറുങ്ങുകൾ നൽകി വരുന്നു. ദിവസവും തിരുമണിക്കൂർ പ്രാർത്ഥന കുടുംബത്തിൽ ശീലമാക്കി.

മുള്ളൻകൊല്ലി

വിദ്യാർത്ഥികളുടെ പരീക്ഷ ഒരുക്കമായി ആരാധനയും ജപമാലയും നടത്തി.

**ശാഖാവാർത്തകൾ**

തലഞ്ഞി

വി. യൗസേപ്പിതാവിന്റെ വണക്കമാസം ആചരിച്ചു. കൊറോണ വൈറസ് ഉന്മൂലനം ചെയ്യുവാൻ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ കുരിശിന്റെവഴി,

കരുണ കൊന്ത, ജപമാല എന്നിവ നടത്തി. ഓപ്പറേഷന് വിധേയയായ ഒരു നിർദ്ധന വിധവയ്ക്ക് 5000 രൂപ ചികിത്സ സഹായം നൽകി.

നരിവാലമുണ്ട

വനിതാ ദിനത്തിൽ ആതുര ശുശ്രൂഷരംഗത്ത് സേവനം ചെയ്യുന്ന ശ്രീമതി സൂസി പോളിനെ മികച്ച വനിതയായി തെരഞ്ഞെടുത്തു. ബഹു. വികാരിയച്ചൻ ക്യാഷ് അവാർഡ് നൽകി ആദരിച്ചു. പിതൃദിനം ആചരിച്ചു. ഒരു അക്രൈസ്തവ സഹോദരിക്ക് സ്വയംതൊഴിൽ വായ്പാധനസഹായം നൽകി. ഇടവകയിലെ ഒരു നിർദ്ധന വിധവയ്ക്ക് ഭവനം നിർമ്മിച്ച് ആവശ്യമായ സാധനങ്ങൾ വാങ്ങി കൊടുത്തു. ദേവാലയത്തിൽ നോമ്പുകാല ഉപവാസ കാശുനിക്ഷേപിക്കൽ നടത്തി. കൊറോണ രോഗ ബാധിതർക്കായി സീലോഹ എന്ന പേരിൽ 40 മണിക്കൂർ ചെയിൻ പ്രയർ നടത്തി.

അമ്പായത്തോട്

വനിതാദിനത്തിൽ 70 – വയസ്സിനു മുകളിലുള്ള അമ്മമാരെ ആദരിച്ചു. ഈ ദിനത്തിൽ പായസമത്സരം നടത്തി. ജോസഫ് നാമധാരികളെ ആദരിച്ച് പിതൃദിനം ആചരിച്ചു. ബഹു. വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു. പരി. അമ്മയുടെ തിരുനാൾ ദിനത്തിൽ കോവിഡ്–19 ബാധിച്ച എല്ലാരോഗികൾക്കും വേണ്ടി പ്രാർത്ഥിച്ചു.

വഞ്ഞോട്

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ബഹു. ഫാ. ജെയ്സൻ സെമിനാർ നടത്തി. സ്ത്രീകൾക്ക് സമൂഹത്തിലുള്ള പങ്കിനെക്കുറിച്ച് ശ്രീമതി ലില്ലി കുര്യൻ ക്ലാസ്സെടുത്തു.

കോട്ടത്തറ

വി. യൗസേപ്പ് പിതാവിന്റെ വണക്കമാസാചരണം നടത്തി. വനിതാദിനത്തിൽ 60 വയസ്സു കഴിഞ്ഞ അമ്മമാരെ ആദരിച്ചു. 10, +2 കുട്ടികൾക്കുവേണ്ടി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. ബൈബിൾ പാരായണം നടത്തി. പിതൃദിനം ആചരിച്ചു. മാർപ്പാപ്പ നൽകിയ പൂർണ്ണ ദണ്ഡവിമോചന ആശീർവ്വാദത്തിൽ എല്ലാ അമ്മമാരും പങ്കുചേർന്നു. കൊറോണ വൈറസ്

ബാധയിൽ നിന്ന് മോചനം ലഭിക്കുവാനായി ഉപവാസം, കരുണക്കൊന്ത, ജപമാല, കുരിശിന്റെവഴി, മറ്റ് ഭക്തകൃത്യങ്ങൾ എന്നിവ നടത്തി. പ്രോ–ലൈഫ് പ്രവർത്തന വിജയത്തിനായ് തിരുഹൃദയ ജപമാല ചൊല്ലി.

മരക്കടവ്

നിർദ്ധന കുടുംബങ്ങൾക്ക് അരി വിതരണം ചെയ്തു. വസ്ത്രശേഖരണം നടത്തി കോളനിയിൽ വിതരണം ചെയ്തു. ആനിമേറ്ററുടെ നേതൃത്വത്തിൽ കരിമാനി തേയില ഫാക്ടറിയിൽ നിന്ന് ചായപ്പൊടി വാങ്ങി ന്യായമായ വിലയിൽ ഇടവകകാർക്ക് നൽകി.

ചുങ്കക്കുന്ന്

10–ആം ക്ലാസ്സ് വിദ്യാർത്ഥികൾക്കുവേണ്ടി ബഹു. നിധീഷ് തലച്ചിറ അച്ചൻ ആരാധന നടത്തി. നാലും അതിൽ കൂടുതലും മക്കളുള്ള മാതാപിതാക്കൾക്ക് 1000 രൂപ ക്യാഷ് അവാർഡ് നൽകി ആദരിച്ചു. അച്ചാർ ഇടീൽ, ചൂലുകെട്ട്, കൊളാഷ് – ലഹരിക്കെതിരെ എന്നീ മത്സരങ്ങൾ നടത്തി. 10, +2 വിദ്യാർത്ഥികൾക്കുവേണ്ടി ജപമാല നടത്തി. ആദിവാസി കോളനി സന്ദർശിച്ചു. ഒരു നിർദ്ധന രോഗിക്ക് 500 രൂപ ചികിത്സ സഹായം നൽകി. മേഖല സംഘടിപ്പിച്ച കൊറോണ മുൻകരുതൽ എന്ന സെമിനാറിൽ 9 പേർ പങ്കെടുത്തു.

വാട്ട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ച് പ്രാർത്ഥന നടത്തുന്നു. 15000 രൂപയുടെ കിറ്റ് ഇടവകയിലെ കുടുംബങ്ങൾക്ക് നൽകി. നേഴ്സിംഗ് പഠിക്കുന്ന കുട്ടിക്ക് 3000 രൂപ നൽകി. ബൈബിൾ പകർത്തി എഴുതി.

ശിശുമല

ദു:ഖവെള്ളിയാഴ്ച 3 മണിക്ക് അമ്മമാരുടെ നേതൃത്വത്തിൽ വീടുകളിൽ കുരിശിന്റെവഴി നടത്തി. 500 രൂപയുടെ ഓരോ കിറ്റുവീതം നിർദ്ധന കുടുംബങ്ങൾക്ക് നൽകി. അമ്മമാർ കരുണയുടെ ജപമാലചൊല്ലി പ്രാർത്ഥിച്ചു. ഏപ്രിൽ 19 ന് എല്ലാ കുടുംബങ്ങളിലും അമ്മമാരുടെ നേതൃത്വത്തിൽ കരുണക്കൊന്ത ചൊല്ലി. അന്നേ ദിവസം 5 മണിക്ക് എല്ലാ വീടുകളിലും സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. മാതൃവേദി

ഭാരവാഹികൾ നിയോഗം വച്ച് 1000 വചനങ്ങൾ എഴുതുന്നു. അംഗങ്ങൾ ബൈബിൾ വായിക്കുകയും പകർത്തി എഴുതുകയും ചെയ്യുന്നു.

ആടിക്കൊല്ലി

മക്കളുടെ വളർച്ചയിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്ന വിഷയത്തിൽ ഡോ. ബിനു മൂലപ്പറമ്പിൽ നടത്തിയ സെമിനാറിൽ നാനൂറോളം മാതാപിതാക്കൾ പങ്കെടുത്തു. പരീക്ഷ ഒരുക്കത്തിനായി 13 മണി ആരാധന നടത്തി. പിതൃദിനം ആചരിച്ചു. വചനവായന, കരുണക്കൊന്ത തുടങ്ങിയ പ്രാർത്ഥനകൾ ചൊല്ലി ഭാരതത്തിനും ലോകം മുഴുവനും വേണ്ടി പ്രാർത്ഥിക്കുന്നു.

ബത്തേരി അസംപ്ഷൻ

+1, +2 വിദ്യാർത്ഥികൾക്കും അവരുടെ അമ്മമാർക്കും വേണ്ടി പ്രാർത്ഥന നടത്തി. വണക്കമാസം ചൊല്ലി പ്രാർത്ഥിച്ചു. ആദ്യവെള്ളിയാഴ്ച്ച കുരിശുരൂപവും വഹിച്ച് ഗ്രോട്ടോയ്ക്ക് ചുറ്റും മുട്ടിന്മേൽ നടന്ന് മക്കൾക്കുവേണ്ടി കുരിശിന്റെവഴി ചൊല്ലി. വനിതാ ദിനത്തോടനുബന്ധിച്ച് ഭവനസന്ദർശനം നടത്തി, ഇടവകയിലെ ഏറ്റവും പ്രായം ചെന്ന അമ്മച്ചിയെ ആദരിച്ചു. തദവസരത്തിൽത്തന്നെ ഇടവകയിലെ എല്ലാ വനിതകൾക്കുംവേണ്ടി പ്രാർത്ഥിച്ചു. കുട്ടികളോടൊപ്പം ആരാധന നടത്തി. പരീക്ഷാവിജയത്തിനായി വാട്ട്സാപ്പുവഴി വചനക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. കൊറോണവൈറസിനെതിരെ കുരിശിന്റെവഴിചൊല്ലിയും തിരുരക്തജപമാല ചൊല്ലിയും വചനവായന നടത്തിയും പ്രാർത്ഥിച്ചു. ജോസഫ് നാമധാരികൾക്കായി പ്രാർത്ഥിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

**ഫാ. ജോജോ കുടക്കച്ചിറ**

# ദ്വാരക സിയോൻ ധ്യാനകേന്ദ്രം

ഈശോയിൽ സ്നേഹമുള്ളവരെ, സിയോൻ ധ്യാന കേന്ദ്രത്തിൽ നിന്നും ഏവർക്കും പ്രാർത്ഥനാശംസകൾ! കൊറോണ മഹാവ്യാധിയുടെ പശ്ചാത്തലത്തിൽ സർക്കാർ ഏർപ്പെടുത്തിയ Lock down കാരണം കഴിഞ്ഞ മാർച്ച് – ഏപ്രിൽ മാസങ്ങളിൽ ധ്യാന കേന്ദ്രത്തിലെ എല്ലാ പൊതു ശുശ്രൂഷകളും നമ്മൾ ക്യാൻസൽ ചെയ്തിരുന്നു. അതേസഹചര്യം നിലനിൽക്കുന്നതിനാൽ മെയ് മാസവും പൊതുവായ ശുശ്രൂഷകൾ ഒന്നും നടക്കുകയില്ലയെന്ന് ഖേദപൂർവ്വം അറിയിക്കുകയാണ്. ആളുകൾ ഒരുമിച്ചു കൂടാൻ സർക്കാർ അനുവദിക്കുന്നതുവരെ നമുക്ക് പ്രാർത്ഥനാപൂർവ്വം കാത്തിരിക്കാം. ഈ നാളുകളിൽ ധ്യാനകേന്ദ്രത്തെ ഓർത്ത് പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി പറയുന്നു. മെയ് 31 ന് സമാഗതമാകുന്ന പന്തക്കുസ്താ തിരുനാളിയി നമുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം. എല്ലാവരെയും, സിയോൻ ധ്യാന കേന്ദ്രത്തിന്റെ പ്രത്യേക മദ്ധ്യസ്ഥയായ പരിശുദ്ധ അമ്മ വഴി ഈശോ സമൃദ്ധമായി അനുഗ്രഹിക്കട്ടെ, എല്ലാ വ്യാധികളിൽ നിന്നും സംരക്ഷിക്കട്ടെ.

**സ്നേഹപൂർവ്വം,**
**ഫാ. സോണി വാഴകാട്ട് ഡയറക്ടർ**

# വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി

**വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നബാർഡ് ഈ ശക്തി പദ്ധതി ആരംഭിച്ചു**

“ഇലക്ട്രോണിക് ഡിജിറ്റൽ ഇന്ത്യ” എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവണ്മെന്റ്, സർക്കാർ വകുപ്പുകളും സാധാരണ ജനങ്ങളും തമ്മിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി തുടങ്ങിയ ഈ ശാക്തീകരണം പദ്ധതിയുടെ ഭാഗമായി നബാർഡ് സ്വയം സഹായ സംഘങ്ങൾക്കു വേണ്ടി നടത്തുന്ന നബാർഡ് ഈ– ശക്തി പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനവും പരിശീലനവും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വെച്ച് നടന്നു. സ്വാശ്രയ സംഘങ്ങളുടെ മുഴുവൻ വിവിരങ്ങളും ഡിജിറ്റലൈസ് ചെയ്യുക, ആവശ്യമായ മുഴുവൻ റിപ്പോർട്ടുകളും മൊബൈൽ ഫോൺ വഴി ലഭ്യമാക്കുക, സ്വാശ്രയ സംഘങ്ങളുടെ റിപ്പോർട്ട് യഥാസമയം അംഗങ്ങൾക്ക് മെസ്സേജ് വഴി ലഭ്യമാക്കുക, ബാങ്കുകൾ ഇതര സർക്കാർ ഏജൻസികൾ എന്നിവർക്ക് യഥാസമയം റിപ്പോർട്ടുകൾ നൽകുക, പ്രവർത്തനങ്ങൾ സുതാര്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് നബാർഡ് ഈ ശക്തി പദ്ധതി നടപ്പിലാക്കുന്നത്. രാജ്യത്ത് ഇതിനോടകം ഏഴു ലക്ഷത്തോളം സ്വാശ്രയ സംഘങ്ങൾ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. വയനാട് ജില്ലയിൽ ആയിരം സ്വാശ്രയ സംഘങ്ങളെയാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി 600 സംഘങ്ങളെ ഇതിനോടകം രജിസ്റ്റ്രേഷൻ നടത്തി. ഓരോ 30 സ്വാശ്രയ സംഘങ്ങൾക്കും ഒരു ഫീൽഡ് അനിമേറ്റർ എന്ന രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ .പോൾ കൂട്ടാലയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം മാനന്തവാടി മുനിസിപ്പാലിറ്റി ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശാരദാ സജീവൻ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്. പി എ, ഇ ശക്തി പ്രോഗ്രാം കോ ഓർഡിനേറ്റർ ജാൻസി പി. യു., രാമപുരം കോളേജ് സോഷ്യൽ വർക്ക് വിദ്യാർഥി ഫാ. ജിമ്മി വടക്കൻ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഗവേർണിംഗ് ബോർഡ് അംഗം ശ്രീമതി വത്സ ജോസഫ്, ഫീൽഡ് കോ ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ സംസാരിച്ചു.

തുടർന്ന് എൻ എസ് എസ് ഇ ശക്തി പദ്ധതി സംസ്ഥാന കോഓർഡിനേറ്റർ എസ്. ജയൻ സ്വയം സഹായ സംഘാംഗങ്ങൾക് പദ്ധതിയുടെ പ്രവർത്തന രീതി പരിചയപ്പെടുത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഫീൽഡ് കോ ഓർഡിനേറ്റർസ്മാരായ ആലിസ് സിസിലി, ഷൈനി ദേവസ്യ, സുജ മാത്യു, ഷൈനി ജോർജ് എന്നിവർ നേതൃത്വം നൽകി. ഔഷധ സസ്യങ്ങൾ വാണിജ്യ അടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് പദ്ധതി ആരംഭിച്ചു. കഴിഞ്ഞ 02 വർഷങ്ങളിലെ പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ടവർക്ക് വീണ്ടും അതിജീവനത്തിന്റെ മാർഗ്ഗമൊരുക്കി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി. കഴിഞ്ഞ രണ്ടു പ്രളയവും വയനാട്ടിലെ കർഷക സമൂഹത്തെയാണ് ഏറെ ബാധിച്ചത്. കാർഷിക വിളകൾ ഭൂരിഭാഗവും നഷ്ടപ്പെടുകയും മേൽ മണ്ണ് ഭൂരിഭാഗവും ഒലിച്ചുപോയി വളക്കൂറ് ഇല്ലാതാവുകയും ചെയ്തിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കർഷകർക്ക് എളുപ്പത്തിൽ വരുമാനം കൃഷിയിലൂടെ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സേവ് എ ഫാമിലി പ്ലാൻ കാനഡ, സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ എന്നിവയുടെ സഹായത്തോടെ ഔഷധ സസ്യങ്ങൾ വാണിജ്യ അടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് പദ്ധതി ആരംഭിച്ചത്. വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ, എടവക ഗ്രാമ പഞ്ചായത്തുകളിലിനിന്നും തെരഞ്ഞെടുക്കപെട്ട 500 കർഷകരെയാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഇതിനോടകം ബോയ്സ് ടൗണിൽ രണ്ടുലക്ഷത്തി അമ്പതിനായിരം ഔഷധ സസ്യങ്ങളുടെ തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നേഴ്സറിയുടെ പ്രവർത്തങ്ങൾ ആരംഭിച്ചു. പദ്ധതി പ്രവർത്തനങ്ങൾക്ക് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റെവ.ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റെവ. ഫാ. ജിനോജ് പാലത്തടത്തിൽ, ബോയ്സ് ടൗൺ ഡയറക്ടർ റെവ. ഫാ. ബാബു ചക്കിയത്ത് , പ്രോഗ്രാം ഓഫീസർ ജോസ്. പി. എ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ജെയിൻ അഗസ്റ്റിൻ എന്നിവർ നേതൃത്വം നൽകുന്നു.

**ജീവസ് ഇൻഷുറൻസ്**

ജീവസ് ഇൻഷുറൻസ് മെഡിക്കൽ പദ്ധതി രൂപതയുടെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതിയാണ്. രൂപതയിൽ 2030 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗത്വം എടുത്തിട്ടുണ്ട്. 2019 – 2020 നാളിതുവരെ 530 ക്ലെയിമുകൾ പാസ്സായി. ബാക്കിയുള്ളതിന്റെ നടപടികൾ പൂർത്തിയായി വരുന്നു. ഇതുവരെ 39,98,421 രൂപ ഇൻഷുറൻസ് പരിരക്ഷയായി ലഭിച്ചു. ജീവസ്സിൽ ചേർന്നിരിക്കുന്നവരുടെ സംശയനിവാരണത്തിന് ഓഫീസുമായി ബന്ധപെടുക. 2020 – 2021 വർഷത്തിലെ ജീവസ് ഇൻഷുറൻസ് പുതുക്കേണ്ട അവസാന തിയതി ഏപ്രിൽ 30 ആക്കി കിട്ടിയിട്ടുണ്ട്. (വിളിക്കണ്ട നമ്പർ 9400367560) എന്ന് സ്നേഹപൂർവം അറിയിച്ചുകൊള്ളുന്നു.

**സോഷ്യൽ വെൽഫെയർ സൊസൈറ്റി**

സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനത്തിൽ വഴിത്തിരിവ് കുറിച്ച് കൊണ്ട് നബാർഡ് ഇ–ശക്തി പ്രോജെക്റ്റ് നിലവിൽ വന്നു. വയനാട് സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കിഴിൽ 600 സ്വാശ്രയസംഘങ്ങൾ നബാർഡിൽ അംഗത്വം സ്വികരിച്ചു.സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ 18 സ്ഥലങ്ങളിലായി യൂണിറ്റ് തല യോഗങ്ങൾ നടത്തി. കൽപ്പറ്റ, മാനന്തവാടി, പുൽപള്ളി, എന്നീ മേഖലകളിൽ യൂണിറ്റ് അനിമേറ്റർമാർ യോഗങ്ങൾക്ക് നേതൃത്വം നൽകി. സ്വാശ്രയ സംഗങ്ങളെ ഡിജിറ്റലൈസ് ചെയുനതിന്റെ ഭാഗമായി അനിമേറ്റർമാർക്ക് നൽകുന്ന പരിശീലനം 03–03–2020–ന് WSSS–ൽ വച്ച് നടത്തി നായർ സർവീസ് സൊസൈറ്റി ഈ ശക്തി പ്രൊജക്റ്റ് സംസ്ഥാന കോഓർഡിനേറ്റർ ജയൻ സാർ പരിശീലനത്തിനു നേതൃത്വം നൽകി. സോഷ്യൽ വെൽഫെയർ സൊസൈറ്റികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 30 വനിതകൾക്കായി വിവിധതരം ബാഗുകൾ പൂക്കൾ ഫ്ലവർപോട്ട് എന്നിവ നിർമ്മിക്കുന്നതിനായി 03 ദിവസത്തെ പരിശീലനം നൽകി സി. ജെസ്ന എഫ് സി സി പരിശീലനത്തിന് നേതൃത്വം നൽകി.

**അന്തർ ദേശീയ വനിതാ ദിനാചരണം**

അന്തർ ദേശീയ വനിതാ ദിനാചരണം വിവിധ പരിപാടികളോടെ ആചരിച്ചു. ദിനാചരണം അഡ്വ. ഗ്ലാഡിസ് ചെറിയാൻ ഉദ്ഘാടനം ചെയ്തു . WSSS

ഡയറക്ടർ റെവ ഫാ പോൾ കൂട്ടാല അധ്യക്ഷത വഹിച്ച യോഗത്തിൽ അസോസിയേറ്റ് ഡയറക്ടർ ഫാ ജിനോജ് പാലത്തടത്തിൽ ഓരോ SWS ൽ നിന്നും 60 വയസ് പൂർത്തിയായ കർമ്മ നിരതരായ സാമൂഹ്യസേവന പ്രവർത്തകരെ ആദരിച്ചു. കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ഈ വർഷത്തെ വൈദ്യരത്നം അവാർഡിന് അർഹയായ ശ്രീമതി സിസിലി മോനിപ്പള്ളി കല്ലുവയലിന് ആശംസകളർപ്പിച്ചു. ആനിമേറ്റർമാർ നേതൃത്വം നൽകി.

### കേരള ലേബർ മൂവ്മെൻറ് (KLM )

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും ആയി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു. ക്ഷേമനിധി പദ്ധതികൾ കേരളാ ഗവർമെന്റിന്റെ വിവിധ തരത്തിലുള്ള ക്ഷേമനിധികളിൽ അംഗത്വമെടുത്തിട്ടുള്ള എല്ലാ അംഗങ്ങൾക്കും (വിവിധ ട്രേഡ് യൂണിയന്റെ കീഴിൽ ) 'കോവിഡ് 19'– ന്റെ പശ്ചാത്തലത്തിൽ 1000 /– രൂപ വീതം ധനസഹായം ക്ഷേമ നിധി ബോർഡ് നൽകി വരുന്നു. ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ,തൊഴിൽ മേഖലയിലെ സാമ്പത്തിക ബുദ്ധിമുട്ട് മനസിലാക്കിയാണ് ഇപ്രകാരം തീരുമാനം എടുത്തിരിക്കുന്നത്. തയ്യൽ തൊഴിലാളി, ചെറുകിടതോട്ടം തൊഴിലാളി, കർഷക തൊഴിലാളി ,കെട്ടിട നിർമ്മാണ തൊഴിലാളിഎന്നീ ക്ഷേമനിധികൾ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ചെയ്തു വരുന്നു. ഇതിൽ അംഗത്വമെടുത്തിരിക്കുന്നവരുടെ ധനസഹായത്തിനുള്ള അപേക്ഷകൾ 70 % പൂർത്തിയായി. ഇനിയും അപേക്ഷ നൽകാത്തവർ അനുബന്ധ രേഖകളുമായി (ബാങ്ക് അക്കൗണ്ട് no, ഐ എഫ് സി ,ബ്രാഞ്ച് ,ആധാർ നമ്പർ, ക്ഷേമനിധി അംഗത്വനമ്പർ, ഫോൺ നമ്പർ) WSSS ഓഫീസിൽ ബന്ധപെടുക.

### സേവ് എ ഫാമിലി പ്ലാൻ

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ. ഈ മാസം മാനന്തവാടി, കൽപ്പറ്റ, പുൽപ്പള്ളി റീജിയനുകളിൽപ്പെട്ട ചുള്ളിയാന, കണിയാരം, മംഗലശ്ശേരി, പുതുശ്ശേരി, സീതാമൗണ്ട്, സെന്ററുകളിലായി 30

കുടുംബങ്ങളിൽ ആനിമേറ്റേഴ്സ് സന്ദർശനം നടത്തി അവരുടെ പുരോഗതി വിലയിരുത്തുകയും 2020 – 2021 വർഷത്തേയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കുകയും വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു. ഈ മാസം പദ്ധതിയിൽ തങ്ങളുടെ കാലാവധി പൂർത്തിയാക്കിയ 25 കുടുംബങ്ങളുടെ പുരോഗമന റിപ്പോർട്ട് സമർപ്പിച്ചു. പുതിയതായി 6 കുടുംബങ്ങൾക്കായി അപേക്ഷ സമർപ്പിച്ചു. ആറാട്ടുതറ, എടയൂർകുന്ന്, കബനിഗിരി, മരകാവ്, പുതുശ്ശേരി, തവിഞ്ഞാൽ, തൃശ്ശിലേരി ഇടവകതിർത്തിയിലുള്ള 8 കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങളായി ചേർക്കപ്പെട്ടു. 173 കുടുംബങ്ങളുടെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പരിപാടികൾ സമർപ്പിച്ചു. അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**ഉപഭോക്താക്കൾക്ക് ഈ മാസം ലഭിച്ച ധനസഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

അടിസ്ഥാനസൗകര്യങ്ങൾക്കായി – 15500

ചെറുകിട സംരംഭകങ്ങൾക്കായി – 32000

മൃഗസംരക്ഷണത്തിനായി – 91000

വിദ്യാഭ്യാസത്തിനായി – 10000

ആകെ – 148500

**ഡയറക്ടർ**

**ഫാ പോൾ കൂട്ടാല**

# BIOWIN AGRO RESEARCH

## ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി

ജൈവ കർഷകർക്ക് മികച്ച വരുമാനവും പ്രത്യാശയുടെ പുതിയ നാളുകളും പ്രദാനം ചെയ്തുകൊണ്ട് ബയോവിൻ അഗ്രോ റിസർച്ചിന്റെ പ്രവർത്തനങ്ങൾ മാർച്ച് മാസത്തിലും മികവുറ്റ രീതിയിൽ തന്നെ നടന്നു.

### ജൈവ കാർഷിക സാക്ഷ്യപത്രം പുതുക്കുന്നതിനുള്ള ഓഡിറ്റ്

തമിഴ്നാട് നീലഗിരി ജില്ലയിലെ കർഷകരുടെ സാക്ഷ്യപത്രം പുതുക്കുന്നതിനായുള്ള പരിശോധന പൂർത്തീകരിച്ചു. 4 ICS കളിലായി 1084 കർഷകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 110 കൃഷിയിടങ്ങളാണ് ഓഡിറ്റർ പരിശോധനയ്ക്ക് വിദേയമാക്കിയത്. ഫെയർ സെർട്ട് സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും ശ്രീ. ആകാശ് ഗുപ്ത, ശ്രീ പ്രശാന്ത് റൗത്ത് എന്നിവരാണ് പരിശോധനയ്ക്കായി എത്തിയത്.

### കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ നടന്നു.

കർഷക ഗ്രൂപ്പുകൾ ശക്തിപ്പെടുത്തുന്നതിനും ജൈവ ഫെയർട്രേഡ് കാർഷിക അറിവുകൾ പങ്കുവയ്ക്കുന്നതിനുമായി 42 കർഷക ഗ്രൂപ്പ് മീറ്റിങ്ങുകളിൽ റീജിണൽ കോർഡിനേറ്റർമാർ പങ്കെടുക്കുകയും ഉത്പന്ന സംഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കർഷകരുമായി പങ്കുവയ്ക്കുകയും ചെയ്തു.

### പുതിയ അംഗത്വം

പദ്ധതിയിലേക്ക് പുതിയതായി 97 കർഷകർ അംഗങ്ങളാവുകയും റീജിണൽ കോർഡിനേറ്റർമാർ അവർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

### UTZ സർട്ടിഫിക്കേഷൻ പുതുക്കുന്നതിനുള്ള ഓഡിറ്റ്

കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുവാൻ സഹായിക്കുന്ന അനേകം സർട്ടിഫിക്കേഷനുകളിൽ ഒന്നായ UTZ സർട്ടിഫിക്കേഷന്റെ രണ്ടാം വട്ട പരിശോധന മാർച്ച് ആദ്യ വാരം നടന്നു. ഓഫിസും, ഫാക്ടറിയും കൃഷിയിടങ്ങളും പരിശോധനയ്ക്ക് വിധേയമാക്കി. ഇൻഡോസേർട്ട്

സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും ശ്രീ.റിന്റു യാക്കൂബ് ആണ് പരിശോധനയ്ക്കായ് എത്തിയത്. 2282 കർഷകരിൽ നിന്നും 48 കർഷകരുടെ കൃഷിയിടങ്ങൾ ഓഡിറ്റർ സന്ദർശിച്ചു.

## VFC ഗ്രാന്റ് അപേക്ഷ സ്വീകരിച്ചു

മികച്ച രീതിയിൽ പ്രവർത്തിക്കുന്ന വോഫെയിലെ ഗ്രൂപ്പുകൾക്കായി 5000 രൂപ ഗ്രാൻഡ് നല്കുന്നതിനായുള്ള പൊതുയോഗ തീരുമാനപ്രകാരം 185 അപേക്ഷകൾ സ്വീകരിച്ചു. 200 ഗ്രൂപ്പുകൾക്കാണ് ഗ്രാൻഡ് നൽകുക.

### ലൈം വിതരണം ചെയ്തു.

കഫേയിലെ പ്രീമിയം പ്രോജക്ട് ആയി പൊതുയോഗം തീരുമാനിച്ചിരുന്നത് ലൈം വിതരണം ചെയ്യുന്നതിനായിരുന്നു. തീരുമാനപ്രകാരം മാനന്തവാടി, മുട്ടിൽ, പനമരം പഞ്ചായത്തുകളിലെ 1596 കർഷകർക്ക് വിതരണം ചെയ്തു.

### സംഭരണം

ഫെയർട്രേഡ് ഓർഗാനിക് കാപ്പി കിലോയ്ക്ക് 80 രൂപ നിരക്കിൽ 893000 കിലോയും ഫെയർട്രേഡ് ഓർഗാനിക് ഇഞ്ചി കിലോ 50 രൂപ നിരക്കിൽ 755 കിലോ ഓർഗാനിക് ഏലം കിലോ 3500 രൂപ നിരക്കിൽ 364.5 കിലോയും സംഭരിച്ചു. ഫെയർട്രേഡ് കാപ്പി കിലോ 75 രൂപ നിരക്കിൽ 200890 കിലോ സംഭരിച്ചു. മാർച്ച് മാസം 24 മുതൽ ലോക്ക് ഡൗൺ പശ്ചാത്തലത്തിൽ വീടുകളിലിരുന്ന് ജോലി ചെയ്യുണാനുള്ള നടപടികൾ സ്വീകരിക്കുകയും സംഭരണം താത്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു.

### സംസ്കരണം വിപണനം

കർഷകരിൽ നിന്നും സംഭരിച്ച ഇഞ്ചി, ഏലം, കാപ്പി എന്നിവ മൂല്യവർദ്ധനവ് വരുത്തുകയും ആവശ്യാനുസരണം വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ചെയ്തു വരുന്നു.

**Adv. Fr. John Chorappuzhayil**
**Cmd, Biowin Agro Research**

Community RadioMattoli - 90.4 FM
An Initiative of Wayanad Social Service Society (REGD.No. 94/ 1974)
Dwaraka, Nalloornadu P.O., Mananthavady, Kerala, India - 670645
Phone: 04935-242008; Fax: 04935-240066; Mob: +91 9446034422, 9446030066
E-Mail: radiomattoli@gmail.com

കോവിഡ് 19 എന്ന മഹാമാരി ലോകത്ത് ആകെ വ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ പൊതു ജനങ്ങളെ ബോധവത്കരിക്കുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ തത്സമയം ജനങ്ങളിൽ എത്തിക്കുന്നതിനുമായി റേഡിയോമാറ്റൊലിയും ഭരണകൂടത്തോട് ചേർന്ന് നിന്ന് പ്രവർത്തിച്ചു. ജനുവരി 31 മുതൽ തന്നെ കോവിഡ് 19 ബോധവത്കരണ പരിപാടികൾ റേഡിയോ മാറ്റൊലിയിൽ ആരംഭിച്ചിരുന്നു. ഫെബ്രുവരിയിൽ 5 മണിക്കൂറും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ 7 മണിക്കൂറും കോവിഡ് 19 ബോധവത്കരണ പരിപാടികൾ പ്രക്ഷേപണം ചെയ്തു. സർക്കാർ നല്കിയ മാർഗ്ഗനിര്ദ്ദേശങ്ങൾ പാലിച്ചുകൊണ്ടും സാമൂഹിക അകലം പാലിച്ചുകൊണ്ടും ആയിരുന്നു പ്രവർത്തനങ്ങൾ. ആരോഗ്യബോധവത്കരണ മാർഗ്ഗനിർദ്ദേശ്ശങ്ങളും മറ്റ് പൊതുവായുള്ള പ്രവർത്തനങ്ങളും പരിപാടികളിൽ ഉൾപ്പെടുത്തി. പൊതു സേവന പരസ്യങ്ങളും പ്രൊമോകളും, പ്രത്യേക ബോധവത്കരണ പ്രോഗ്രാമുകളും തത്സമയ ഫോൺ ഇൻ പരിപാടികളും സംഘടിപ്പിച്ചു. വിവിധ തലത്തിലുള്ള വകുപ്പ് മേധാവികളുടെ സന്ദേശങ്ങളും പ്രക്ഷേപണം ചെയ്തു. അതോടൊപ്പം ആദിവാസി വിഭാഗങ്ങൾക്കിടയിലേക്ക് ബോധവത്കരണം എത്തിക്കുന്നതിനായി ഗോത്രഭാഷയിലും പ്രോഗ്രാമുകളും പ്രോമോകളും പ്രക്ഷേപണം ചെയ്തു.

**പ്രത്യേക തത്സമയ പ്രോഗ്രാമുകൾ**

ഏപ്രിൽ 13 ന് ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ കോവിഡ് 19 നുമായി ബന്ധപ്പെട്ട ശ്രോതാക്കളുടെ സംശയങ്ങൾക്ക് നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഡോ. ബി. അഭിലാഷ്, ഇൻഫർമേഷൻ സെൻറർ ഇൻ ചാർജ്ജ് ഡോ. സന്തോഷ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ഏപ്രിൽ 17 ന് വൈകിട്ട് 5 മണിമുതൽ 6 മണിവരെ ജില്ല പോലീസ് മേധാവി ആർ ഇളങ്കോ ഐ.പി.എസ് ലോക് ഡൗണുമായി ബന്ധപ്പെട്ട ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

ഏപ്രിൽ 18 ന് വൈകിട്ട് 5 മണിമുതൽ 6 മണിവരെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ശ്രോതാക്കളുടെ സംശയങ്ങൾക്ക് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ആർ രേണുക മറുപടി നല്കി.

**ഈ ടോക്സ് – കൊറോണയുടെ സഞ്ചാര വഴികൾ**

ആരോഗ്യകേരളം വയനാടിന്റെസഹകരണത്തോടെ റേഡിയോ മാറ്റൊലി അവതരിപ്പിക്കുന്ന പ്രത്യേക കൊറോണ രോഗ ബോധവത്കരണ പരിപാടിയാണ് ഈ ടോക്സ്. എല്ലാ ദിവസവും രാത്രി 8 മണിക്കും തുടർന്നുള്ള ദിവസം രാവിലെ 7.45 നും പരിപാടി പ്രക്ഷേപണം ചെയ്യുന്നു.

**വീട്ടിലിരിക്കാം പാട്ട് കേൾക്കാം**

മാർച്ച് 22 ന് ജനതാ കർഫ്യൂവിനോട് അനുബന്ധിച്ച് വീട്ടിലിരിക്കാം പാട്ടു കേൾക്കാം എന്ന പ്രത്യേക ചലചിത്രഗാന പരിപാടി പ്രക്ഷേപണം ചെയ്തു. ശ്രോതാക്കൾ വാട്സ് ആപ്പ് വഴി അയച്ച ഇഷ്ടഗാനങ്ങൾ ആണ് അന്ന് പ്രക്ഷേപണം ചെയ്തത്. കൂടാതെ വീട്ടിലിരിക്കാം പാട്ടുകേൾക്കാം എന്ന പേരിൽ തന്നെ ജില്ലയിലെ വിവിധ ഗായകരുടെ പാട്ടുകളും പ്രക്ഷേപണം ചെയ്യുന്നു.

**നല്ല നാളേക്കായ് കരുതാം നല്ല ഭക്ഷണം**

വനിതാശിശു വികസന വകുപ്പ് തയ്യാറാക്കി നല്കുന്ന കോവിഡ് കാലത്തെ പോഷണം നല്കുന്ന വിവിധ ഭക്ഷ്യവിഭവങ്ങൾ ശ്രോതാക്കൾക്കായ് പരിചയപ്പെടുത്തുന്ന പരിപാടിയാണ് നല്ല നാളേക്കായ് കരുതാം നല്ല ഭക്ഷണം.

**കോവിഡ് 19 ന്റെ ഭാഗമായി റേഡിയോ മാറ്റൊലിയിൽ കൂടി സന്ദേശങ്ങൾ നല്കിയവർ**

1. Mr. Pinarayi Vijayan Chief Minister of Kerala
2. Smt. KK Shailaja Teacher, Health minister

3. Mrs. Adeela Abdhulla IAS (District collector)
4. Mr. Elango IPS ( SP of district)
5. Mr. Patham Singh IPS ( ASP)
6. Mr. Abhul Karim IAS (MIB)
7. Mr. Jayachandran – Deputy secretary, Ministry of Commerce
8. Mr. Rasheed Muthukkandi (DSO)
9. Mr. Joseph PA (Janamythri Excise Dept)
10. Mr. OR Kelu MLA (Mananthavady)
11. Mr. Saseendran CK MLA ( Kalpetta)
12. Mr. I C Balakrishnan MLA (Bathery)
13. Mrs. KB Nazeema – District Panchayath President
14. Dr. R Renuka, DMO Wayanad
15. Dr. Noona Marja Deputy DMO
16. Dr. B. Abhilash – NHM coordinator
17. Dr. John Abraham – Associate professor- Veterinary University
18. Dr. Beena Johnson – Homeo Department
19. Dr. Nazeeba – Nalloornadu cancer centre
20. Mr. Suraj Venjaramood – Film star
21. Mrs.Karthika Anna Thomas – ICDS
22. Mr.Ashraf Kavil - District Probation Officer
23. DR. Neethu Chandran Medical Officer Peria

ഫാ. മനോജ് കാക്കോനാൽ
അസി. ഡയറക്ടർ

# സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ

നിങ്ങൾക്കും രക്ഷിക്കാം ഒരു ജീവൻ - BLS & ACLS ട്രെയിനിംഗ് ക്ലാസുകൾ അമേരിക്കൻ ഹാർട്ട് അസോസിയേഷനും, കാത്തോലിക്ക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യയും സംയുക്തമായി BLS & ACLS ട്രെയിനിംഗ് ക്ലാസുകൾ മാർച്ച് മാസം 10 മുതൽ 14 വരെയുള്ള തിയതികളിൽ മാനന്തവാടി സെൻറ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിൽ ക്രമീകരിച്ചു. നേഴ്സുമാരും ഡോക്ടർമാരും, ഈ അവസരം പ്രയോജനപ്പെടുത്തുകയും, സെർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുകയും ചെയ്തു.

**COVID 19**

**COVID 19 ദുരന്തവുമായി ബന്ധപ്പെട്ട് സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലിൽ നടന്ന പ്രവർത്തനങ്ങൾ:**

1. ബോധവൽക്കരണവും പരിശീലനവും.

a. ബോധവൽക്കരണം:

ചൈനയിൽ COVID 19 റിപ്പോർട്ട് ചെയ്യപ്പെടുകയും വുഹാനിൽ നിന്ന് ഏതാനും രോഗികൾ കേരളത്തിൽ എത്തുകയും ചെയ്ത ഉടനെ തന്നെ ഡോക്ടർമാരുടെയും വിദഗ്ധരായ നഴ്സുമാരുടെയും നേതൃത്വത്തിൽ COVID 19 നെ കുറിച്ചും അതുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസുകൾ നല്കി.

b. പരിശീലനം:

COVID 19 കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഉടനെ ഡോക്ടേഴ്സിനെയും മറ്റു ഡിപ്പാർട്ട്മെന്റുകളിലെ ഉത്തരവാദിത്വപ്പെട്ടവരെയും അടിയന്തിരമായി വിളിച്ച് ചേർത്ത് ദുരന്തനിവാരണത്തിനാവശ്യമായ കർമ്മപദ്ധതികൾ തയ്യാറാക്കി തുടർന്ന് ഓരോ ആഴ്ച്ചയിലും രോഗത്തിന്റെ വ്യാപനത്തിന് ആനുപാതികമായി പ്രതികരിക്കുന്നതിനായി മെഡിക്കൽ ടീംമിനെ സജ്ജമാക്കിയിരിക്കുന്നു. അവർക്ക് ആവശ്യമായ വിവിധ തരത്തിലുള്ള പരിശീലനങ്ങൾ (ക്ലാസുകൾ, wipinar സെമിനാറുകൾ) നടത്തിവരുന്നു.

c. നവമാധ്യമങ്ങളിലൂടെയുള്ള ദൈനംദിന ബോധവൽക്കരണം:

COVID 19 ജനകീയമായി നേരിടുന്നതിനും സർക്കാർ നടപടികൾ വിജയിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും ജനങ്ങളിലേക്ക്

എത്തിക്കുന്നതിനും ഉപയുക്തമായ ബോധവൽക്കരണങ്ങൾ വീഡിയോ സന്ദേശങ്ങളിലൂടെയും ചിത്രങ്ങളിലൂടെയും വ്യത്യസ്തമായ കുറിപ്പുകളിലൂടെയും നടത്തിവരുന്നു.

**2. ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ:**

a. മാസ്ക്കുകൾ നിർമ്മിച്ച് നല്കി:

വിവിധ സംഘടനകൾ, ദേവാലയങ്ങൾ, സന്യാസഭവനങ്ങൾ എന്നിവയുടെ സഹായ സഹകരണങ്ങളോടെ രോഗം പടരുന്നത് തടയുന്നതിന് ഉപയുക്തമായ ആയിരകണക്കിന് മാസ്ക്കുകൾ നിർമ്മിച്ച് ആരോഗ്യപ്രവർത്തകർ, പോലീസുകാർ, എന്നിവർക്കും നിർദ്ദനരായ രോഗികൾക്കും വിതരണം ചെയ്തു.

b. സാനിറ്റൈസർ നിർമ്മിച്ച് നല്കി:

സാനിറ്റൈസറിന് ക്ഷാമം നേരിട്ടപ്പോൾ ആശുപത്രിയുടെ RS1 ലൈസൻസ് ഉപയോഗിച്ച്, ദുരന്തനിവാരണ അഥോറിറ്റി ചെയർപേഴ്സണായ കലക്ടറുടെ അനുവാദത്തോടെ 20 ലിറ്റർ സ്പിരിറ്റ് ഉപയോഗിച്ച് സാനിറ്റൈസർ നിർമ്മിച്ച് ജില്ലാ നേതൃത്വത്തിന് കൈമാറി.

C. Personal Protection Equipment (PPE) നിർമ്മാണം:

ആരോഗ്യപ്രവർത്തകരുടെ വ്യക്തിസുരക്ഷയ്ക്ക് ആവശ്യമായ PPE യ്ക്ക് (വ്യക്തി സുരക്ഷാ ഉപകരണം) ദൗർലഭ്യം നേരിടുകയും എന്നാൽ ഈ പ്രതിസന്ധിഘട്ടത്തിലും വ്യക്തി സുരക്ഷാ ഉപകരണങ്ങൾ ഇല്ലാതതന്നെ ആരോഗ്യ പ്രവർത്തകർ രോഗികളെ പരിശോധിക്കേണ്ട വിഷമകരമായ സാഹചര്യത്തിൽ തുണി കൊണ്ടുള്ള PPE നിർമ്മാണത്തിന് നേതൃത്വം നല്കികൊണ്ടിരിക്കുന്നു. ഇതിനടകം തന്നെ 800 രൂപയോളം വില വരുന്ന 200 PPE കൾ നിർമ്മിച്ച് നല്കി. തുടർന്നും വിവിധ സംഘടനകളുടെയും വ്യക്തികളുടെയും സഹകരണത്തോടെ PPE കൾ നിർമ്മിക്കുന്നതിന് ആവശ്യമായ പരിശ്രമങ്ങൾ തുടർന്ന് കൊണ്ടിരിക്കുന്നു.

**3 . ആശുപത്രി വിട്ട് നല്കി:**

മാനന്തവാടി ജില്ലാ ആശുപത്രി കോവിഡ് സെന്റർ ആയി പ്രഖ്യാപിക്കപ്പെട്ടപ്പോൾ അവിടെ സ്ഥിരമായി ചികിൽസ നേടികൊണ്ടിരിക്കുന്ന രോഗികൾക്ക് ചികിൽസക്കായി ഒരിടം ഇല്ലാത്ത ദയനീയ അവസ്ഥ

സംജാതമായപ്പോൾ അവരുടെ സുഗമമായ ചികിൽസയ്ക്ക് സൗകര്യമൊരുക്കി. 75 ബെഡ്ഡുകൾ മാത്രമുള്ള ആശുപത്രിയുടെ 32 ബെഡ്ഡുകളും, OP, നഴ്സിംഗ് സ്റ്റേഷൻ, ഫാർമസി, മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർണ്ണമായും വിട്ടുനല്കുകയും ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ, സ്കാനിംഗ്, X-Ray, ലാബ്, ICU എന്നീ സംവിധാനങ്ങൾ ജില്ലാ ആശുപത്രിയുമായി പങ്കിട്ട് ഉപയോഗിക്കുകയും ചെയ്യുന്നു.

**ഡയറക്ടർ**

**ഫാ. മനോജ് കവലക്കാടൻ**

# Mary Matha Arts and Science College, Mananthavady

**March - April 2020**

College is closed from 10 March 2020 to 31 March 2020, after the outbreak of Covid 19. Regular classes are suspended from 10 March 2020. University examinations and practical Examinations conducted till 20 March 2020. National Lockdown was announced from 23 March 2020 to 14 April 2020.

Dr Maria Martin Joseph
Principal